നം.കെ.എസ്.എ.പി10/1143/2018 തീയ്യതി: 10.08.2018

# പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 21.06.2017 മുതൽ 13.07.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.07.2018 മുതൽ 27.07.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ റ്റി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ എം. മനോജ് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ജ്യോതിശ്രീ എം.എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ സജീവ് റാവുത്തർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ആരോഗ്യ | ശ്രീ പി. വി. ജയകുമാർ | 01.04.2017 മുതൽ |

| | | |
|---|---|---|
| വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | | 31.03.2018 വരെ |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി പ്രസന്ന പി.പി. | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ എസ്.എസ്. രാജേഷ് | 01.04.2017 മുതൽ 07.06.2017 വരെ |
| | ശ്രീ എ.രാജേശ്വരൻപിള്ള | 08.06.2017 മുതൽ 31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപ്പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം:

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18
5. പ്രോക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സിന്റെ പകർപ്പ് (ഓഡിറ്റ് തെളിവ്)
6. വിൻഡോ പരസ്യ നോട്ടീസിന്റെ പകർപ്പ് (ഓഡിറ്റ് തെളിവ്)
7. ടെണ്ടറിന്റെ പകർപ്പ് (ഓഡിറ്റ് തെളിവ്)

ഉള്ളടക്കം


| ക്രമനം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം 1: ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3. | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തനത് വരുമാനം | 1-7 |
| 8. | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12. | വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം - അവലോകനം | 1-12 |
| 13. | വാർഷിക കണക്കിലെ അപാകതകൾ | 1-13 |
| | ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14. | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - അവലോകനം | 2-1 |
| 15. | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 3.46 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു | 2-2 |
| 16. | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 2-3 |
| 17. | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല | 2-4 |
| 18. | ജീവനക്കാരുടെ തൊഴിൽനികുതി യഥാസമയം ഈടാക്കിയില്ല | 2-5 |
| 19. | പഞ്ചായത്ത് പരിധിക്കുള്ളിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല | 2-6 |
| 20. | പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ കരാറെടുത്തിട്ടുള്ള കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-7 |
| 21. | ആവശ്യമായ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാതെ ക്വാറികൾക്ക് ലൈസൻസ് നൽകി | 2-8 |
| 22. | കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി | 2-9 |
| 23. | ഒരേ തരത്തിലുള്ള സ്ഥാപന ഉടമകളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി | 2-10 |
| 24. | ഡി&ഒ ലൈസൻസ് - ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല | 2-11 |
| 25. | മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല. | 2-12 |
| 26. | ഷോപ്പിംഗ് കോംപ്ലക്സ് വാടക പിരിവ് - അപാകതകൾ | 2-13 |

| | | |
|---|---|---|
| 27. | ലേലം - അപാകതകൾ | 2-14 |
| 28. | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല; പഞ്ചായത്ത് ഫണ്ടിന് പ്രതിവർഷ നഷ്ടം ഉദ്ദേശം 1 കോടി രൂപ | 2-15 |
| 29. | വസ്തു നികുതി ഈടാക്കുന്നില്ല | 2-16 |
| 30. | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 2-17 |
| 31. | അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 2-18 |
| 32. | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-19 |
| 33. | റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | 2-20 |
| 34. | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് തിരികെ വാങ്ങിയിട്ടില്ല | 2-21 |
| | ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 35. | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും | 3-1 |
| 36. | ധനമാനേജ്മെന്റിൽ വീഴ്ച; പൊതു ആവശ്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച 99.85 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമായി | 3-2 |
| 37. | പ്രോക്യൂർമെന്റ് മാനവലിലെ വ്യവസ്ഥകൾ പാലിക്കാതെ 47.52 ലക്ഷം രൂപയുടെ വാങ്ങൽ നടത്തി | 3-3 |
| 38. | ടെണ്ടർ ക്ഷണിക്കാതെ അമിത വില നൽകി സാധനങ്ങൾ വാങ്ങിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് ഗണ്യമായ നഷ്ടം | 3-4 |
| 39. | LED തെരുവ് വിളക്ക് വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലും, രേഖകൾ സൂക്ഷിക്കുന്നതിലും ഗുരുതര വീഴ്ച | 3-5 |
| 40. | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് സാധന സാമഗ്രികൾ വാങ്ങിയതിൽ ഗുരുതര ക്രമക്കേട് | 3-6 |
| 41. | ജി.എസ്.റ്റി. രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിൽനിന്നും വാങ്ങൽ നടത്തി; സർക്കാർ ഖജനാവിന് 140030 രൂപയുടെ നഷ്ടം | 3-7 |
| 42. | തേൻ സംസ്കരണ യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ - 2.5 ലക്ഷം രൂപയുടെ പാഴ്ച്ചെലവ് | 3-8 |
| 43. | പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ ഫലക്ഷമത ഇല്ലാതാക്കുന്നു | 3-9 |
| 44. | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല | 3-10 |

| | | |
|---|---|---|
| 45. | മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല; റോഡിതര മെയിന്റനൻസ് ഗ്രാന്റ് സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല | 3-11 |
| 46. | കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയില്ല – റോഡുകളുടെ മുഴവൻ നിളവും പുനരുദ്ധരിക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നില്ല | 3-12 |
| 47. | അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി; 255738 രൂപയുടെ ചെലവ് അനധികൃതം | 3-13 |
| 48. | കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ തള്ളി പ്രവൃത്തി റീടെണ്ടർ ചെയ്തു; പഞ്ചായത്ത് ഫണ്ടിന് 45386 രൂപയുടെ നഷ്ടം | 3-14 |
| 49. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് 31 ലക്ഷം രൂപ | 3-15 |
| 50. | ഒ.ഡി.എഫ്. - തിരികെ ലഭിച്ച 11.34 ലക്ഷം രൂപ തനത് ഫണ്ടിൽ നിഷ്ക്രീയമായി കിടക്കുന്നു | 3-16 |
| 51. | കാർഷിക സഹായകേന്ദ്രം നാളിതുവരെ പ്രാവർത്തികമായില്ല; 75000 രൂപ സർക്കാർ ഫണ്ട് പാഴായി | 3-17 |
| 52. | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - ഫണ്ടിന്റെ അഭാവം മൂലം പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 3-18 |
| 53. | കാലിത്തീറ്റ സബ്സിഡി; തുക അധികം നൽകി | 3-19 |
| 54. | ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി | 3-20 |
| 55. | ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത 6000 രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു | 3-21 |
| 56. | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് പമ്പ് സെറ്റിന് ആനുകൂല്യം നൽകി | 3-22 |
| 57. | ടെണ്ടർ ക്ഷണിക്കാതെ മൈക്ക് സെറ്റ് പ്രവർത്തിപ്പിക്കുന്നതിന് കരാർ നൽകി തുക ചെലവഴിച്ചു; പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെ ലംഘനം | 3-23 |
| 58. | അനുമതിയില്ലാതെ മരങ്ങൾ മുറിച്ചുമാറ്റി | 3-24 |
| 59. | പഞ്ചായത്ത് ഓഫീസിന്റെ പൊളിച്ചുമാറ്റിയ മേൽക്കൂര ലേലം ചെയ്തില്ല | 3-25 |
| 60. | ഡ്രൈവർക്ക് ദിവസവേതനത്തിനു പകരം കരാർ വേതനം നൽകി | 3-26 |
| 61. | എഗ്രിമെന്റ് വയ്ക്കാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറി | 3-27 |
| 62. | ഹൈമാസ്റ്റ് ലൈറ്റ് - എ.എം.സി. പുതുക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകത | 3-28 |

| | | |
|---|---|---|
| 63. | പഞ്ചായത്ത് ലൈബ്രറിയ്ക്ക് അലമാരയും, പുസ്തകങ്ങളും വാങ്ങൽ - പദ്ധതി നിർവ്വഹണത്തിൽ വീഴ്ച | 3-29 |
| 64. | ഔദ്യോഗിക വാഹനം; മേൽനോട്ടമോ, നിയന്ത്രണമോ ഇല്ല | 3-30 |
| 65. | കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിൽ അലംഭാവം | 3-31 |
| 66. | സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനം കാര്യക്ഷമമല്ല; കണക്കുകൾ സൂക്ഷിക്കുന്നില്ല | 3-32 |
| 67. | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും | 3-33 |
| 68. | പാലിയേറ്റീവ് കെയർ - മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല | 3-34 |
| 69. | മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ ഭക്ഷണ വിതരണ പരിപാടി നടപ്പിലാക്കി | 3-35 |
| 70. | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും | 3-36 |
| 71. | മാതൃകാ അങ്കണവാടി നിർമ്മാണം - ഫണ്ട് ലഭ്യമായിട്ടും പദ്ധതി നടപ്പിലാക്കുന്നില്ല | 3-37 |
| 72. | ആശ്രയ പദ്ധതി സ്തംഭനാവസ്ഥയിൽ; 47.36 ലക്ഷം രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു | 3-38 |
| 73. | സാക്ഷരത; തനത് ഫണ്ടിൽനിന്നുള്ള 1.44 ലക്ഷം രൂപയുടെ ചെലവ് ക്രമീകരിച്ചില്ല | 3-39 |
| | ഭാഗം 4: പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 74. | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 75. | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 76. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 77. | വായ്പ തിരിച്ചടവിന്റെ വിവരം | 4-4 |
| 78. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 79. | ഓഡിറ്റ് റിക്കവറി | 4-6 |
| 80. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 81. | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 82. | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 83. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18-ലെ ബജറ്റ് പാസ്സാക്കിയ നം./തീയ്യതി | 27.03.2017-ലെ 1-ാം നമ്പർ തീരുമാനം |
| ബജറ്റ് പുതുക്കിയത് | 23.02.2018 1-ാം നമ്പർ തീരുമാനം |

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 2408849 | 23757505 | (+)21348656 |
| വരവ് | 192102000 | 79068748 | (-)113033252 |
| ആകെ | 194510849 | 102826253 | (-)91684596 |
| ചെലവ് | 192276000 | 89102490 | (-)103173510 |
| നീക്കിയിരിപ്പ് | 2234849 | 13723763 | (+)11488914 |

ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിലുള്ള ഗണ്യമായ വ്യതിയാനം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കേണ്ടത്. എന്നാൽ അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ തുക | വ്യത്യാസം (-/+) |
|---|---|---|---|
| വരവ് | | | |
| വസ്തു നികുതി | 7900000 | 6085509 | (-)1814491 |
| തൊഴിൽ നികുതി | 2500000 | 1776305 | (-)723695 |
| വാടക | 1030000 | 596756 | (-)433244 |
| ഡി.&ഒ. ലൈസൻസ് | 250000 | 107385 | (-)142615 |
| ചെലവ് | | | |
| ഭരണ ചെലവുകൾ | 755000 | 954213 | (+)199213 |
| പലിശയും അനുബന്ധ ചെലവുകളും | 5000 | 28030 | (+)23030 |
| സേവന മേഖല | 100725000 | 16272622 | (-)84452378 |

| | | | |
|---|---|---|---|
| പശ്ചാത്തല മേഖല | 12000000 | 7386139 | (-)4613861 |

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽനിന്നും വ്യക്തമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും, ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 16.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-18 | 25.06.2018-26.06.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 12.07.18-ലെ കെ.എസ്.എ.പി.റ്റി.എ.പി.10/729/ 2018, തീ.12.07.2018 നമ്പരായി വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേമെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 23757505 |
| വരവ് | 79068748 |
| ആകെ | 102826253 |
| ചെലവ് | 89102490 |
| നീക്കിബാക്കി | 13723763 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16030476 | 16030476 | 16030476 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6723312 | 6723312 | 6723312 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11778908 | 11778908 | 11778908 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3750555 | 3750555 | 3750555 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6142395 | 6142395 | 6142395 | 0 |
| ലോക ബാങ്ക് സഹായം | 0 | 3723722 | 3723722 | 3723722 | 0 |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ – തനത് ഫണ്ട് അക്കൗണ്ട് | 7834407 | 15299905 | 23134312 | 11349356 | 11784956 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ – ഇ-പേയ്മെന്റ് അക്കൗണ്ട് | 0 | 39452 | 39452 | 0 | 39452 |
| *സ്ഥിര നിക്ഷേപം - ഡി.സി.ബി.1 | 3000 | 270 | 3270 | 0 | 3270 |
| *സ്ഥിര നിക്ഷേപം - ഡി.സി.ബി.2 | 3305 | 512 | 3817 | 0 | 3817 |
| ട്രഷറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് - 5 | 15675748 | 12175000 | 27850748 | 26934960 | 915788 |
| എസ്.ബി.ഐ. - സാക്ഷരത | 4129 | 155 | 4284 | 0 | 4284 |
| കേരള ഗ്രാമീൺ ബാങ്ക് - ഡിസ്ട്രസ് റലീഫ് ഫണ്ട് | 18402 | 226931 | 245333 | 354 | 244979 |
| ഡിസ്ട്രിക്ട് കോ-ഓ.ബാങ്ക് - എസ്.എസ്.എ. | 1660 | 0 | 0 | 0 | 1565 |
| ട്രഷറി ടി.എസ്.ബി. (ജോയിന്റ് വെഞ്ചർ) | 0 | 1646000 | 1646000 | 1620400 | 25600 |
| എസ്.ബി.ഐ. (എം.എൻ.ആർ.ജി.എസ്.) | 1000 | 1184095 | 1185095 | 652459 | 532636 |
| ബി-ഫണ്ട് | 0 | 348720 | 348720 | 348720 | 0 |
| ക്യാഷ് ബാലൻസ് | 213082 | 0 | 0 | 0 | 167416 |

* എൻഡോവ്മെന്റ്

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 270 | 174 | 96 | 64% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 19 | 15 | 9046208 | 7225181 | 79.87 |
| കൃഷി ഓഫീസർ | 10 | 10 | 5073244 | 2206842 | 43.5 |
| വെറ്റിനറി സർജൻ | 7 | 6 | 5862500 | 3362000 | 57.35 |
| വി.ഇ.ഒ. (നെടുമൺകാവ് സർക്കൾ) | 5 | 2 | 4888000 | 3603000 | 73.71 |
| വി.ഇ.ഒ. (കലഞ്ഞൂർ സർക്കൾ) | 5 | 4 | 4097740 | 1585250 | 38.69 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 191 | 109 | 59829212 | 23255245 | 38.87 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 5374350 | 4633465 | 86.21 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 1590000 | 1562500 | 98.27 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 400000 | 400000 | 100 |
| ഹെഡ് മാസ്റ്റർ | 7 | 5 | 2513656 | 1566556 | 62.32 |
| ഡയറി എക്സ്റ്റൻഷൻ | 2 | 2 | 950000 | 700000 | 73.68 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 11 | 9 | 4422000 | 2845002 | 64.34 |

പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ

ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് കൂടിയിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ മതിയായ എണ്ണം ഹാജർ ഉണ്ടായിരുന്നില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളുടെ വിവരങ്ങളോ, കൈക്കൊണ്ട തീരുമാനങ്ങളോ മിക്ക മിനിട്സിലും ഉണ്ടായിരുന്നില്ലെന്നത് പദ്ധതി ആസൂത്രണ നടപടിക്രമങ്ങളെ ലാഘവ ബുദ്ധിയോടെയാണ് വർക്കിംഗ് ഗ്രൂപ്പുകൾ സമീപിച്ചതെന്നതിന് തെളിവാണ്. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല. പ്രോജക്ടുകളുടെ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ടോയെന്ന് മോണിട്ടർ ചെയ്യാത്തത് പദ്ധതിപ്പണത്തിന്റെ പാഴ്ച്ചെലവിൽ കലാശിച്ചിട്ടുണ്ട് (ഉദാ: തേൻ സംസ്കരണ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങൽ)

2. പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിച്ചിട്ടില്ല. പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തി സഹമായി നിശ്ചയിക്കുക എന്നീ കാര്യങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുണ്ടായ വീഴ്ച കാരണം പല പ്രോജക്ടുകളും സാമ്പത്തിക വർഷാന്ത്യത്തിൽ ഭേദഗതി ചെയ്യേണ്ടി വന്നിട്ടുണ്ട്.

3. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

4. ഗ്രാമപ്പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പശ്ചാത്തല മേഖലയിൽ താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.

5. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ വിഭജിച്ച് ചെറിയ നീളം കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.

6. വാർഷിക പദ്ധതിയിൽ എല്ലാ മേഖലകൾക്കും അർഹമായ പരിഗണന ലഭിക്കുന്നില്ല. ആരോഗ്യം, വിദ്യാഭ്യാസം എന്നീ അടിസ്ഥാന മേഖലകൾക്ക് യഥാക്രമം പദ്ധതി അടങ്കലിന്റെ 1.76%-ഉം 2.41%-ഉം മാത്രമാണ് വകയിരുത്തിയത്.

7. ഓഡിറ്റ് വർഷം ലഭിച്ച പട്ടികജാതി, പട്ടിക വർഗ്ഗ വികസന ഫണ്ട് യഥാക്രമം 58.28%, 0% ഉം, റോഡിതര മെയിന്റനൻസ് ഫണ്ട് 41 ശതമാനവും, റോഡ് മെയിന്റനൻസ് ഫണ്ട് 45.06 ശതമാനവും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

8. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ ആസ്തികളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിക്കുന്ന റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി ചെലവഴിക്കാതെ വലിയ തോതിൽ പാഴാക്കുന്നു.

9. അങ്കണവാടികളിൽനിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

10. ഗ്രാമപ്പഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത ഗ്രാമപ്പഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

11. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ - പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, വനിതാ ഘടക പദ്ധതി - അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല (ഉദാ: വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ മിക്ക പ്രോജക്ടുകളും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല).

12. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികൾ മിക്കവയും പ്രവർത്തന രഹിതമാണ്. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശമാണ് കലഞ്ഞൂർ. സാങ്കേതിക സഹായം നൽകുന്നതിൽ വന്ന വീഴ്ചയും, കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം ക്രമപ്രകാരം ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏൽപ്പിച്ച് നൽകുന്നതിൽ ഗ്രാമപ്പഞ്ചായത്ത് വരുത്തിയ വീഴ്ചയും കാരണമാണ് പദ്ധതികൾ നിർജ്ജീവമായത്. നിർജ്ജീവമായ കുടിവെള്ള പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.
13. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ഗ്രൗണ്ട് വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികളിലായി 1.02 കോടി രൂപ മുടങ്ങി കിടക്കുന്നു.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6739973 | 7884323 | (+)1144350 | (+)16.98 |
| നികുതിയേതര വരവുകൾ | 1202172 | 913678 | (-)288494 | (-)24 |
| മറ്റ് വരവുകൾ | 193554 | 262975 | (+)69421 | (+)35.87 |

## 1-8 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

| ക്രമ നം. | പദ്ധതി | 2017-18-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 8 | 8 | - |
| 2 | തൊഴിൽ രഹിത വേതനം | 3 | 0 | 0 |
| 3 | വിധവാ പെൻഷൻ | 79 | 75 | 4 |
| 4 | വികലാംഗ പെൻഷൻ | 15 | 15 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 0 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 366 | 347 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.07.2018, 2 PM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 16479 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പൊതുനിയന്ത്രണം: ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. പൊതു ആഭ്യന്തര നിയന്ത്രണം തൃപ്തികരമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതി സ്വീകരിച്ചിട്ടുണ്ട്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ നടപടികളുമായി പഞ്ചായത്ത്

മുന്നോട്ട് പോകുകയാണ്. രേഖകളും, രജിസ്റ്ററുകളും കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുവേണ്ടി റിക്കോർഡ് റൂം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലിവിഭജനം നടത്തിയിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ജീവനക്കാരിൽതന്നെ നിക്ഷിപ്തമാവാതെ ചുമതലകൾ വേർതിരിച്ച് സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളും, പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ടു നീങ്ങുന്നു.

വരവ് ചെലവുകളിന്മേലുള്ള ബജറ്ററി കൺട്രോൾ തൃപ്തികരമല്ല. വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. സ്റ്റോക്ക് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, UA രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ, സ്യൂട്ട് രജിസ്റ്റർ, ലേല രജിസ്റ്റർ മുതലായ സുപ്രധാന രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

പേഴ്സണൽ രജിസ്റ്റർ: പേഴ്സണൽ രജിസ്റ്ററുകൾ എല്ലാ സെക്ഷനുകളിലും സൂക്ഷിക്കുന്നില്ല. സൂക്ഷിക്കുന്ന സംഗതികളിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. പേഴ്സണൽ രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

അക്കൗണ്ടിംഗ് സംവിധാനം: സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവെ തൃപ്തികരമാണ്.

സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ്: 11.10.17 മുതൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സകർമ്മ നടത്തിപ്പ് സുഗമമാക്കുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. കമ്മിറ്റി യോഗം ചേർന്ന് 48 മണിക്കൂറിനുള്ളിൽ മിനിട്സ് ക്ലോസ് ചെയ്ത് ബന്ധപ്പെട്ടവർക്ക് തീരുമാനത്തിന്റെ പകർപ്പ് നൽകണമെന്ന ചട്ടത്തിലെ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മിനിട്ട്സ് ക്ലോസ്സ് ചെയ്യപ്പെടുന്നില്ല. ഓഡിറ്റ് വേളയിൽ രണ്ട് യോഗങ്ങളുടെ മിനിട്ട്സ് സമയപരിധി കഴിഞ്ഞ് ക്ലോസ്സ് ചെയ്യാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

പ്രോക്യൂർമെന്റ്: പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം കമ്മിറ്റി പുനസംഘടിപ്പിച്ചിട്ടുള്ളതായി കണ്ടില്ല. ഓഡിറ്റ് വർഷം പഞ്ചായത്ത് നടത്തിയിട്ടുള്ള വാങ്ങലുകൾ ഒന്നും തന്നെ പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചല്ല നടത്തിയിട്ടുള്ളത്. ടെണ്ടറുകൾ അംഗീകരിക്കുന്നതിലും, വാങ്ങുന്ന സാധനങ്ങളുടെ ന്യായവിലയും, ഗുണനിലവാരവും ഉറപ്പുവരുത്തുന്ന കാര്യത്തിലും പ്രോക്യൂർമെന്റ് കമ്മിറ്റി യാതൊരു പങ്കും വഹിച്ചിട്ടുള്ളതായി കാണുന്നില്ല.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 11.07.18 | 2018, ജൂൺ | 19.07.18 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.03.15 | 2009-10 മുതൽ 2013-14 വരെ | 17.06.15 |

## 1-12 വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം - അവലോകനം

ഗ്രമപ്പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. പഞ്ചായത്തിൽ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചേർന്നിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | മേഖല | ആകെ അംഗങ്ങളുടെ എണ്ണം | കൂടിയ തീയതി/ ക്വാറം | റിമാർക്സ് |
|---|---|---|---|---|
| ധനകാര്യം | കണക്കുകളും, രേഖകളും തയ്യാറാക്കൽ | 23 | 15.02.17 (5) 24.04.17 (2), | പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട യോഗങ്ങൾ ക്വാറം ഇല്ലാതെയാണ് കൂടിയിട്ടുള്ളത്. പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥൻ പങ്കെടുത്തിട്ടില്ല |
| വികസനം | 1. കൃഷിയും അനുബന്ധ മേഖലയും | 23 | 15.02.17 (14) 24.04.17 (7) | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| | 2. മൃഗസംരക്ഷണംവും, ക്ഷീര വികസനവും | 23 | തീയതി ഇല്ല(5) 22.03.17 (9) 24.04.17 (7) | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥൻ പങ്കെടുത്തിട്ടില്ല |
| | 3. ചെറുകിട വ്യവസായം | 22 | 15.02.17 (4) 25.03.17 (17) | വിവിധ തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഒരു പ്രോജക്ടുപോലും നടപ്പിലാക്കിയിട്ടില്ല.നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.സെക്രട്ടറി പങ്കെടുത്തിട്ടില്ല. |
| പൊതു മരാമത്ത് | | 23 | 15.02.17 (11) 24.04.17 (4) | വർക്കിംഗ് ഗ്രൂപ്പിൽ മതിയായ ക്വാറം ഇല്ലാതെയാണ് കൂടിയിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥ പങ്കെടുത്തിട്ടില്ല. |
| ക്ഷേമകാര്യം | 1. ദാരിദ്ര്യ ലഘൂകരണം | 21 | 15.02.17 (5) 24.03.17 (9) | 24.04.17-ൽ കൂടിയ യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പങ്കെടുത്തിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | 24.04.17 (9) | |
| | 2. സാമൂഹ്യക്ഷേമം | 21 | 15.02.17 (6)<br>25.03.17 (5) | 15.02.17-ൽ കൂടിയ യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ പങ്കെടുത്തിട്ടില്ല. പ്രോജക്റ്റ് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. |
| | 3. പട്ടികജാതി പട്ടിക വർഗ്ഗ വികസനം | 22 | 15.02.17 (7)<br>23.03.17 (5)<br>24.04.17 (4) | പ്രോജക്റ്റ് നിർദ്ദേശങ്ങൾ മാത്രം. പൊതു ശ്മശാനം നിർമ്മിക്കണമെന്ന് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും നിർദ്ദേശം ഉയർന്നിട്ടുണ്ട്. എന്നാൽ വർഷങ്ങളായി പ്രോജക്റ്റിന് തുക വകയിരുത്തുന്നുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ കമ്മിറ്റികളിൽ പങ്കെടുത്തിട്ടില്ല. |
| | 5. സ്ത്രീകളുടേയും കുട്ടികളുടെയും വികസനം | 23 | 15.02.17 (12)<br>21.03.17 (7)<br>24.04.17 (5) | പദ്ധതി നിർദ്ദേശങ്ങൾ മാത്രം. നിർദ്ദേശങ്ങൾ പദ്ധതികളായി പരിണമിച്ചിട്ടില്ല. 24.04.17-ൽ നിർവ്വഹണ ഉദ്യോഗസ്ഥ പങ്കെടുത്തിട്ടില്ല. |
| ആരോഗ്യവും, വിദ്യാഭ്യാസവും | 1. ആരോഗ്യം | 23 | 24.04.17 (10) | പ്രോജക്റ്റ് നിർദ്ദേശങ്ങൾ മാത്രം. നിർവ്വഹണ ഉദ്യോഗസ്ഥ പങ്കെടുത്തിട്ടില്ല. പകരം പി.എച്ച്.സി-യെ പ്രതിനിധീകരിച്ച് ഓഫീസ് അറ്റൻഡന്റാണ് പങ്കെടുത്തിട്ടുള്ളത്. |
| | 2. കുടിവെള്ളം, ശുചിത്വം | 23 | 15.02.17 (12)<br>21.03.17 (13)<br>24.04.17 (11) | പ്രോജക്റ്റ് നിർദ്ദേശങ്ങൾ മാത്രം. |
| | 3. വിദ്യാഭ്യാസം, സാംസ്കാരികം | 23 | 15.02.17 (9)<br>25.03.17 (7)<br>24.04.17 (8) | പ്രോജക്റ്റ് നിർദ്ദേശങ്ങൾ മാത്രം. നിർവ്വഹണ ഉദ്യോഗസ്ഥൻ 15.02.17-ലെ യോഗത്തിൽമാത്രമാണ് പങ്കെടുത്തിട്ടുള്ളത്. മറ്റ് തീയതികളിലെ മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. |

| | | | | |
|---|---|---|---|---|
| വൈദ്യുതി, ഊർജ്ജം | രൂപീകരിച്ചിട്ടില്ല | | | |
| പാർപ്പിടം | രൂപീകരിച്ചിട്ടില്ല | | | |

വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേരുകയോ, പദ്ധതി രൂപീകരണത്തിലോ, നിർവ്വഹണത്തിലോ സജീവമായ പങ്കാളിത്തം വഹിക്കുകയോ ചെയ്തിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പ്രോജക്ടുകളായി പരിണമിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ കൺവീനറുടെ ഹാജർ നിർബന്ധമാണ്. എന്നാൽ യോഗങ്ങളിൽ മിക്കവയിലും കൺവീനറായ നിർവ്വഹണ ഉദ്യോഗസ്ഥർ പങ്കെടുക്കുന്നില്ല. പദ്ധതികളുടെ മോണിട്ടറിംഗും വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വാർഷിക കണക്കിലെ അപാകതകൾ

1. തൻ വർഷം ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും മാത്രം 3102867 രൂപയുടെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. എന്നാൽ തൻ വർഷം റോഡ് കോൺക്രീറ്റിംഗ് ആസ്തിയിലുണ്ടായ മൂല്യ വർദ്ധനവ് 448077 മാത്രമാണ്. ആസ്തികൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ചെലവുകൾ റവന്യൂ എക്സ്പെൻഡിച്ചർ ആയി കാണിച്ചതിനാലാണ് ഈ അപാകത ഉണ്ടായത്.
2. തൻ വർഷം 229576 രൂപയുടെ പാർട്ട് പേയ്മെന്റുകൾ നൽകിയിട്ടുണ്ട്. എന്നാൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് (ബി11എ) ഇനത്തിൽ ടി തുക കാണിച്ചിട്ടില്ല.
3. വസ്തു നികുതി ഇനത്തിൽ സാംഖ്യ,സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല
4. ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും റിക്കവറി നടത്തിയതും സർക്കാരിൽ നിന്നും തിരികെ ലഭിക്കാനുള്ളതുമായ 9984985 രൂപ ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് പകരം prior period expense ആയി കാണിച്ചിരിക്കുന്നു.
5. RP-40(a) – DCB1, DCB2 എന്നിവ പ്രകാരമുള്ള സ്ഥിരനിക്ഷേപങ്ങളുടെ മുന്നിരിപ്പ് കാണിച്ചിരിക്കുന്നത് കൃത്യമല്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - അവലോകനം

നികുതി നികുതിയേതര വരവ് ഇനങ്ങളുടെ ഡിമാന്റിന്റേയും പിരിവിന്റെയും കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുക, പുതിയ റവന്യൂ വരവുകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുക, നികുതി പിരിവ് കാര്യക്ഷമമാക്കുക രേഖകളുടെയും, രജിസ്റ്ററുകളുടെയും കൃത്യമായ സൂക്ഷിപ്പ് ഉറപ്പുവരുത്തുക, പ്രതിമാസ വരവ് ചെലവ് അക്കൗണ്ടുകൾ പരിശോധിച്ച് അംഗീകരിക്കുക എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നു. ഓഡിറ്റ് വർഷം 17 തവണ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിൽ ഫലപ്രദമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. മുൻവർഷം കേവലം 50 ശതമാനം മാത്രമായിരുന്ന നികുതി പിരിവ് തൻ വർഷം 91.44 ശതമാനത്തിലേക്ക് ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും തൊഴിൽനികുതി, ലൈസൻസ് ഫീസ് പിരിവ് എന്നിവയിൽ ശ്രദ്ധേയമായ പുരോഗതി നേടുന്നതിന് കഴിഞ്ഞിട്ടില്ല. പുതിയ റവന്യൂ വരവുകൾ കണ്ടെത്തി പഞ്ചായത്തിന്റെ റവന്യൂ വരവ് വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികളൊന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. പ്ലാസ്റ്റിക് പരിപാലന ചട്ടം നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ചട്ടത്തിൽ പറയുന്ന പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസ് പഞ്ചായത്തുകൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്ന ഗണ്യമായ ഫീസ് പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കെട്ടിടങ്ങളുടെ പെർമിറ്റ് അനുവദിച്ചതിന്റെയും നികുതി നിർണ്ണയം നടത്തിയതിന്റെയും കൃത്യത പരിശോധിച്ച് വരുമാന ചോർച്ച നടക്കുന്നില്ലെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കുന്നില്ല. കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള നിരവധി കെട്ടിടങ്ങൾ നിയമാനുസൃതമല്ലാതെ വസ്തു നികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതായി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പഞ്ചായത്ത് ഫണ്ടിന്റെ മാനേജ്മെന്റ് കാര്യക്ഷമമായി നിർവ്വഹിച്ചിട്ടില്ല. ഫണ്ട് മാനേജ്മെന്റിലെ സൂക്ഷ്മതയില്ലായ്മ

മൂലം 99.85 ലക്ഷം രൂപ ജനറൽ പർപ്പസ് ഫണ്ട് സർക്കാർ തിരിച്ച് എടുത്തു.

രജിസ്റ്ററുകളുടെയും രേഖകളുടെ കൃത്യമായ സൂക്ഷിപ്പ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല. പ്രത്യേകിച്ച് തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ, ഓഫീസ് ഫർണിച്ചർ, സ്റ്റേഷനറി തുടങ്ങിയവയുടെ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണത്തിലുണ്ടായ പാളിച്ചമൂലം നികുതി, നികുതിയേതര വരവുകളുടെ പിരിവിലുണ്ടായിട്ടുള്ള വീഴ്ചകളും, മറ്റ് പൊതുവായ അപാകതകളും തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 3.46 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇതനുസരിച്ച് 500 രൂപ നിരക്കിൽ ടവറുകളുടെ വസ്തുനികുതി 2013 വർഷം പുനർനിർണ്ണയിച്ചിട്ടുണ്ടെങ്കിലും എല്ലാ ടവർ ഉടമകളിൽ നിന്നും നാളിതുവരെ നികുതി ഈടാക്കിയിട്ടില്ല. വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെയും അവയിൽനിന്ന് ഈടാക്കുവാനുള്ള നികുതി കുടിശ്ശികയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മൊബൈൽടവറുകളുടെ പേരും, അഡ്രസും | വാർഡ് നം./കെട്ടിട നം | പ്ലിന്ത് ഏരിയ ($m^2$) | നികുതി തുക | 01.04.13 മുതലുള്ള കുടിശ്ശിക (പിഴ പലിശ ഉൾപ്പടെ) |
|---|---|---|---|---|---|
| 1 | മാനേജർ, വൊഡാഫോൺ, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, 8 -ാം നില, വാങ്കരത്ത് ടവർ,എൻ.എച്ച് ബൈപാസ് റോഡ്, പാലാരിവട്ടം,കൊച്ചി. | 5/22 | 24$m^2$ | 13200 | 69300 |
| 2 | മാനേജർ, ബി.എസ്.എൻ.എൽ, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, 8 -ാം നില, വാങ്കരത്ത് ടവർ,എൻ.എച്ച് ബൈപാസ് റോഡ്, പാലാരിവട്ടം,കൊച്ചി. | 5/21 | 22$m^2$ | 12100 | 63524 |
| 3 | മാനേജർ, ഐഡിയ, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, 8 -ാം നില, വാങ്കരത്ത് ടവർ,എൻ.എച്ച് | 7/279 | 19$m^2$ | 8550 | 44890 |

| | | | | | |
|---|---|---|---|---|---|
| | ബൈപാസ് റോഡ്, പാലാരിവട്ടം,കൊച്ചി. | | | | |
| 4 | മാനേജർ, റിലയൻസ് കമ്മ്യൂണിക്കേഷൻസ്, എ.എൽ.പി ആർക്കേഡ്, രണ്ടാം നില, എസ്.എ റോഡ്, കടവന്ത്ര, കൊച്ചി. | 9/585 | $20m^2$ | 11000 | 57750 |
| 5 | മാനേജർ, റിലയൻസ് കമ്മ്യൂണിക്കേഷൻസ്, എ.എൽ.പി ആർക്കേഡ്, രണ്ടാം നില, എസ്.എ റോഡ്, കടവന്ത്ര, കൊച്ചി. | 9/586 | $10m^2$ | 5000 | 26250 |
| 6 | മാനേജർ, റിലയൻസ് കമ്മ്യൂണിക്കേഷൻസ്, എ.എൽ.പി ആർക്കേഡ്, രണ്ടാം നില, എസ്.എ റോഡ്, കടവന്ത്ര, കൊച്ചി. | 9/587 | $10m^2$ | 4500 | 23625 |
| 7 | മാനേജർ, റിലയൻസ് കമ്മ്യൂണിക്കേഷൻസ്, എ.എൽ.പി ആർക്കേഡ്, രണ്ടാം നില, എസ്.എ റോഡ്, കടവന്ത്ര, കൊച്ചി. | 9/588 | $12m^2$ | 6600 | 34650 |
| | ആകെ | | | | 346239 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി 24-01-2018-ൽ റവന്യൂ റിക്കവറി ഡിമാൻറ് നോട്ടീസും, 23-03-2018-ൽ ജപ്തി വാറണ്ടും നൽകിയിട്ടുണ്ട്. കുടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുക്കുന്നതിനായി പ്രോസിക്ക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2017-18 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം, താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എസ്.എസ്.ഹോളോബ്രിക്സ്, കലഞ്ഞൂർ |
| 2 | ത്രിവേണി സ്റ്റോഴ്സ്, കലഞ്ഞൂർ |

| | |
|---|---|
| 3 | പാണ്ടിയഴികത്ത് ബാങ്കേഴ്സ്, കലഞ്ഞൂർ |
| 4 | മറീന ക്യാഷ്യു എക്സ്പോർട്സ്, മാങ്കോട് |
| 5 | കൈരളി ഫ്യൂവൽസ്, കൂടൽ |
| 6 | യൂണിയൻ ബാങ്കേഴ്സ്, കൂടൽ |
| 7 | ആയുഷ് ഹെൽത്ത് കെയർ, കൂടൽ |
| 8 | സെഞ്ചുറി ഇൻഡക്സ്ട്രീസ്, കൂടൽ |
| 9 | ഖാൻ ബാവാ ഹോളോബ്രിക്സ്, കലഞ്ഞൂർ |
| 10 | വിജയാ ബാങ്കേഴ്സ്, കലഞ്ഞൂർ |
| 11 | ഗ്രൗണ്ട് ബാങ്കേഴ്സ്, കലഞ്ഞൂർ |
| 12 | അക്ഷയ ബാങ്കേഴ്സ്, കലഞ്ഞൂർ |
| 13 | ഗായത്രി ബാങ്കേഴ്സ്, കലഞ്ഞൂർ |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത് കാരണം ഗ്രാമപ്പഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്. കുടിശ്ശികത്തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | തൊഴിൽനികുതി ഈടാക്കാത്ത അർദ്ധവർഷങ്ങൾ |
|---|---|---|
| 1 | സ്കൈ ഗ്രീൻ പ്ലാന്റേഷൻ | II |
| 2 | കൈരളി ഫ്യൂവൽസ്, കൂടൽ | I, II |
| 3 | മാവനാൽ ഫ്യൂവൽസ്, കലഞ്ഞൂർ | II |
| 4 | ഗായത്രി ബാങ്കേഴ്സ്, കലഞ്ഞൂർ | II |
| 5 | അടൂർ താലൂക്ക് എംപ്ലോയീസ് സൊസൈറ്റി, കലഞ്ഞൂർ | II |
| 6 | കാഞ്ഞിരക്കാട്ട് ബാങ്കേഴ്സ്, കലഞ്ഞൂർ | II |
| 7 | യൂണിയൻ ബാങ്കേഴ്സ്, കൂടൽ | II |
| 8 | കൈരളി ഫ്യൂവൽസ്, കൂടൽ | I, II |
| 9 | അക്ഷയ ബാങ്കേഴ്സ്, കലഞ്ഞൂർ | II |
| 10 | ഗ്രൗണ്ട് ബാങ്കേഴ്സ്, കലഞ്ഞൂർ | I, II |
| 11 | ചെറി ചിട്ടി ഫണ്ട്, കൂടൽ | II |
| 12 | നീതി മെഡിക്കൽ സ്റ്റോർ, കലഞ്ഞൂർ | I, II |
| 13 | അശ്വതി ഗ്രാനൈറ്റ്സ്, പാക്കണ്ടം | I, II |
| 14 | സെഞ്ചുറി ഇൻഡക്സ്ട്രീസ്, | I, II |

| | | |
|---|---|---|
| | കൂടൽ | |
| 15 | മണിമറ്റം ഫൈനാൻസിയേഴ്സ് | I, II |
| 16 | സന്തോഷ് ബാങ്കേഴ്സ്, കലഞ്ഞൂർ | I, II |
| 17 | വിജയാ ബാങ്കേഴ്സ്, കലഞ്ഞൂർ | II |
| 18 | മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ്, കൂടൽ | I, II |
| 19 | പ്രണവം ബാങ്കേഴ്സ്, കലഞ്ഞൂർ | II |
| 20 | തൃവേണി സ്റ്റോഴ്സ്, കലഞ്ഞൂർ | I, II |
| 21 | സർവീസ് കോ ഓപ്പറേറ്റിവ് ബാങ്ക്, കലഞ്ഞൂർ | II |
| 22 | കേരള ഗ്രാമീൺ ബാങ്ക്, കലഞ്ഞൂർ | II |
| 23 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, കൂടൽ | II |

ടി സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 ജീവനക്കാരുടെ തൊഴിൽനികുതി യഥാസമയം ഈടാക്കിയില്ല

2017-18 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം, താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കേണ്ട അർദ്ധവർഷം | അടക്കേണ്ട നികുതി |
|---|---|---|---|
| 1 | ജി.എച്ച്.എസ്.എസ്, കലഞ്ഞൂർ<br>സുലോചന. എസ്, പി.ഡി. ടീച്ചർ, | II | 1250 |
| 2 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, കൂടൽ<br>ലൈജു,എൽ, അസിസ്റ്റന്റ് സെയിൽസ് മാൻ | II | 1250 |
| 3 | പോസ്റ്റ് ഓഫീസ്, മുറിഞ്ഞകൽ<br>വാസുദേവൻ നായർ, ഇ.ഡി.ഡി.ഒ. | II | 600 |

ടി ജീവനക്കാരുടെ തൊഴിൽനികുതി കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 2-6 പഞ്ചായത്ത് പരിധിക്കുള്ളിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

പഞ്ചായത്ത് പരിധിക്കുള്ളിൽ സേവനമനുഷ്ഠിക്കുന്ന താഴെപ്പറയുന്ന ഡോക്ടർമാർ 2017-18 വർഷം തൊഴിൽനികുതി ഒടുക്കിയിട്ടില്ല.

1. ഡോക്ടർ കെ.പി രാമചന്ദ്രൻ നായർ, ശ്രീ സായി പോളിക്ലിനിക്ക്, പാടം.

2. ഡോക്ടർ ദീപു ദിവാകരൻ, ഹോമിയോ ക്ലിനിക്ക്, കൂടൽ.

3. ഡോക്ടർ പി രാമസ്വാമി, ഉപാസനാ ഹോസ്പിറ്റൽ, കൂടൽ.

4. ഡോക്ടർ ലൈലാ ബീവി, ഔഷധി ഏജൻസി, കലഞ്ഞൂർ.

5. ഡോക്ടർ കെ പി വിശ്വനാഥൻ, മുറിഞ്ഞകൽ പി.ഓ., കൂടൽ.

6. ഡോക്ടർ രശ്മി എൽ സി, കൂടൽ. പി. ഓ.

7. ഡോക്ടർ അർജ്ജുൻ വേണു, ലക്ഷ്മി ക്ലിനിക്ക്, വകയാർ പി. ഓ, കോന്നി.

മേൽ പറഞ്ഞവരിൽനിന്നും തൊഴിൽനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ കരാറെടുത്തിട്ടുള്ള കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിക്കുള്ളിൽ ജോലി ചെയ്യുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഡിമാൻറ് ചെയ്ത് ഈടാക്കി ഒടുക്കിയിട്ടില്ല. പേര് വിവരം ചുവടെ ചേർക്കുന്നു.

1. സാജ് മോൻ വൈ., സജി ഭവനം, കലഞ്ഞൂർ.
2. അമ്പിളിധരൻ നായർ, വിളയിൽ വീട്, കലഞ്ഞൂർ.
3. സുനിൽ കുമാർ പി എൻ, തേമ്പാവുമണ്ണിൽ, കൂടൽ.
4. വിഷ്ണു വി, വിശ്വഭവനം, മുറിഞ്ഞകൽ പി ഓ,
5. വിനായക് വി, വിനായക് ഭവനം, മുറിഞ്ഞകൽ പി ഓ, കൂടൽ.
6. ജോസ് എ, തോപ്പിൽ ഹൗസ്, കലഞ്ഞൂർ.
7. ശശിധരൻ പിള്ള, സന്ധ്യാ ഭവനം, കലഞ്ഞൂർ.
8. കുസുമൻ എ, കളീലുവിളയിൽ വീട്, പുതുവേൽ, പത്തനാപുരം.
9. അഭിജിത്ത് കെ, കളീലുവിളയിൽ വീട്, പുതുവേൽ, പത്തനാപുരം.
10. ബിജി കെ ധരൻ, കുമ്പകുളങ്ങര കാലായിൽ, മണ്ണടി.
11. ആർ അജയൻ, ശ്രീവിഹാർ, കലഞ്ഞൂർ.
12. അനിൽ കുമാർ ഡി, അനിൽ ഭവനം, കലഞ്ഞൂർ.
13. ശാന്തകുമാർ കെ, മൂർത്തിമണ്ണിൽ, നെടുമൺകാവ്, കൂടൽ.
14. എസ് റ്റി ഷാജി കുമാർ, ഉണ്ടിയിൽ ഹൗസ്, മങ്ങാരം.
15. ചന്ദ്രബാബു എം, ശിവരാജവിലാസം, കലഞ്ഞൂർ.
16. അബ്ദുൾ റഹ്മാൻ, തോട്ടത്തിൽ പുരയിടം, കലഞ്ഞൂർ.
17. സുധീർ കുമാർ വി, മോളേത്ത് ഹൗസ്, പുതുവേൽ പി ഒ
18. ബിനു ജോർജ്ജ്, ചരുവിൽ തെക്കേതിൽ, കലഞ്ഞൂർ.
19. ശശിധരക്കുറുപ്പ്, മങ്കേടത്തിൽ ഹൗസ്, കലഞ്ഞൂർ.

20. ഷിബു. ഇ സാമുവൽ, ഇലങ്ങാട്ട് ഹൗസ്, കൂടൽ.

21. സുരേന്ദ്രൻ കെ, കെ എൻ ആർ ഹൗസ്, കലഞ്ഞൂർ.

22. സേതു കുമാർ എസ് എസ്, സജിവിലാസം, കുറുമ്പകര.

പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/18.07.18) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 ആവശ്യമായ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാതെ ക്വാറികൾക്ക് ലൈസൻസ് നൽകി

ആവശ്യമായ അനുമതി പത്രങ്ങൾ ഹാജരാക്കാതെ 2017-18 സാമ്പത്തിക വർഷം ക്വാറികൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് നൽകി. ലൈസൻസിനുള്ള അപേക്ഷയോടൊപ്പം താഴെപ്പറയുന്ന സാക്ഷ്യപത്രങ്ങൾ നിർബന്ധമായും ഹാജരാക്കേണ്ടതായിരുന്നു.

1. ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം
2. മൈനിംഗ് ആൻഡ് ജിയോളജി ഡയറക്ടറുടെ നടപടിക്രമങ്ങളും ലീസ് എഗ്രിമെന്റും
3. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം
4. ബോർഡ് ഓഫ് മൈനിംഗ് എക്സാമിനേഷൻസിന്റെ മൈനിംഗ് മേറ്റ്സ് സർട്ടിഫിക്കറ്റ് ഓഫ് കോമ്പീറ്റൻസി
5. മൈനിംഗ് സ്റ്റാഫിന്റെ നിയമന ഉത്തരവും സമ്മത പത്രവും
6. കമ്പനി ആക്ട് പ്രകാരമുള്ള മെമ്മോറാണ്ടം ആന്റ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ
7. ഫയർ ആൻഡ് റെസ്ക്യൂ അസിസ്റ്റൻറ് ഡിവിഷണൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്.
8. സ്ഫോടക വസ്തുക്കൾ സൂക്ഷിക്കുന്നതിനുള്ള ലൈസൻസ്

എന്നാൽ 2017-18 വർഷം മേൽപ്പറഞ്ഞ എല്ലാ അനുമതി പത്രങ്ങളും ഹാജരാക്കാതിരുന്ന ക്വാറികൾക്കും ലൈസൻസ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | പാറമട ഉടമയുടെ പേര്/അഡ്രസ് | വാർഡ് നം./വില്ലേജ് | സർവ്വെ നം. | ഹാജരാക്കാത്ത സമ്മത പത്രത്തിന്റെ പേര് |
|---|---|---|---|---|
| 1 | ശ്രീ കെ.എൻ. മധുസൂദനൻ,<br>മാനേജിംഗ് ഡയറക്ടർ, മാവനാൽ ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ശ്രീനികേതൻ, കലഞ്ഞൂർ | VIII, കലഞ്ഞൂർ | 323/6 | മൈനിംഗ് സ്റ്റാഫിന്റെ നിയമന ഉത്തരവും സമ്മത പത്രവും |
| 2 | സുധീർ സുകുമാരൻ, മാനേജിംഗ് ഡയറക്ടർ, | IV/689,<br>കൂടൽ | 111/3,<br>110/3,<br>112/2,<br>112/4, | 1. ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം<br>2. ബോർഡ് ഓഫ് മൈനിംഗ് |

| | | | | |
|---|---|---|---|---|
| | അശ്വതി ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, മുറിഞ്ഞകൽ പി ഓ, കൂടൽ | | 111/5, 113/7, 111/4, 112/4, 112/5, 112/7, 112/1-2, 112/8-1, 112/8-2, 112/8-3. | എക്സാമിനേഷൻസിന്റെ മൈനിംഗ് മേറ്റ്സ്<br>3. സർട്ടിഫിക്കറ്റ് ഓഫ് കോമ്പീറ്റൻസി<br>4. മൈനിംഗ് സ്റ്റാഫിന്റെ നിയമന ഉത്തരവും, സമ്മത പത്രവും<br>5. കമ്പനി ആക്ട് പ്രകാരമുള്ള മെമ്മോറാണ്ടം ആന്റ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ<br>6. ഫയർ ആൻഡ് റെസ്ക്യൂ അസിസ്റ്റൻറ് ഡിവിഷണൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് |
| 3 | ജോബിൻ ജോസ്, മാനേജിംഗ് ഡയറക്ടർ,<br>പിരമിഡ് ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, അതിരുങ്കൽ പി ഓ, കൂടൽ | V, കൂടൽ | 45/1, 45/2 45/3 45/4, 46/1 46/2 | 1. ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം<br>2. മൈനിംഗ് സ്റ്റാഫിന്റെ നിയമന ഉത്തരവും സമ്മത പത്രവും<br>3. കമ്പനി ആക്ട് പ്രകാരമുള്ള മെമ്മോറാണ്ടം ആന്റ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ<br>4. ഫയർ ആൻഡ് റെസ്ക്യൂ അസിസ്റ്റൻറ് ഡിവിഷണൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്. |

ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കാതെ ക്വാറികളുടെ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളത് തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-9 കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി

ഗ്രാമപ്പഞ്ചായത്തിലെ XVIII-ാം വാർഡിൽ ശ്രീമതി ക്ഷേമാ ശേഖർ, വക്കീലയ്യത്ത്, കാർത്തിക, അരുവാപ്പുലം എന്ന വ്യക്തി ഇരുചക്രവാഹനങ്ങളുടെ വിൽപനയും സർവീസിംഗും നടത്തുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം ടിയാളിൽനിന്നും ലൈസൻസ് ഫീസ് ഇനത്തിൽ 750 രൂപ മാത്രമാണ് ഈടാക്കിയത്. ലൈസൻസിനുള്ള അപേക്ഷയിൽ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ജോലിക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടില്ല. സെക്ഷൻ ക്ലാർക്ക് സമർപ്പിക്കേണ്ട അന്വേഷണ റിപ്പോർട്ട് ചേർത്തിട്ടില്ല. ഇരുചക്ര വാഹനത്തിന്റെ വില്പനയും സർവ്വീസിംഗും നടത്തുന്ന ലക്ഷങ്ങൾ ടേൺഓവർ ഉള്ള ഈ സ്ഥാപനത്തിൽനിന്നും പരമാവധി ലൈസൻസ് ഫീസായ 4000 രൂപ

ഈടാക്കേണ്ടതായിരുന്നു. വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ബന്ധപ്പെട്ടവർ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് കണക്കാക്കി ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് ഗണ്യമായ വരുമാന നഷ്ടമുണ്ടാകുന്ന കാര്യം പരിഹാര നടപടികൾക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-10 ഒരേ തരത്തിലുള്ള സ്ഥാപന ഉടമകളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഒരേ തരത്തിലുള്ള സ്ഥാപന ഉടമകളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നം | പേര്/അഡ്രസ് | വാർഡ് നം./വീട്ടു നമ്പർ | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | മേരി അലക്സാണ്ടർ, കാവിൽ, മുറിഞ്ഞകൽ | IV/68 | ഹോളോബ്രിക്സ് നിർമ്മാണം | 450 |
| 2 | ഫസിയ എ, അൻസലിന മാൻസിൽ, തട്ടാക്കുടി, പാടം. | VIII/279 | ഹോളോബ്രിക്സ് നിർമ്മാണം. | 300 |
| 3 | പ്രസന്നകുമാർ, പ്രഭാവിഹാർ, കൂടൽ. | I/741 | ഹോളോബ്രിക്സ് നിർമ്മാണം. | 750 |
| 4 | രാജേഷ് നായർ, ആർ. വി.സദനം, കലഞ്ഞൂർ. | XII/598 | ഹോളോബ്രിക്സ് നിർമ്മാണം. | 750 |
| 5 | അലക്സ് തോമസ്, ചരുവിൽ വീട്, കൂടൽ. | XX/407 | ഹോളോബ്രിക്സ് നിർമ്മാണം. | 750 |
| 6 | അബ്ദുൾ റഹ്മാൻ, കനിബാവ, കലഞ്ഞൂർ. | XII/624 | ഹോളോബ്രിക്സ് നിർമ്മാണം. | 750 |

മേൽപ്പറഞ്ഞ ഹോളോബ്രിക്സ് നിർമ്മാണ സ്ഥാപന ഉടമകൾ സമർപ്പിച്ച അപേക്ഷകളിൽ ഒന്നും തന്നെ ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ജോലിക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടില്ല. സെക്ഷൻ ക്ലാർക്ക് സമർപ്പിക്കേണ്ട അന്വേഷണ റിപ്പോർട്ട് ചേർത്തിട്ടില്ല. വാർഷിക വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. വിറ്റുവരവിന്റെ അടിസ്ഥാനത്തിലല്ലാതെ ഫീസ് ഈടാക്കുന്നതിലൂടെ പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടമുണ്ടാകുന്നത് തുടർനടപടികൾക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-11 ഡി&ഒ ലൈസൻസ് - ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായി പഞ്ചായത്തിൽ സമർപ്പിച്ച് ലൈസൻസ് നേടേണ്ടതാണ്. എന്നാൽ 2017-18 വർഷം ലൈസൻസ് എടുത്തിട്ടുള്ള 435 സ്ഥാപനങ്ങളിൽ 176 എണ്ണം മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. യഥാസമയം ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നത് ഈ

വിഷയത്തിൽ അധികൃതർ പുലർത്തുന്ന അനാസ്ഥയാണ് വെളിവാക്കുന്നത്. വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നുവെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-12 മൊബൈൽ ടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ 12 മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇവയ്ക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല. ജനറേറ്ററുകളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ മോട്ടോർ ഫീസ് കണക്കാക്കി, മൊബൈൽ ടവർ ഉടമകളിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ താമസംവിനാ ബോധ്യപ്പെടുത്തേണ്ടതാണ്.

## 2-13 ഷോപ്പിംഗ് കോംപ്ലക്സ് വാടക പിരിവ് - അപാകതകൾ

(എ) കടമുറികളുടെ വാടക കാലികമാക്കുന്നില്ല; പഞ്ചായത്ത് ഫണ്ടിന് ഗണ്യമായ നഷ്ടം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളായ കലഞ്ഞൂർ ഷോപ്പിംഗ് കോംപ്ലക്സ്, കലഞ്ഞൂർ ഷോപ്പിംഗ് കോംപ്ലക്സ് (മാർക്കറ്റിനഭിമുഖം), കലഞ്ഞൂർ മാർക്കറ്റ് പെർമനൻറ് സ്റ്റാൾ, കൂടൽ മാർക്കറ്റ് സ്റ്റാൾ എന്നീ കെട്ടിടങ്ങളിലെ കടമുറികൾ, വ്യാപാരികൾക്ക് വാടകക്ക് നൽകിയിട്ടുള്ളതാണ്. വർഷം തോറും വാടക തുകയുടെ അഞ്ച് ശതമാനം വീതം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. കടമുറികൾ താരതമ്യേന തുച്ഛമായ വാടകയ്ക്കാണ് നൽകിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കലഞ്ഞൂർ ഷോപ്പിംഗ് കോംപ്ലക്സ്

| നം | വാടകക്കാരന്റെ പേര്/ അഡ്രസ് | കടമുറി നം | വാടക തുക |
|---|---|---|---|
| 1. | സിറാജുദ്ദീൻ, സമീറാ മാൻസിൽ, കലഞ്ഞൂർ. | XIII/525 | 2593 |
| 2. | മുരളീധരൻ, ശ്രീരാജ് ഭവൻ, കലഞ്ഞൂർ. | XVI/526 | 1253 |
| 3. | ഷാജി, ഷാജിഭവൻ, കലഞ്ഞൂർ. | XVI/746 | 974 |
| 4 | ഒഴിഞ്ഞുകിടക്കുന്നു. | - | - |
| 5 | ഒഴിഞ്ഞുകിടക്കുന്നു. | - | - |

2. കലഞ്ഞൂർ ഷോപ്പിംഗ് കോംപ്ലക്സ് (മാർക്കറ്റിനഭിമുഖം)

| | | | |
|---|---|---|---|
| 1. | ദീപു കെ ചന്ദ്രൻ, ഗായത്രി,കലഞ്ഞൂർ. | XVI/565 | 1832 |
| 2. | അബ്ദുൾ നാസർ, സുനിൽ വിഹാർ, കലഞ്ഞൂർ. | XVI/564 | 1483 |
| 3. | ജനാർദ്ദനൻ, തെങ്ങിൽ പടിഞ്ഞാറ്റേതിൽ,കലഞ്ഞൂർ. | XVI/563 | 1205 |
| 4, | അനീഷ്,അനീഷ്ഭവനം, കലഞ്ഞൂർ. | XVI/757 | 718 |
| 5. | സജിമോൻ.ബി സന്ധ്യാ ഭവനം, ഭവനം, കലഞ്ഞൂർ. | XVI/562 | 2862 |
| 6. | സെക്രട്ടറി, ക്ഷീരോൽപ്പാദന സഹകരണ സംഘം, കലഞ്ഞൂർ. | XVI/563 | 340 |
| 7. | ഇന്ദിര, മിനി ഭവനം, കലഞ്ഞൂർ. | XVI/560 | 605 |
| 8. | സെക്രട്ടറി, സർവീസ് സഹകരണ സംഘം, കലഞ്ഞൂർ. | XVI/559 | 1314 |
| 9. | സഫിയാ ബീവി, സുനിൽ വിഹാർ, കലഞ്ഞൂർ. | XVI/558 | 658 |

| | | | |
|---|---|---|---|
| 10 | രവീന്ദ്രൻ, മിനിഭവനം, കലഞ്ഞൂർ. | XVI/554 | 432 |

3. കലഞ്ഞൂർ മാർക്കറ്റ് (പെർമനൻറ് സ്റ്റാൾ)

| | | | |
|---|---|---|---|
| 1. | ബിനു, അമ്പിളി വിലാസം, കലഞ്ഞൂർ. | XVI/557 | 447 |
| 2. | അനിൽ കുമാർ, ചോണയിൽ പുത്തൻ വീട്, കലഞ്ഞൂർ. | XVI/555 | 412 |
| 3. | ജ്യോതി കുമാരി, റ്റിൻറു ഭവനം, മാങ്കോട്. | XVI/556 | 561 |
| 4. | ബാലചന്ദ്രൻ നായർ, രാജേഷ് ഭവനം, കലഞ്ഞൂർ. | XVI/758 | 727 |
| 5. | രവീന്ദ്രൻ നായർ, മിനി ഭവനം, കലഞ്ഞൂർ. | XVI/554 | 432 |

4. കൂടൽ ഷോപ്പിംഗ് കോംപ്ലക്സ്

| | | | |
|---|---|---|---|
| 1 | യശോധരൻ, നിഖിൽ ഭവനം, നെല്ലിമുരുപ്പ്. | XVIII/272 | 2268 |
| 2 | ലത പങ്കജാക്ഷൻ, പുതുപ്പമ്പിൽ, കൂടൽ | XVIII/273 | 2300 |
| 3 | റജി കെ, മാത്രി വിലാസത്ത്, കൂടൽ | XVIII/274 | 2330 |
| 4 | ബിന്ദു, അഖിൽ ഭവനം, കൂടൽ, | XVIII/300 | 2700 |
| 5 | കെ സി പ്രകാശ്, കൊച്ചുപ്ളാവിളയിൽ, തെങ്ങുംകാവ്. | XVIII/301 | 2144 |
| 6 | ദിവ്യാ സുനിൽ, തേന്മാവും കാട്ടിൽ. | XVIII/302 | 1105 |
| 7 | ഷാജി എം, ഉദയംകോട്ട്, കൂടൽ. | XVIII/278 | 1550 |
| 8 | ഷാജി ജെ, കുമ്പക്കോട്ട് പുത്തൻ വീട്, കൂടൽ. | XVIII/294 | 400 |
| 9 | എം വി മുരളീധരൻ, അഖില ഭവനം, കൂടൽ | XVIII/299 | 870 |
| 10 | ഷാജി പേരക്കകത്ത്, കലഞ്ഞൂർ. | XVIII/298 | 1404 |
| 11 | ശിവാനന്ദൻ, മംഗലത്ത് പുത്തൻവീട്, മുറിഞ്ഞകൽ. | XVIII/297 | 883 |
| 12 | ബേബി ജോൺ, ആനന്ദവിലാസം, പത്തനാപുരം. | XVIII/276 | 1351 |
| 13 | രാജേഷ്, ലതികാ ഭവനം, കുളത്തുമൺ. | XVIII/277 | 933 |
| 14 | ഉന്മേഷ്, അതിരുങ്കൽ സർവീസ് സഹകരണ ബാങ്ക് | XVIII/279 | 1200 |

5. കൂടൽ മാർക്കറ്റ് പെർമനൻറ് സ്റ്റാൾ

| | | | |
|---|---|---|---|
| 1 | ഗീതാ ഷാജി, ഉദയംകോട്ട്, കൂടൽ. | XVIII/295 | 398 |
| 2 | ഗീതാ ഷാജി, ഉദയംകോട്ട്, കൂടൽ. | XVIII/296 | 416 |
| 3 | ഉന്മേഷ്, എള്ളുംകാലാ പുത്തൻ വീട്, കൂടൽ | XVIII/291 | 450 |
| 4 | സുരേഷ് ജോസഫ്, കാഞ്ഞിരംമുകളിൽ, കൂടൽ | XVIII/292 | 293 |
| 5 | സുരേഷ് ജോസഫ്, കാഞ്ഞിരംമുകളിൽ, കൂടൽ | XVIII/293 | 293 |
| 6 | വിനോദ്, തേന്മാവും മണ്ണിൽ, കൂടൽ | XVIII/289 | 398 |

6. അതിരുങ്കൽ മാർക്കറ്റ് സ്റ്റാൾ

| | | | |
|---|---|---|---|
| 1 | സുഭാഷ്, കൈനികരി കിഴക്കേതിൽ, അതിരുങ്കൽ. | IV/508 | 148 |

| | | | |
|---|---|---|---|
| 2 | ഖദീജാ ബീവി, തട്ടക്കാട്ടുമണ്ണിൽ. അതിരുങ്കൽ. | IV/509 | 590 |
| 3 | അശോകൻ, കനകക്കുന്നേൽ, അതിരുങ്കൽ. | IV/513 | 85 |
| 4 | പ്രഭാകരൻ പിള്ള, തെക്കേപോത്തുപാറ, അതിരുങ്കൽ. | IV/514 | 539 |
| 5 | ഒഴിഞ്ഞുകിടക്കുന്നു. | IV/511 | - |
| 6 | ഷിനി അനിൽ, കനകക്കുന്നേൽ, അതിരുങ്കൽ. | IV/512 | 700 |
| 7 | ജിനു മോഹൻ, മോഹന വിലാസം, അതിരുങ്കൽ. | IV/510 | 417 |

7. നെടുമൺകാവ് ഷോപ്പിംഗ് കോംപ്ലക്സ്

| | | | |
|---|---|---|---|
| 1 | രമാ ഷാജി, വാളിയാനിക്കുഴിയിൽ, കൂടൽ. | 1 | 864 |
| 2 | രമാ ഷാജി, വാളിയാനിക്കുഴിയിൽ, കൂടൽ. | 2 | 864 |
| 3 | സീനാ തമ്പി, പടിഞ്ഞാറെചരുവിൽ, മുറിഞ്ഞകൽ | 3 | 216 |

വാടക തുക കാലികമായി വർദ്ധിപ്പിക്കുകയോ, കടമുറികൾ പുനർലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

(ബി) കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു

പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ളക്സുകളായ കലഞ്ഞൂർ ഷോപ്പിംഗ് കോംപ്ളക്സിലെ XVI/528, XVI/527നമ്പർ കടമുറികളും അതിരുങ്കൽ മാർക്കറ്റ് സ്റ്റാളിലെ IV/511നം കടമുറിയും ഒഴിഞ്ഞുകിടക്കുകയാണ്. ആയവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(സി) വാടക തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ഡി.സി.ബി. പത്രിക പരിശോധിച്ചതിൽ വാടകയിനത്തിൽ 2017-18 വർഷം 15326 രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-14 ലേലം - അപാകതകൾ

(എ) എഗ്രിമെന്റ് എഴുതി വാങ്ങുന്നില്ല

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കടമുറികളും മറ്റും ലേലം കൊള്ളുന്നവർ മുദ്രപ്പത്രം സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിൽ എഗ്രിമെന്റ് എഴുതിയിട്ടില്ല. പഞ്ചായത്തുമായി കരാറിലേർപ്പെടുന്നതിൽ 1996-ലെ പഞ്ചായത്ത് രാജ് കരാർ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും, കരാറുകാരെകൊണ്ട് നിയമപ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പുവയ്ക്കേണ്ടതും, ആയതിന് സാക്ഷികൾ കൂടി ഒപ്പുവയ്ക്കേണ്ടതുമാണ്. സെക്രട്ടറി ഒപ്പ് വച്ചതിനുശേഷം ഇത് എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കണം. കരാറിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ഇത് ആവശ്യമാണ്. വ്യവസ്ഥകൾ എഴുതി ഒപ്പിടാതെയും, സാക്ഷ്യപ്പെടുത്താതെയും മുദ്രപ്പത്രം വാങ്ങി സൂക്ഷിക്കുന്ന പ്രവണത തീർത്തും ഒഴിവാക്കണം. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ചമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം വിഷയം കൈകാര്യം ചെയ്യുന്ന ജീവനക്കാരിൽനിന്നും, മേൽനോട്ടം വഹിച്ച സൂപ്രണ്ട്/ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവരിൽനിന്നും ആനുപാതികമായി ഈടാക്കുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007-ലെ എ1-13880/06 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സർക്കുലറിലെ നിർദ്ദേശാനുസരണം ഭാവിയിൽ കരാർ പത്രങ്ങൾ തയ്യാറാക്കി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

(ബി) ലേല രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയില്ല

ലേല രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയില്ല. ആയതിനാൽ 2017-18 വർഷം നടന്ന ലേലങ്ങളുടെ തുകകൾ പൂർണ്ണമായും ഈടാക്കിയിട്ടുണ്ടോയെന്ന് ഓഡിറ്റിൽ പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ലേല രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-15 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല; പഞ്ചായത്ത് ഫണ്ടിന് പ്രതിവർഷ നഷ്ടം ഉദ്ദേശം 1 കോടി രൂപ

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ചട്ടം സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരിബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ, വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപ്പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതിൻമേൽ ഗ്രാമപ്പഞ്ചായത്ത് 2017-18 വർഷം നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷം 435 വ്യാപാരികൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇതിൽ പകുതിയിലേറെ വ്യാപാരികളും പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നവരാണ്. ഇവരിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജന ഫീസ് ഈടാക്കാതിരുന്ന ഇനത്തിൽ കുറഞ്ഞത് 1 കോടിയിൽപ്പരം രൂപയുടെ നഷ്ടം പ്രതിവർഷം ഉണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/18/തീ. 25.07.18) മറുപടിയായി കേന്ദ്ര നിയമം നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിൻമേൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-16 വസ്തു നികുതി ഈടാക്കുന്നില്ല

ആരാധനയ്ക്കോ അനുബന്ധ ആവശ്യങ്ങൾക്കായോ ഉപയോഗിക്കാത്ത കെട്ടിടങ്ങളെ ആരാധനാലയങ്ങളുടെ പട്ടികയിൽപ്പെടുത്തി വസ്തു നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207പ്രകാരം പൊതു ആരാധനയ്ക്കായി നീക്കി വച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ വസ്തു നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ആരാധനയ്ക്കോ അനുബന്ധ ആവശ്യങ്ങൾക്കോ ഉപയോഗിക്കാത്ത ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ വസ്തുനികുതി അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | വാർഡ് നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന്റെ തരം | ഉടമസ്ഥന്റെ പേരും വിലാസവും |
|---|---|---|---|---|---|
| 1. | III | 448 | 96 | മദർ സുപ്പീരിയർ കോൺവെന്റ് | കാത്തലിക് ചർച്ച്, അതിരുങ്കൽ |
| 2. | III | 446 | 100 | പാഴ്സനേജ് | കാത്തലിക് ചർച്ച്, അതിരുങ്കൽ |
| 3 | III | 492 | 80 | പാഴ്സനേജ് | പെന്തക്കോസ്ത് ചർച്ച്, അതിരുങ്കൽ |

| | | | | | |
|---|---|---|---|---|---|
| 4 | XVIII | 303 | 30 | വൈ.എം.സി.എ കെട്ടിടം | വൈ.എം.സി.എ കൂടൽ |
| 5. | V | 211 | 70 | പാഴ്സനേജ് | സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച് പാഴ്സനേജ് |

പട്ടികയിൽ കാണിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഭൗതിക പരിശോധന നടത്തി നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും, നികുതി ഈടാക്കി തനത് വരവ് വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-17 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. പണി പൂർത്തീകരിച്ച തീയതി, സമർപ്പിച്ച പ്ലാനിൽ നിന്നുള്ള വ്യത്യാസങ്ങൾ, അസസ്സ്മെന്റ് നമ്പർ, പെർമിറ്റ് നിരസിച്ചത്/അംഗീരിച്ചത് മുതലായ വിവരങ്ങൾ ഒന്നും തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തൻമൂലം കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ പെർമിറ്റുകളുടെ കാര്യത്തിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താനും കെട്ടിടനിർമാണം അനുവദനീയമായ കാലയളവിൽ പൂർത്തീകരിച്ച്, നികുതി നിർണ്ണയം നടത്തിയിട്ടുണ്ടോ എന്നും ഉറപ്പ് വരുത്താൽ കഴിഞ്ഞിട്ടില്ല. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 2-18 അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിൽ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കാതിരിക്കുന്നതിനും, കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കാതിരിക്കുന്നതിനും ഇത് കാരണമാകുന്നു.

ഈ സാഹചര്യം ഒഴിവാക്കുന്നതിന് 19.05.2014-ലെ 29342/ആർ.എ.1/2014/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സർക്കുലറിലെ നിർദ്ദേശങ്ങൾ ഗ്രാമപ്പഞ്ചായത്ത് പാലിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപ്പഞ്ചായത്തിൽ യു.എ നമ്പർ നൽകിയ 24 കെട്ടിടങ്ങളാണുള്ളത്. എന്നാൽ എല്ലാ കെട്ടിങ്ങളുടേയും വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും ചട്ടലംഘനം പരിഹരിച്ച ശേഷം നിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-19 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 19റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടകളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-20 റീഫണ്ട് ചെയ്യാത്ത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 56(ബി) പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലും ഇ.എം.ഡി. ഇനത്തിലും പഞ്ചായത്ത് ഫണ്ടിൽ വരവ് വന്ന തുകകൾ മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യാതെ വരുമ്പോൾ അവ പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തോടെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.വർഷങ്ങളായി റീഫണ്ട് ചെയ്യാത്ത തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | റീഫണ്ട് ചെയ്യാത്ത തുക |
|---|---|
| 1995-96 | 52700 |
| 1997-98 | 6200 |
| 2001-02 | 2300 |
| 2002-03 | 10738 |
| 2007-08 | 21325 |
| 2008-09 | 14225 |
| 2009-10 | 18300 |
| 2010-11 | 500 |
| 2011-12 | 10400 |
| 2013-14 | 39675 |
| 2014-15 | 49930 |
| ആകെ | 226293 |

പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് ഗ്രാമപ്പഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി തീരുമാനമെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-21 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് തിരികെ വാങ്ങിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാപ്പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് തിരികെ വാങ്ങിയിട്ടില്ല.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി. ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപ്പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി.)429/2015/ഫിൻ., തീ.28-09-2015നമ്പർ ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ). പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് 2017-18 വർഷം 11 മരാമത്ത് പ്രവൃത്തികൾക്കായി ഇ-ടെണ്ടർ സമർപ്പിച്ച കരാറുകാർ താഴെപ്പറയും പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസ് പത്തനംതിട്ട എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർ ഫീസ് ഗ്രാമപ്പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് നാളിതുവരെയായി അസി. എഞ്ചിനിയർ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഇ-ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ | ആകെ ഒടുക്കിയിട്ടുള്ള |
|---|---|---|---|---|---|

| | | | | എണ്ണം | ടെണ്ടർ ഫീസ് |
|---|---|---|---|---|---|
| 1. | 173/18 | ഒന്നാംകുറ്റി പുതുവയൽ റോഡ് റീടാറിംഗ് | 650000 | 2 | 2600 |
| 2. | 205/18 | ഇരുതോട് കാവിൽപ്പടി റോഡ് സംരക്ഷണഭിത്തി | 800000 | 4 | 3200 |
| 3. | 208/18 | പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപ്പണി | 1500000 | 2 | 6000 |
| 4. | 215/18 | കീച്ചേരി കൊന്നേലയും റോഡ് റീടാറിംഗ് & ഐറിഷ് ഡ്രെയിൻ | 650000 | 2 | 2600 |
| 5 | 231/18 | നെടുമൺകാവ് LPS കോമ്പൗണ്ട് വാൾ | 1200000 | 4 | 4800 |
| 6 | 51/18 | പടയണിപ്പാറ അയത്തിപ്പടി റോഡ് റീടാറിംഗ് | 600000 | 1 | 2400 |
| 7 | 279/18 | പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് | 500000 | 4 | 2000 |
| 8 | 206/18 | കാവിൽപ്പടി എരുത്തോട് റോഡ് സംരക്ഷണഭിത്തി & കോൺക്രീറ്റിംഗ് | 500000 | 3 | 2000 |
| 9 | 200/18 | അതിരുങ്കൽ LPS മെയിന്റനൻസ് | 700000 | 3 | 2800 |
| 10 | 121/18 | കൂടൽ എൽ.പി.എസ്. മെയിന്റനൻസ് | 600000 | 3 | 2400 |
| 11 | 188/78 | പടയണിപ്പാറ ഇരുട്ടുതറ തോട് പാലം നിർമ്മാണം | 700000 | 3 | 2800 |
| | | ആകെ | | | 33600 |

ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കിയ തുക തിരികെ വാങ്ങുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഒരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുന്നൊരുക്കങ്ങളും ഇടപെടലും നടത്തുക, ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും, വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുക തുടങ്ങിയവ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്. കൃഷി അനുബന്ധ മേഖലകൾ, മൃഗസംരക്ഷണവും, ക്ഷീരവികസനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിടം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്നു. ഓഡിറ്റ് വർഷം വികസന സ്റ്റാന്റിംഗ് കമ്മിറ്റി 16 യോഗങ്ങൾ ചേർന്നിട്ടുണ്ട്.

13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം എന്ന നിലയിൽ അടുത്ത അഞ്ച് വർഷം പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് ഒരു സമഗ്ര കാഴ്ചപ്പാട് രൂപീകരിക്കുകയും, ദീർഘവീക്ഷണത്തോടെ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടത് പഞ്ചായത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. വിവിധ വികസന മേഖലകൾ അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ അപഗ്രഥിച്ച് അവസ്ഥാ രേഖ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നുവെന്നത് ഉറപ്പുവരുത്തുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സാധിച്ചിട്ടില്ല. കാർഷിക മേഖലയിൽ നടപ്പിലാക്കിയ ഭൂരിപക്ഷം പ്രോജക്ടുകളും വളത്തിന് സബ്സിഡി നൽകുന്നതിനുള്ളവയായിരുന്നു. തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിനും, ആധുനിക ശാസ്ത്രീയ കാർഷിക രീതികൾ നടപ്പിലാക്കുന്നതിനും, വന്യ ജീവികൾ കാർഷിക വിളകൾ നശിപ്പിക്കുന്നത് തടയുന്നതിനുമുള്ള നൂതന പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മൃഗസംരക്ഷണ മേഖലയിൽ മുട്ടക്കോഴി വളർത്തൽ എന്ന പ്രോജക്ടിനായി കഴിഞ്ഞ അഞ്ച് വർഷമായി 50 ലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടുകളുടെ ഫലപ്രാപ്തി പഞ്ചായത്ത് ഒരിക്കൽ പോലും വിലയിരുത്തുകയോ മുട്ട ഇറച്ചി ഉല്പാദന വർദ്ധനവ് സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയോ ചെയ്തിട്ടില്ല.

പൊതുമരാമത്ത് മേഖലയിൽ വികലമായ വികസന കാഴ്ചപ്പാടാണ് പഞ്ചായത്തിനുള്ളത്. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു പകരം, വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടോടെയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനാൽ പ്രവൃത്തികൾ സമയബന്ധിതമായും, ഫലപ്രദമായും നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ല. ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികളിൽ 40 ശതമാനവും നടപ്പിലാക്കുന്നില്ല. വർഷങ്ങളായി തുടരുന്ന ഈ ദുസ്ഥിതി 13-ാം പദ്ധതി കാലത്തും പരിഹരിക്കപ്പെട്ടിട്ടില്ല.

പഞ്ചായത്ത് അനിവാര്യമായും നടപ്പിലാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ശ്മശാനം, അറവു ശാല എന്നിവ സ്ഥാപിക്കുന്നതിനോ, ഫലപ്രദമായ ഖരമാലിന്യ പരിപാലന പരിപാടികൾ നടപ്പിലാക്കുന്നതിനോ പഞ്ചായത്തിന് സാധിച്ചിട്ടില്ല. കഴിഞ്ഞ രണ്ട് പഞ്ചവത്സര പദ്ധതി കാലയളവിലും ശ്മശാനത്തിന് സ്ഥലം വാങ്ങുന്നതിന് പ്രോജക്ട് ആവിഷ്കരിക്കുന്നുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം ഉണ്ടായിട്ടില്ല.

വികസന സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും, മോണിട്ടറിംഗിലും ജാഗ്രത പുലർത്താതിരുന്നതു മൂലം പദ്ധതി നിർവ്വഹണത്തിലുണ്ടായ വീഴ്ചകളും, അപാകതകളും തുടർന്നുള്ള ഖണ്ഡികകളിൽ പരാമർശിക്കുന്നു.

## 3-2 ധനമാനേജ്മെന്റിൽ വീഴ്ച; പൊതു ആവശ്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച 99.85 ലക്ഷം രൂപ പഞ്ചായത്തിന് നഷ്ടമായി

പൊതു ആവശ്യ ഗ്രാന്റ് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച തുകയിൽ ചെലവഴിക്കാതെ നിഷ്ക്രിയമായി കിടന്ന 9984985 രൂപ 12.01.2018-ൽ സർക്കാർ തിരികെ എടുത്തു. 01.01.2018-ലെ ജി.ഒ.(പി)നം.2/18/ധന. ഉത്തരവ് പ്രകാരം 2016-17 സാമ്പത്തിക വർഷാന്ത്യത്തിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ 1 കോടിയിൽ കൂടുതൽ നീക്കിയിരിപ്പുള്ളതും 2017 നവംബർ 30 വരെ ഈ തുക ചെലവഴിക്കാത്തതുമായ സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെയും, സ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ടാണ് സർക്കാർ തിരികെ എടുത്തത്. പഞ്ചായത്തിന്റെ അനിവാര്യചുമതലപ്പെട്ട ചെലവുകൾക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആകസ്മികച്ചെലവുകൾക്കുമായി സർക്കാർ അനുവദിച്ച പൊതു

ആവശ്യ ഗ്രാന്റാണ് മോശമായ ധനമാനേജ്മെന്റ് കാരണം യഥാസമയം ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിപ്പിച്ചതുകാരണം പഞ്ചായത്തിന് നഷ്ടമായത്. ചെലവുകൾ സെൻട്രൽ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും നടത്തിയതിനാലാണ് ഇപ്രകാരം ട്രഷറി അക്കൗണ്ടിൽ തുക ശേഷിക്കുവാനിടയാക്കിയത്. പഞ്ചായത്തിന്റെ ചുമതലപ്പെട്ട ചെലവുകൾക്കും, കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ ആകസ്മിക ചെലവുകൾക്കും ആവശ്യമായ തുക കണക്കാക്കി ബാക്കി വരുന്ന ഫണ്ട് വാർഷിക പദ്ധതിയിൽ വകയിരുത്താവുന്നതാണ്. എന്നാൽ ഇപ്രകാരം മിച്ച ഫണ്ട് കണക്കാക്കി വാർഷിക പദ്ധതിയിൽ വകയിരുത്തി ചെലവഴിക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചില്ല.

2018 മാർച്ച് 28-ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ അവശേഷിച്ചിരുന്ന തുകകൾ സർക്കാർ തിരികെ എടുത്തിരുന്നു. എന്നാൽ തദ്ദേശസ്ഥാപനങ്ങളുടെ അപേക്ഷ പരിഗണിച്ച് സർക്കാർ പ്രസ്തുത തുകകൾ തിരികെ നൽകുകയുണ്ടായി. 12.01.2018-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്തിന്റെ ഫണ്ട് മാത്രമാണ് സർക്കാർ തിരികെ എടുത്തത്. തദ്ദേശഭരണ സ്ഥാപനമെന്ന നിലയിൽ ഈ ഫണ്ട് ന്യായമായും ഗ്രാമപ്പഞ്ചായത്തിന് തിരികെ ലഭിക്കുന്നതിന് അർഹതയുണ്ട്. എന്നാൽ ഫണ്ട് തിരികെ ലഭിക്കുന്നതിനാവശ്യമായ യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ ക്ഷേമ വികസന പദ്ധതികൾക്ക് ചെലവഴിക്കാവുന്ന പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-3 പ്രോക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കാതെ 47.52 ലക്ഷം രൂപയുടെ വാങ്ങൽ നടത്തി

ജി.ഒ.(പി)259/2010/തസ്വഭവ, തീ. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിക്കണം ഗ്രാമപ്പഞ്ചായത്ത് വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ പ്രസ്തുത മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടല്ല ഓഡിറ്റ് വർഷം ഗ്രാമപ്പഞ്ചായത്ത് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷം പ്രോക്യൂർമെന്റ് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടില്ല. തൻവർഷം രണ്ട് തവണ മാത്രമാണ് (28.07.17, 01.02.18) പ്രോക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. പ്രോക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്ന് വിവിധ വാങ്ങലുകൾ നടത്തുന്നതിന് തീരുമാനം എടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത് (പ്രോക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സിന്റെ പകർപ്പ് അനുബന്ധം 5 ആയി ചേർത്തിട്ടുള്ളത് കാണുക). വിവിധ വാങ്ങലുകളുടെ ഭാഗമായി ലഭിച്ച ടെണ്ടറുകൾ ഒന്നും തന്നെ പ്രോക്യൂർമെന്റ് കമ്മിറ്റി അംഗങ്ങളുടെയും, സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളുടെയും സാന്നിദ്ധ്യത്തിലല്ല തുറന്നിട്ടുള്ളത്. ലഭിച്ച ടെണ്ടറുകൾ ഒന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വ്യവസ്ഥകൾ പാലിക്കാതെ നടത്തിയിട്ടുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 4/18 | പഞ്ചായത്ത് ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ | സെക്രട്ടറി | 704460 | 704460 |
| 5/18 | പഞ്ചായത്ത് മിനി കോൺഫറൻസ് ഹാളിന് മൈക്ക് സെറ്റ് വാങ്ങൽ | “ | 50298 | 49944 |
| 6/18 | എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കൽ | “ | 1170000 | 907017 |
| 33/18 | പഞ്ചായത്ത് ലൈബ്രറിക്ക് അലമാര & പുസ്തകങ്ങൾ വാങ്ങൽ | “ | 100000 | 39800 |
| 159/18 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് സാധന സാമഗ്രികൾ | “ | 1000000 | 982085 |

| | | | | |
|---|---|---|---|---|
| | വാങ്ങൽ | | | |
| 270/18 | തേൻ സംസ്കരണ യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ | കൃഷി ഓഫീസർ | 250000 | 250000 |
| 7/18 | ഉന്നത പഠനം നടത്തുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | അസി.സെക്രട്ടറി | 480000 | 472000 |
| 9/18 | പട്ടികജാതി പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് മേശ, കസേര | “ | 476000 | 472625 |
| 12/18 | പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള ശേഖരണത്തിന് വാട്ടർ ടാങ്ക് | “ | 249000 | 238917 |
| 14/18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | “ | 301000 | 306852 |
| 272/18 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം | ICDS സൂപ്പർവൈസർ | 350000 | 328700 |
| | ആകെ | | | 4752400 |

ജനപ്രതിനിധികളുടെയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഫലപ്രദമായ ഏകോപനത്തിലൂടെയും, ജനകീയ മോണിറ്ററിംഗിന് കൂടുതൽ സാധ്യതകൾ തുറന്ന നൽകി വ്യക്തിഗതവും, കേന്ദ്രീകൃതവുമായ രീതി ഒഴിവാക്കുന്നതിലൂടെയും മാത്രമേ വാങ്ങലുകളിൽ മിതവ്യയം (economy), കാര്യക്ഷമത (efficiency), സുതാര്യത (temporary) എന്നിവ ഉറപ്പാക്കാനാവൂ. എന്നാൽ ഇപ്രകാരമൊരു ഏകോപനമില്ലാതിരുന്നതിനാൽ ഓഡിറ്റ് വർഷത്തെ വാങ്ങൽ നടപടികൾ സുതാര്യമായിരുന്നില്ല. സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള പല പ്രോജക്ടുകളുടെയും നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രോക്യൂർമെന്റ് നടപടിക്രമങ്ങളിലുണ്ടായിട്ടുള്ള അപാകതകൾക്ക് സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥരും, പഞ്ചായത്ത് ഭരണസമിതിയും തുല്യ ഉത്തരവാദികളാണ്.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള വാങ്ങലുകൾ സംബന്ധിച്ച് സമഗ്രമായ ഒരു വകുപ്പുതല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-4 ടെണ്ടർ ക്ഷണിക്കാതെ അമിത വില നൽകി സാധനങ്ങൾ വാങ്ങിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് ഗണ്യമായ നഷ്ടം

പ്രോജക്ട് നം. - 4/18

നിർവ്വഹണം - സെക്രട്ടറി

ചെലവ് - ₹704460

ട്രഷറി ബിൽ നം., തീ.- 173/29.12.2017

2016-17-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി ലോക ബാങ്ക് ധനസഹായ തുകയിൽനിന്നും 707408 രൂപ വകയിരുത്തി അംഗീകാരം വാങ്ങിയ പദ്ധതിയാണ് പഞ്ചായത്ത് ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ. ഈ പ്രോജക്ട് 2017-18 വർഷം സ്പിൽ ഓവറായാണ് നടപ്പിലാക്കിയിട്ടുള്ളത്. സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

അംഗീകരിച്ച പ്രോജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസ് ഫർണിഷ് ചെയ്യുന്നതിനാവശ്യമായ ഫർണിച്ചർ, എയർ കണ്ടീഷണർ, പ്രോജക്ടർ എന്നിവ വാങ്ങുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. ടെണ്ടർ ക്ഷണിച്ച് വാങ്ങുന്നതിനാണ് പ്രോജക്ടിൽ ഉദ്ദേശിച്ചിരുന്നത്. എന്നാൽ അംഗീകരിച്ച പ്രോജക്ടിലെ നിർവ്വഹണ രീതിയ്ക്ക് വിരുദ്ധമായി KADCO-യിൽ നിന്നും (കേരള ആർട്ടിസാൻ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലി.) ടെണ്ടർ നടപടി കൂടാതെ ചുവടെ ചേർക്കുന്ന സാധന സാമഗ്രികൾ വാങ്ങുകയാണുണ്ടായത്.

Invoice No.KADCO/HO/SALES/2017-18/73, dtds. 29.12.17

| Sl. No. | Description of Goods | Qty. | Rate | Amout |
|---|---|---|---|---|
| 1. | Chair Cusion | 17 | 3300 | 56100 |
| 2. | Table Size 36"Lx18"Wx30"H | 17 | 3700 | 62900 |
| 3. | Ex Chair with Writing Board | 40 | 3150 | 126000 |
| 4. | Cupboard Size 6"Hx3'Wx16"D | 5 | 16940 | 84700 |
| 5. | Split AC 1.5 Ton (Godrej 3 Star) | 1 | 55000 | 55000 |
| 6. | Sound System Ahooja | 1 | 58500 | 58500 |
| 7. | LCD Projector with Screen | 1 | 66500 | 66500 |
| 8. | Curtain | 600 nos. | 120 | 72000 |
| 9. | Delivery Charge (18%) | | | 15300 |
| | GST | | | 107460 |
| | Total | | | 704460 |

ലോകബാങ്ക് ഫണ്ടിന്റെ വിനിയോഗ മാർഗ്ഗരേഖ പ്രകാരം പ്രസ്തുത ഫണ്ട് ഉപയോഗിച്ചുള്ള എല്ലാ വാങ്ങലുകൾക്കും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കണം. എന്നാൽ ടെണ്ടർ ക്ഷണിച്ച് വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയതിനുശേഷം നിർവ്വഹണ രീതി മാറ്റുകയാണുണ്ടായത്. അംഗീകരിച്ച പ്രോജക്ടിലെ ധനകാര്യവിശകലനത്തിലോ, നിർവ്വഹണ രീതിയിലോ മാറ്റം വരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരമില്ല. പ്രോജക്ടിലെ നിർവ്വഹണ രീതിയിൽ മാറ്റം വരുത്തിയത് ക്രമവിരുദ്ധമായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു.

KADCO-യെ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് ഫർണിഷിംഗ്, ആധുനികവൽക്കരണം തുടങ്ങിയവ) ഒരുക്കുന്നതിന്റെ നോഡൽ ഏജൻസിയായി പരിഗണിക്കുന്നതിന് 27.09.2017-ലെ സ.ഉ.(സാധാ)നം.3161/2017/തസ്വഭവ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായതിന്റെ മറവിലാണ് KADCO-ൽനിന്നും ടി വാങ്ങൽ നടത്തിയിരിക്കുന്നത്. ഇത്തരം പ്രവൃത്തികൾ നടത്തുന്നതിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനും, മറ്റ് സാങ്കേതിക സഹായങ്ങൾ നൽകുന്നതിനുമുള്ള ഏജൻസി എന്നാണ് നോഡൽ ഏജൻസി എന്നതുകൊണ്ട് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. അല്ലാതെ പ്രസ്തുത സ്ഥാപനത്തിൽനിന്നും ടെണ്ടർ കൂടാതെ നേരിട്ട് സാധന സാമഗ്രികൾ വാങ്ങുന്നതിന് ടി ഉത്തരവ് തദ്ദേശ സ്വയഭരണ

സ്ഥാപനത്തെ അധികാരപ്പെടുത്തുന്നില്ല. KADCO-ൽ നിന്നും സർക്കാർ നിശ്ചയിച്ച നിരക്കിൽ തേക്ക്, ആഞ്ഞിലി, ഹാർഡ് വുഡ് എന്നിവയിൽ നിർമ്മിച്ച തടിയുരുപ്പടികൾ വാങ്ങുന്നതിനുമാത്രമാണ് അനുമതിയുള്ളത് (G.O.(Rt.)No.17/2017/SPD, dtd.16.03.17). എന്നാൽ പ്രസ്തുത ഉത്തരവിൽ പറഞ്ഞ ഇനം ഫർണിച്ചറുകളല്ല KADCO-ൽ നിന്നും വാങ്ങിയിട്ടുള്ളത് (വാങ്ങിയ സാധനങ്ങളിൽ എയർ കണ്ടീഷണർ, ഓവർ ഹെഡ് പ്രോജക്ടർ എന്നിവയും ഉൾപ്പെടുന്നു). പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിലല്ല വാങ്ങൽ നടത്തിയിട്ടുള്ളത്.

പ്രോജക്ട് നടപ്പിലാക്കുന്നതിന് മതിയായ സമയം ലഭ്യമായിരുന്നിട്ടും (14.12.2016-ൽ അംഗീകാരം ലഭിച്ച പ്രോജക്ട് 2017-18-ലാണ് നടപ്പിലാക്കിയിട്ടുള്ളത്). മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്താതെ KADCO-യിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയതിലൂടെ കുറഞ്ഞ ചെലവിൽ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള സാധ്യതയാണ് ഇല്ലാതായത്. മാർക്കറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന വിലയാണ് KADCO ഈടാക്കിയിട്ടുള്ളത്. ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ Godrej കമ്പനിയുടെ 1.5 ton 3 Star റേറ്റിംഗുള്ള എയർ കണ്ടീഷണറിനും അനുബന്ധ ഉപകരണങ്ങൾക്കുമായി പൊതുവിപണിയിൽ 40000 രൂപയിൽ താഴെ മാത്രം വിലയുള്ള സ്ഥാനത്ത് 64900 രൂപയാണ് (ജി.എസ്.റ്റി. ഉൾപ്പടെ) KADCO ഈടാക്കിയിരിക്കുന്നത്. മാത്രവുമല്ല പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഫർണിച്ചറുകൾ വിലയ്ക്ക് അനുസൃതമായ ഗുണനിലവാരം ഇല്ലാത്തവയാണെന്നും ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള എ.സി. നിലവിൽ പ്രവർത്തിപ്പിക്കുന്നില്ല. പൊതു പണം ചെലവഴിച്ച് ആർജ്ജിക്കുന്ന ആസ്തികൾ പ്രവർത്തന ക്ഷമമാക്കി സംരക്ഷിക്കാതിരിക്കുന്നത് പ്രസ്തുത ആസ്തി സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുകയുടെ ദുർവിനിയോഗമായി മാത്രമേ കാണാൻ കഴിയൂ. ബിൽ പ്രകാരം 600 എണ്ണം കർട്ടനുകൾ സ്ഥാപിച്ചതായാണ് കാണിച്ചിരിക്കുന്നത്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ 46 കർട്ടനുകൾ (ക്ലോത്ത്) മാത്രമാണ് പ്രത്യക്ഷത്തിൽ കാണാൻ സാധിച്ചിട്ടുള്ളത്. സപ്ലൈ ചെയ്ത കർട്ടനുകളുടെ എണ്ണം പരിഗണിക്കാതെ സ്ഥാപനത്തിന്റെ ബിൽ പ്രകാരമുള്ള എണ്ണത്തിനാണ് തുക അനുവദിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമായിരിക്കുകയാണ്. 554 എണ്ണത്തിന് 141.60രൂപ നിരക്കിൽ (18% ജി.എസ്.റ്റി. ഉൾപ്പടെ) 78446 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സപ്ലൈ ചെയ്ത കർട്ടനുകളുടെ എണ്ണത്തിലുള്ള വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/20.07.18) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 78446 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ടെണ്ടർ ക്ഷണിക്കാതെയും, ഗുണനിലവാരം ഉറപ്പുവരുത്താതെയും അമിതവില നൽകി വാങ്ങൽ നടത്തിയ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം കണക്കാക്കി ഉത്തരവാദികളായവരിൽനിന്നും ഈടാക്കുന്നതിന് വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. അതുവരെ ഖണ്ഡിക പ്രകാരം നിരാകരിച്ച 78446 രൂപ കിഴിച്ച് ബാക്കി 626014 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിരാകരിച്ച തുക ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-5 LED തെരുവ് വിളക്ക് വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലും, രേഖകൾ സൂക്ഷിക്കുന്നതിലും ഗുരുതര വീഴ്ച

നിർവ്വഹണം - സെക്രട്ടറി

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 6/18 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 150000 രൂപയും, ലോകബാങ്ക് ധനസഹായം 1019081 രൂപയും തനത് ഫണ്ട് 919 രൂപയും ഉൾപ്പടെ 1170000 രൂപ അടങ്കൽ വകയിരുത്തി സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടാണ് എൽ.ഇ.ഡി. തെരുവ് വിളക്ക് സ്ഥാപിക്കൽ. ഇ-ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയത്. 22.04.217-ലാണ് ടെണ്ടർ ക്ഷണിച്ചുകൊണ്ട് പത്ര പരസ്യം നൽകിയിരിക്കുന്നത്. 15.05.17-ൽ ടെണ്ടർ ഓപ്പൺ ചെയ്തു. 17 ടെണ്ടറുകൾ ലഭിച്ചതിൽ 2193 രൂപ നിരക്ക് ക്വോട്ട് ചെയ്ത RPC&Co., പുനലൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു (തീരുമാനം നം.3/23.05.17). കരാർ സ്ഥാപനത്തിൽനിന്നും ചുവടെ ചേർക്കുന്ന പ്രകാരം രണ്ട് തവണകളായി ആകെ 450 ലൈറ്റുകൾ വാങ്ങിയ ഇനത്തിൽ ആകെ 936853 രൂപ ചെലവഴിച്ചു.

| ഇൻവോയ്സ് നം. | ഇനം | എണ്ണം | നിരക്ക് | ബിൽ തുക | ട്രഷറി ബിൽ നം. തീ. | റിമാർക്ക് |
|---|---|---|---|---|---|---|
| A4416 | LUK | 200 | 2193 | 438601 | 96/10.11.2017 | |

| | | | | | | |
|---|---|---|---|---|---|---|
| 31.10.17 | STREET LIGHT 24W (WH) | | | | | |
| A5343 23.11.17 | LUK STREET LIGHT 24W (WH) | 250 | 2193 | 498252 | 154/16.12.2017 | റീടെൻഷനായി 50000 രൂപ കുറവ് ചെയ്ത് ബാക്കി തുകയാണ് സ്ഥാപനത്തിന് നൽകിയിരിക്കുന്നത് |
| | ആകെ | 450 | | 936853 | | |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, ഒരു മലയാള ദിനപത്രത്തിലും ടെണ്ടർ പരസ്യം നൽകേണ്ടതാണ്. എന്നാൽ 23.04.2017-ലെ ദേശാഭിമാനി ദിനപത്രത്തിൽ മാത്രമാണ് പരസ്യം നൽകിയിരിക്കുന്നത്.

2. പദ്ധതിയ്ക്ക് ഇ-ടെണ്ടർ ക്ഷണിച്ചതിൽ ലഭിച്ച ടെണ്ടറുകളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല (Agreement, BoQ, Licence etc.). ടെണ്ടർ രജിസ്റ്റർ പ്രകാരം 17 ടെണ്ടർ ലഭിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വിവിധ സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത നിരക്ക്, അംഗീകരിച്ച ടെണ്ടറിന്റെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, ലഭിച്ച ടെണ്ടറുകളുടെ വിവരം ടാബുലേറ്റ് ചെയ്ത് പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുകയോ, വാങ്ങൽ നടപടികൾ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ടെണ്ടർ സമർപ്പിച്ചവരുടെ പ്രതിനിധിയുടെയും, സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ഒരംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കേണ്ടതാണെന്ന പ്രോക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. ഇ-ടെണ്ടർ സൈറ്റിൽനിന്നും ലഭിച്ച കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് പരിശോധിച്ചതിൽ മറ്റ് മൂന്ന് സ്ഥാപനങ്ങൾ കരാർ ലഭിച്ച സ്ഥാപനത്തേക്കാൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുണ്ട് [ഗ്ലോസ് (1240), മെർക്കുറി (1940), തമ്പുരാൻ കാലായിൽ (1978)]. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടി സ്ഥാപനങ്ങളുടെ ടെണ്ടറുകൾ പരിഗണിക്കാതിരുന്നതിനുള്ള വ്യക്തമായ കാരണം ഫയലിലോ, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിലോ രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ടെണ്ടർ നടപടികൾ സുതാര്യത ഇല്ലാതെയും, നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കാതെയുമാണ് നടത്തിയിട്ടുള്ളതെന്ന് ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്.

3. ലൈറ്റുകൾ സപ്ലൈ ചെയ്ത സ്ഥാപനവുമായി മുദ്രപത്രത്തിൽ എഗ്രിമെന്റ് ചമച്ചിട്ടില്ല. അടങ്കൽ തുകയുടെ (₹1170000) 5% തുകയായ 58500 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കിയിട്ടില്ല.

4. ടെണ്ടർ വ്യവസ്ഥ പ്രകാരം ISI/BIS/BEE സ്റ്റാൻഡേർഡ് ഉള്ളതും, 3 വർഷ ഗ്യാരന്റി ഉള്ളതുമായ ലൈറ്റുകളാണ് സപ്ലൈ ചെയ്യേണ്ടത്. എന്നാൽ നിശ്ചിത നിലവാരമുള്ള ലൈറ്റുകളാണ് സപ്ലൈ ചെയ്തിട്ടുള്ളതെന്ന് മനസ്സിലാക്കുന്നതിനാവശ്യമായ യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 3 വർഷ ഗ്യാരന്റി ഉറപ്പാക്കിയതിനും രേഖയില്ല.

5. ടെണ്ടർ വ്യവസ്ഥ പ്രകാരം കേരളത്തിലെ ഏതെങ്കിലും ഗവ.എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നുള്ള ക്വാളിറ്റി സർട്ടിഫിക്കറ്റ് സപ്ലയർ ഹാജരാക്കേണ്ടതാണ്. എന്നാൽ ക്വാളിറ്റി ടെസ്റ്റ് നടത്തിയതിന്റെ റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. 9.37 ലക്ഷം രൂപയുടെ സാധനങ്ങൾ ഗുണനിലവാരം ഉറപ്പാക്കാതെയാണ് വാങ്ങിയിട്ടുള്ളത്.

6. അംഗീകരിച്ച പ്രോജക്ട് പ്രകാരം 200 ലൈറ്റുകൾ വാങ്ങുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. 200 ലൈറ്റുകൾ സപ്ലൈ ചെയ്യുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും, കരാർ നൽകിയിട്ടുള്ളതും. എന്നാൽ 07.11.2017-ലെ കമ്മിറ്റി തീരുമാന പ്രകാരം (1/7) 250 ലൈറ്റുകൾ കൂടി വാങ്ങുന്നതിന് തീരുമാനിച്ച് ആകെ 450 ലൈറ്റുകൾ വാങ്ങി. എൽ.ഇ.ഡി. ലൈറ്റുകൾ എവിടെയെല്ലാം സ്ഥാപിക്കണമെന്നും, എത്രയെണ്ണം ആവശ്യമായി വരുമെന്നും നിർണ്ണയിക്കാതെ പ്രോജക്ട് തയ്യാറാക്കുകയും, നിർവ്വഹണത്തിന്റെ അന്ത്യ ഘട്ടത്തിൽ ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിക്കുക എന്ന ഉദ്ദേശ്യത്തോടെ അംഗീകരിച്ച പ്രോജക്ടിൽനിന്നും വ്യതിചലിച്ച് ഇരട്ടിയിലധികം ലൈറ്റുകൾ വാങ്ങിക്കൂട്ടിയതും ക്രമപ്രകാരമല്ല. ഇക്കാര്യം പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയോ അംഗീകാരം

വാങ്ങുകയോ ചെയ്തിട്ടില്ല.

7. വാങ്ങിയ ലൈറ്റുകൾ ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ, വിതരണ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ബില്ലിൽ കാണിച്ചിരിക്കുന്ന സാധനങ്ങൾ അതേ അളവിലും, തരത്തിലും ലഭിച്ചിട്ടുണ്ടെന്ന വിവരം സാധനങ്ങൾ സ്റ്റോക്കിൽ എടുത്ത ഉദ്യോഗസ്ഥ/ൻ സാക്ഷ്യപ്പെടുത്തുകയോ, സ്റ്റോക്കിൽ ചേർത്തതിന്റെ വിവരം ബില്ലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 9.37 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ സാധനങ്ങൾ യഥാവിധി സ്റ്റോക്കിൽ ചേർത്ത് വിനിയോഗം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കാതിരുന്നത് ഗുരുതരമായ കൃത്യവിലോപമാണ്.

8. പ്രോജക്റ്റ് നിർവ്വഹണത്തിന്റെ സുപ്രധാന ഘട്ടമായ ലൈറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിക്കുന്ന നടപടി കൃത്യമായി നടത്തിയതിന് തെളിവില്ല. ആകെ 356 ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 10199 രൂപ കെ.എസ്.ഇ.ബി-യിൽ ഒടുക്കിയതിന്റെ രേഖകൾ മാത്രമാണ് ഫയലിലുള്ളത്.

| ട്രഷറി ബിൽ നം., തീ. | ഒടുക്കിയ തുക | ലൈറ്റുകളുടെ എണ്ണം | ഇലക്ട്രിക്കൽ സെക്ഷൻ |
|---|---|---|---|
| 155/16.12.17 | 4232 | 129 | കലഞ്ഞൂർ |
| 222/23.01.18 | 685 | 37 | പത്തനാപുരം |
| 301/16.03.18 | 5282 | 190 | കലഞ്ഞൂർ |
| ആകെ | 10199 | 356 | |

അവശേഷിച്ച 94 ലൈറ്റുകളുടെ വിനിയോഗം സംബന്ധിച്ച് യാതൊരു വിവരവും, ഫയലിലോ, സ്റ്റോക്ക് രജിസ്റ്ററിലോ ഇല്ല. ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള കെ.എസ്.ഇ.ബി. അധികൃതരുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക ഒടുക്കാതെ ഇവ പോസ്റ്റുകളിൽ സ്ഥാപിക്കപ്പെട്ടുവെന്ന് കരുതാനാവില്ല. ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് (നം.23/21.07.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ വിതരണ വിവരം ഇല്ലാത്ത 94 ലൈറ്റുകളുടെ വിലയായ 206142 ഓഡിറ്റിൽ നിരാകരിക്കുന്നു.

9. 356 ലൈറ്റുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് എടുത്ത് സൂപ്പർവിഷൻ ചാർജ്ജ് കെ.എസ്.ഇ.ബി-ൽ ഒടുക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനുകളിൽനിന്നും ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ പദ്ധതി യഥാവിധി പൂർത്തിയാക്കിട്ടുണ്ടെന്ന് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പദ്ധതിയ്ക്ക് ചെലവഴിച്ച 936853 രൂപയിൽ നിരാകരിച്ച 206142 രൂപ കിഴിച്ച് ബാക്കി 730711 രൂപ തടസ്സത്തിൽവയ്ക്കുന്നു. പ്രോജക്റ്റ് ഫയൽ ക്രമപ്രകാരം സൂക്ഷിക്കുന്ന കാര്യത്തിലും, വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്ത് വിനിയോഗ വിവരം കൃത്യമായി സൂക്ഷിക്കുന്ന കാര്യത്തിലും പ്ലാൻ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലാർക്ക് കൃത്യവിലോപം കാട്ടിയിട്ടുണ്ട്. 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും, ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 12-ാം ചട്ടത്തിന്റെ 1-ാം ഉപചട്ടത്തിൽ ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും പരിശോധനയ്ക്ക് നൽകേണ്ടതാണെന്നും, 2-ാം ഉപചട്ടത്തിൽ ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നല്കാൻ വീഴ്ചവരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ലാ എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടത്തിലെ 4-ാം ഉപചട്ടത്തിൽ ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഏൽപ്പിച്ചിട്ടുള്ള കാര്യങ്ങളിൽ വീഴ്ചവരുത്തിയത് മൂലമുള്ള നഷ്ടങ്ങൾക്കും പാഴ്ചെലവിനും, ദുർവിനിയോഗങ്ങൾക്കുമുള്ള ഉത്തരവാദി ജോലി വിഭജനമനുസരിച്ചുള്ള ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും, ഇക്കാര്യങ്ങളിൽ സെക്രട്ടറിയ്ക്ക് മേൽനോട്ട പിശകിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ നിരാകരിച്ച തുക സെക്രട്ടറി, സെക്ഷൻ ക്ലാർക്ക് എന്നിവരിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## **3-6** തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് സാധന സാമഗ്രികൾ വാങ്ങിയതിൽ ഗുരുതര ക്രമക്കേട്

പ്രോജക്റ്റ് നം. - 159/18

നിർവ്വഹണം - സെക്രട്ടറി

ചെലവ് - ₹982085

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തി സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടാണ് തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് സാധന സാമഗ്രികൾ വാങ്ങൽ. പദ്ധതിയുടെ ഭാഗമായി 982085 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ഗുരുതര ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(എം.എസ്.)നം.13/2015/ITD തീ. 12.05.15 പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് ഇ-പ്രൊക്യൂർമെന്റ് സർക്കാർ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ 10 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന ഈ പ്രോജക്ടിന്റെ കാര്യത്തിൽ ഓപ്പൺ ടെണ്ടർ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. വാങ്ങൽ നടപടികൾ സുതാര്യവും, അഴിമതി രഹിതവും, കാര്യക്ഷമവുമാക്കുന്നതിനാണ് സർക്കാർ ഇ-പ്രോക്യൂർമെന്റ് നിഷ്കർഷിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശം ലംഘിച്ച് വാങ്ങൽ നടത്തിയത് ക്രമവിരുദ്ധമാണ്.

2. പ്രോജക്ടിന്റെ ടെണ്ടർ നടപടികളിൽ മനപൂർവ്വം കൃത്രിമത്വം നടത്തിയിട്ടുള്ളതായി വ്യക്തമാണ്. പ്രോക്യൂർമെന്റ് മാർഗ്ഗേരഖ പ്രകാരം വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകേണ്ടതും, ടെണ്ടർ സമർപ്പണത്തിന് പരസ്യ തീയതി മുതൽ 21 ദിവസം നൽകേണ്ടതുമാണ്. എന്നാൽ പരസ്യം നൽകി കേവലം 4 ദിവസം മാത്രമാണ് ടെണ്ടർ സമർപ്പിക്കുന്നതിന് നൽകിയിട്ടുള്ളത്. 30.07.2017-ലെ ദേശാഭിമാനി ദിനപത്രത്തിൽമാത്രമാണ് പരസ്യം നൽകിയത്. ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 03.08.2017 ആയിരുന്നു. സെക്രട്ടറി കൈയ്യൊപ്പ് ചാർത്തിയിട്ടുള്ള 29.07.2017-ലെ ജി.55685/2017 നമ്പർ വിൻഡോ പരസ്യത്തിന്റെ കരട് ഫയൽ സൂക്ഷിച്ചിട്ടുള്ളതിൽ പ്രോജക്ട് നമ്പരും, പ്രോജക്ടിന്റെ പേരും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസിദ്ധീകരണത്തിനു നൽകിയിട്ടുള്ള കോപ്പിയിൽ പ്രോജക്ടിനെ സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും ഉൾപ്പെടുത്തിയിരുന്നില്ല (അനുബന്ധം - 6 കാണുക). ഇക്കാരണത്താൽ പത്രത്തിൽ പ്രസിദ്ധീകരിച്ച ടെണ്ടർ നോട്ടീസിൽ പ്രോജക്ടിന്റെ പേര്, അടങ്കൽ, ഇ.എം.ഡി. തുക, ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി തുടങ്ങിയ അനിവാര്യമായ യാതൊരു വിവരങ്ങളും ഉണ്ടായിരുന്നില്ല. ഇക്കാരണത്താൽ തന്നെ പ്രോജക്ടിന് മതിയായ എണ്ണം ടെണ്ടറുകൾ ലഭിക്കാതെ പോയി. ഷാജി ഇലക്ട്രിക്കൽസ്, പത്തനാപുരം, പുളിമൂട്ടിൽ ഇലക്ട്രിക്കൽസ് കലഞ്ഞൂർ എന്നീ രണ്ട് സ്ഥാപനങ്ങളുടെ ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പുളിമൂട്ടിൽ എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്. പ്രോക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ഒരംഗത്തിന്റെ സാന്നിദ്ധ്യത്തിൽ പരസ്യമായിട്ടല്ല ടെണ്ടർ തുറന്നിട്ടുള്ളത്. 03.08.2017-ൽ ടെണ്ടർ തുറക്കുകയും, 10.08.2017-ലെ 4/1 തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി പുളിമൂട്ടിൽ ഇലക്ട്രിക്കൽസിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ ഇല്ലാതെയാണ് ഇപ്രകാരം ടെണ്ടർ അംഗീകരിച്ചത്. തല്പരകക്ഷികൾക്ക് ടെണ്ടർ ലഭിക്കുന്നതിനുവേണ്ടി ടെണ്ടർ നടപടികളിൽ വെള്ളം ചേർത്തുവെന്ന് മേൽ വിവരിച്ച സംഗതികളിൽനിന്നും വ്യക്തമാണ്.

3. പദ്ധതിയുടെ ഭാഗമായി ആകെ 982085 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | തുക | ക്യാഷ് ബിൽ നം., തീ. | വൗച്ചർ നം. |
|---|---|---|---|---|
| 1 | പുളിമൂട്ടിൽ ഇലക്ട്രികൽസ്, കലഞ്ഞൂർ | 370872 | 298/25.08.17 | 21700447<br>31.08.2017 |
| 2 | -ടി- | 100636 | 249/23.11.17 | 21700697<br>01.12.2017 |
| 3 | -ടി- | 57105 | 4/29.01.2018 | 21701103<br>02.03.2018 |
| 4 | -ടി- | 249332 | 10/30.03.2018 | 21701324<br>31.03.18 |

| | | | | |
|---|---|---|---|---|
| 5 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി ലാഡർ വാങ്ങിയ ഇനത്തിൽ പത്തനാപുരം, ഡൽറ്റാ ഗ്ലാസ് ഹൗസിന് നൽകിയത് | 4540 | 32/09.08.17 | 21700410<br>25.08.2017 |
| 6 | വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയ ഇനത്തിൽ ശ്രീ ബിജു ആർ., ശ്രീ അസിം, ശ്രീ അബ്ദുൾ ബുഹാരി എന്നിവർക്ക് വിവിധ തീയതികളിലായി നൽകിയത് | 199600 | | |
| | ആകെ | 982085 | | |

സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ള പുലിമൂട്ടിൽ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ഹാജരാക്കിയിട്ടുള്ള ക്യാഷ് ബില്ലുകൾ GST ചട്ടപ്രകാരമുള്ളവയല്ല. ക്രമ നമ്പർ 3, 4 എന്നിവ പ്രകാരമുള്ള ബില്ലുകൾ DTP ചെയ്ത് തയ്യാറാക്കിയിട്ടുള്ളതാണ്. ബില്ലുകളിൽ GST കാണിച്ചിട്ടില്ല.

4. പ്രോജക്റ്റിന്റെ ഭാഗമായി വാങ്ങിയിട്ടുള്ള ഇലക്ട്രിക്കൽ സാധനങ്ങൾ യഥാവിധി സ്റ്റോക്കിൽ ചേർത്ത് വിതരണ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇഷ്യു ചെയ്ത തീയതി, സ്റ്റോക്ക് കൈപ്പറ്റിയ ആളിന്റെ പേര് കൈയ്യൊപ്പ് എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല വാങ്ങിയ എല്ലാ സാധനങ്ങളും ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിനിയോഗം കാണിച്ചിട്ടുമില്ല. മേൽ കാണിച്ചിരിക്കുന്ന പ്രകാരം 30.03.2018-ലെ 10-ാം നമ്പർ ക്യാഷ് ബിൽ പ്രകാരം വാങ്ങിയ 249332 രൂപയുടെ ഇലക്ട്രിക്കൽ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്ത് വിനിയോഗ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5. അസ്സൽ പ്രോജക്റ്റ് പ്രകാരവും, ഭേദഗതി ചെയ്ത പ്രോജക്റ്റ് പ്രകാരവും തെരുവ് വിളക്കുകൾക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുമാത്രമാണ് തുക വകയിരുത്തിയിരുന്നത്. എന്നാൽ ഈ പ്രോജക്റ്റിന് വകയിരുത്തിയ തുകയിൽനിന്നാണ് കമ്മിറ്റി തീരുമാന പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു ഇലക്ട്രീഷ്യനേയും, ഹെൽപ്പറേയും ദിവസക്കൂലിക്ക് (യഥാക്രമം 700-ഉം, 500-ഉം രൂപ നിരക്കിൽ) നിയമിച്ച് വേതനം നൽകിയിട്ടുള്ളത്. അംഗീകരിച്ച പ്രോജക്റ്റിൽനിന്നും വ്യതിചലിച്ച് പദ്ധതി പണം ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല.

6. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷം അവസാനം ഇപ്രകാരമുള്ള Stock in Register ഉം Stock out Register ഉം റീക്കൺസൈൽ ചെയ്യുന്നുവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച സ.ഉ.(സാധാ)നം.2134/2015/തസ്വഭവ തീ. 15.05.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. എല്ലാ മാനദണ്ഡങ്ങളും മറികടന്നാണ് ടി പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത്.

മേൽവിവരിച്ച അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (31/23.07.18) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്ക് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്രമവിരുദ്ധമായ വാങ്ങൽ സംബന്ധിച്ച് ഭരണ വകുപ്പ് തലത്തിൽ സമഗ്രമായ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-7 ജി.എസ്.റ്റി. രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിൽനിന്നും വാങ്ങൽ നടത്തി; സർക്കാർ ഖജനാവിന് 140030 രൂപയുടെ നഷ്ടം

ഓഡിറ്റ് വർഷം തെരുവ് വിളക്കുകൾക്കാവശ്യമായ 777945 രൂപയുടെ സ്പെയർ പാർട്ട്സുകൾ വാങ്ങിയിരിക്കുന്നത്

ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരിയിൽനിന്നാണ്. സർക്കാർ ഡിപ്പാർട്ട്മെന്റുകൾ ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങളിൽനിന്നു വേണം വാങ്ങൽ നടത്താൻ. അല്ലാത്ത പക്ഷം സപ്ലൈയറിൽനിന്നും ജി.എസ്.റ്റി. ഈടാക്കി ഒടുക്കുവരുത്തേണ്ട ചുമതല വാങ്ങൽ നടത്തുന്ന സ്ഥാപനത്തിനാണ്. ഓഡിറ്റ് വർഷം ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത പുളിമൂട്ടിൽ ഇലക്ട്രിക്കൽസ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിൽനിന്നും സാധനങ്ങൾ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം. | ബിൽ തുക | ഈടാക്കേണ്ടിയിരുന്ന GST (18%) |
|---|---|---|
| 298/25.08.17 | 370872 | 66756.96 |
| 240/23.11.17 | 100636 | 18114.48 |
| 4/29.01.18 | 57105 | 10278.9 |
| 10/30.03.18 | 249332 | 44879.76 |
| ആകെ | 777945 | 140030.1 |

ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിൽനിന്നും വാങ്ങൽ നടത്തുകയും, എന്നാൽ TDS ആയി ജി.എസ്.ടി. ഈടാക്കാതിരിക്കുകയും ചെയ്ത ഇനത്തിൽ 140030 രൂപയുടെ നഷ്ടം കേന്ദ്ര/സംസ്ഥാന ഖജനാവുകൾക്കുണ്ടായിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്നോ, അല്ലാത്ത പക്ഷം വാങ്ങൽ നടത്തിയ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## 3-8 തേൻ സംസ്കരണ യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ - 2.5 ലക്ഷം രൂപയുടെ പാഴ്ച്ചെലവ്

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 270/18 |
| അടങ്കൽ | : | ₹250000 (വികസന ഫണ്ട്) |
| നിർവ്വഹണം | : | കൃഷി ഓഫീസർ |
| ചെലവ് | : | ₹250000 |
| ബിൽ നം/തീയതി | : | 12/18 തീ.02/03/18 |

തേൻ സംസ്കരണ യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്നും 2.5 ലക്ഷം രൂപ മുൻകൂറായി ചെലവഴിച്ചെങ്കിലും നാളിതുവരെ ഉപകരണങ്ങൾ പൂർണ്ണമായും ലഭിക്കുകയോ യൂണിറ്റ് ആരംഭിക്കുകയോ ചെയ്യാത്തതിനാൽ ചെലവ് തുക പാഴായി.

2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി തേൻ സംസ്കരണ യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കി. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഗുരുതരമായ അപാകതയുള്ളതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിന്റെ ഭാഗമായി തേൻ സംസ്കരണ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങിയതായുള്ള ഹോർട്ടികോർപ്പിന്റെ ക്യാഷ് ബില്ലിന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ടിൽ നിന്നും 250000 രൂപ 1991201000085 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഹോർട്ടികോർപ്പിന്റെ കൈപ്പറ്റ് രസീത് ഫയലിലില്ല. ഓഡിറ്റിന് ഹാജരാക്കിയ ബിൽ പ്രകാരമുള്ള ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | യൂണിറ്റ് വില | എണ്ണം | ആകെ തുക |
|---|---|---|---|
| Steel drum of capacity 500 kg. | 35000 | 2 | 70000 |
| Filtering Unit | 65000 | 1 | 65000 |
| Mechanial processing unit | 65000 | 1 | 65000 |
| Setting tank | 50000 | 1 | 50000 |
| ആകെ | | | 250000 |

2. ബിൽ പ്രകാരമുള്ള ഉപകരണങ്ങൾ പരിശോധനവേളയിൽ കൃഷി ഭവനിൽ ലഭിച്ചിട്ടുണ്ടായിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 28/23.7.18) പുന്നമൂട്ടിലുള്ള നീർത്തട സംരക്ഷണസമിതിയുടെ കെട്ടിടത്തിൽ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട് എന്നാണ് അവസാനദിവസം നൽകിയ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത്. കൃഷി അസിസ്റ്റന്റിന്റെ സാന്നിദ്ധ്യത്തിൽ ഭൗതിക പരിശോധന നടത്തിയതിൽ '*ഉരക്കുഴി സൂക്ഷ്മ നീർത്തട അസോസിയേഷൻ ഓഫീസ്*' കെട്ടിടത്തിൽ മെക്കാനിക്കൽ പ്രോസ്സസിംഗ് യൂണിറ്റ് മാത്രം സൂക്ഷിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. ഇക്കാര്യം കൃഷി അസിസ്റ്റന്റും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങളൊന്നും ഈ ഓഫീസിലില്ല. സ്ഥല സൗകര്യവും പരിമിതമാണ്. ആസ്തി രജിസ്റ്റർ പ്രകാരം കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുന്നുമില്ല. ഉപകരണങ്ങൾ ലഭിക്കാതെ അഡ്വാൻസ് ആയി തുക നൽകിയത് പദ്ധതി/സബ്സിഡി മാർഗ്ഗരേഖയുടെ വ്യക്തമായ ലംഘനമാണ്. സ്ഥാപനവുമായി കരാറിൽ ഏർപ്പെടാതെയാണ് തുക നൽകിയിരിക്കുന്നത്. യൂണിറ്റ് രൂപീകരിച്ച് രജിസ്റ്റർ ചെയ്യുകയോ, യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയോ ചെയ്യാതെ ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച ഉദ്യോഗസ്ഥയും, സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുമുമ്പായി വികസന ഫണ്ട് മുൻകൂറായി പിൻവലിച്ച് നൽകിയ ഉദ്യോഗസ്ഥയും പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള വീഴ്ചയ്ക്ക് ഒരുപോലെ ഉത്തരവാദികളാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ, ചെറുകിട വ്യവസായ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റേയോ മേൽനോട്ടം പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായില്ല എന്നതും പ്രോജക്ട് നിർവ്വഹണത്തിലെ വീഴ്ചയ്ക്ക് കാരണമായി.

3. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(എം.എസ്)നമ്പർ 80/2017/തസ്വഭവ തീ.03/4/17) പ്രകാരം ഗ്രൂപ്പ് അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾ (വനിതകൾ മാത്രം) ആരംഭിക്കുന്നതിന് 75%, പരമാവധി 3ലക്ഷം രൂപ സബ്ഡസിഡിയ്ക്കാണ് അർഹതയുള്ളത്. ഗ്രൂപ്പിലെ അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരംഗത്തിന് പരമാവധി 25000രൂപ എന്ന ക്രമത്തിൽ 300000 രൂപ പരമാവധി സബ്സിഡി അനുവദിക്കാം. ഗ്രൂപ്പ് രൂപീകരിച്ച് 6മാസം കഴിഞ്ഞതിന് ശേഷം നടത്തിയ ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പിന് വായ്പ ബന്ധിത പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക ബാങ്കിന് നൽകാവുന്നതാണ്. എന്നാൽ ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കാതെ തേനീച്ച കർഷകർ ഗ്രാമപഞ്ചായത്തിലുണ്ട് എന്നത് മാത്രം ആധാരമാക്കിയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖയിലെ നിബന്ധനകളൊന്നും പാലിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ അടിസ്ഥാനമാക്കി മാത്രമേ വികസന ഫണ്ട് ചെലവഴിക്കാൻ പാടുള്ളൂ എന്ന സർക്കാർ നിർദ്ദേശം പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് പോലും പാലിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. പ്രോജക്ട് ചെലവിന്റെ 25%, അതായത് 62500 രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കേണ്ടിയിരുന്നു. ആയത് പാലിക്കാതെ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിരിക്കുകയാണ്.

4. പ്രോജക്ട് പ്രകാരം ടെണ്ടർ മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ടെണ്ടർ നടപടികൾ ഒഴിവാക്കി ഹോർട്ടികോർപ്പിന്റെ ബിൽ ഹാജരാക്കി തുക പിൻവലിക്കുകയാണ് ചെയ്തത്. നിർവ്വഹണ രീതി മാറ്റിയതിന് ഭരണാനുമതി വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ടെണ്ടർ ഒഴിവാക്കി തേൻ സംസ്കരണ ഉപകരണങ്ങൾ ഹോർട്ടികോർപ്പിൽ നിന്നും വാങ്ങുന്നതിന് സർക്കാർ അനുമതി ലഭിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല

5. വാങ്ങലിന് ആധാരമായി ഹാജരാക്കിയ ഹോർട്ടികോർപ്പിന്റെ ക്യാഷ് ബിൽ ജി.എസ്.റ്റി ചട്ടപ്രകാരമുള്ളതല്ല.

ജി.എസ്.റ്റി. ഈടാക്കിയിട്ടില്ല എന്നതിനാൽ തന്നെ ബില്ലിന്റെ സാധുത ഉറപ്പാക്കാനാവില്ല.

6. ടി അപാകതകൾ മുൻനിർത്തി പ്രോജക്ടിന് ചെലവഴിച്ച 250000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെയും, ഗ്രൂപ്പ് രൂപീകരിച്ച് രജിസ്റ്റർ ചെയ്യാതെയും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയുമാണ് ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചത്. ഇതിന് ഉത്തരവാദി ശ്രീമതി റീന രവീന്ദ്രൻ, കൃഷി ഓഫീസറാണ്. തുടർന്ന് കൃഷി ഓഫീസറായി ചുമതലയേറ്റ ശ്രീമതി സിന്ധു കെ.എസ്. പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ തുടർ പ്രവർത്തനങ്ങൾ ഏറ്റെടുത്തില്ലെന്നു മാത്രമല്ല സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് മുമ്പ് വികസന ഫണ്ടിൽനിന്നും മുൻകൂറായി തുക പിൻവലിച്ച് സപ്ലൈയർക്ക് നൽകുകയും ചെയ്തു. പദ്ധതി ലക്ഷ്യം കാണാതിരുന്നതിന് മേൽപ്പറഞ്ഞ രണ്ട് ഉദ്യോഗസ്ഥരും തുല്യ ഉത്തരവാദികളാണ്. അംഗീകരിച്ച പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം യൂണിറ്റ് പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കാത്തപക്ഷം ചെലവ് തുക നിരാകരിച്ച് ടി ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

## 3-9 പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ ഫലക്ഷമത ഇല്ലാതാക്കുന്നു

പ്രോജക്ടുകളുടെ ബാഹുല്യം ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെയും ഫലക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നു. 2017-18 സാമ്പത്തിക വർഷം 270 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും 174 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലായത്. 104196910 രൂപ പദ്ധതി അടങ്കലായി നിശ്ചയിച്ചുവെങ്കിലും 53095041 രൂപ മാത്രമാണ് ചെലവിട്ടത് (51%). പൊതുമരാമത്ത് പ്രവൃത്തികൾക്കായി 191 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും നിർവ്വഹണം പൂർത്തീകരിച്ചത് 109 എണ്ണം മാത്രമാണ്. അസി.എഞ്ചിനീയർ നിർവ്വഹണ ചുമതല വഹിച്ച പ്രോജക്ടുകളുടെ നിർവ്വഹണത്തിലാണ് അപാകതകൾ ഉണ്ടായിട്ടുള്ളത്.

പ്രോജക്ടുകളുടെ ബാഹുല്യം അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണത്തെ വളരെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. ഇത്രയധികം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഒരു അസി.എഞ്ചിനീയറും, രണ്ട് ഓവർസീയർമാരും മാത്രമാണ് ഉണ്ടായിരുന്നത്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഫയൽ വർക്ക് ചെയ്യുന്നതിന് ക്ലാർക്കിന്റെ സേവനം ലഭ്യമായിരുന്നില്ല. മരാമത്ത് പ്രവൃത്തികൾക്കു പുറമേ പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഭാഗമായി വാല്യൂവേഷൻ സർട്ടിഫിക്കറ്റുകൾ നൽകുക, കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കുള്ള അപേക്ഷകൾ തീർപ്പാക്കുക തുടങ്ങിയ ജോലികളും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലകളാണ്. പൊതുമരാമത്ത് മേഖലയിൽ കുറഞ്ഞ അടങ്കൽ തുകയുള്ള അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതുമൂലം ഭൂരിഭാഗം പ്രവൃത്തികളും സമയബന്ധിതമായി നിർവ്വഹിക്കാൻ കഴിയാതെ സ്പിൽ ഓവറാവുന്ന സ്ഥിതിവിശേഷമാണ് ഗ്രാമപ്പഞ്ചായത്തിൽ കാണാൻ കഴിഞ്ഞത്.

ഓരോ മേഖലയിലും, ഉപവികസന മേഖലയിലും തയ്യാറാക്കുന്ന പ്രോജക്ടുകൾവരെ വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന തെറ്റായ പ്രവണതയാണ് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് കാരണം. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ആയിരിക്കണം പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടതെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് കുറഞ്ഞ അടങ്കൽ തുകയുള്ള അസംഖ്യം പദ്ധതികളാണ് ഓരോ വർഷവും ഗ്രാമപ്പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. പഞ്ചായത്തിലെ പദ്ധതി നിർവ്വഹണത്തിലുള്ള കാതലായ പിഴവാണിത്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ട്. ആയതിനാൽ വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം അവസാനിപ്പിക്കുന്നതിനും അതുവഴി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനും ഗ്രാമപ്പഞ്ചായത്ത് ഭരണസമിതി തയ്യാറാകേണ്ടതുണ്ട്.

## 3-10 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്ന കാര്യത്തിലും, പൂർത്തിയാക്കിയ പ്രോജക്ടുകളുടെ ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിച്ച് പണമാക്കി മാറ്റുന്നതിലും പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം വീഴ്ചവരുത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മരാമത്ത് പ്രവൃത്തികളുടെ എണ്ണം | ആകെ അടങ്കൽ | നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|

| | സ്പിൽ ഓവർ | പുതിയത് | | സ്പിൽ ഓവർ | പുതിയത് | | |
|---|---|---|---|---|---|---|---|
| 2017-18 | 56 | 135 | 59829212 | 46 | 62 | 23255245 | 38.87 |

കേരളത്തിലെ വികസന സങ്കല്പത്തിൽ മരാമത്ത് പണികൾക്ക് താരതമ്യേന ഉയർന്ന പരിഗണനയാണ് നൽകുന്നത്. എല്ലാ വികസന പ്രവർത്തനങ്ങൾക്കും കൂടി നാട്ടിൽ ചെലവഴിക്കുന്ന തുകയുടെ ഗണ്യമായ ഭാഗവും ചെലവഴിക്കുന്നത് നിർമ്മാണ മേഖലയിലാണ്. ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ മൊത്തം പദ്ധതി അടങ്കലിന്റെ 57.42 ശതമാനവും വകയിരുത്തിയിരുന്നത് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനുവേണ്ടിയായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ നിർമ്മാണ പ്രവർത്തികൾക്കുള്ള പ്രാധാന്യം ഉൾക്കൊണ്ട് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനും എഞ്ചിനീയറിംഗ് വിഭാഗത്തിന് കഴിഞ്ഞിട്ടില്ല.

പൂർത്തിയാക്കിയ 18 പ്രവൃത്തികളുടെ ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിക്കാതിരുന്നതിനാൽ 43.60 ലക്ഷം രൂപ പണമാക്കി മാറ്റാനാവാതെ കൃവിലായി. മേൽ പറഞ്ഞ 18 പ്രവൃത്തകളുടെയും ബില്ലുകൾ മാർച്ച് 31-ന് രാത്രി 8.30-നാണ് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പദ്ധതി നിർവ്വഹണം സമയബന്ധിതമാക്കുന്നതിന് സർക്കാർ കർശന നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി 31.05.17-നു മുമ്പായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയ്ക്ക് അംഗീകാരം വാങ്ങി പദ്ധതി നിർവ്വഹണം ആരംഭിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. സാമ്പത്തിക വർഷാന്ത്യത്തിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിക്കുന്ന മുൻകാല രീതിയിൽനിന്നും വ്യത്യസ്തമായി പദ്ധതി നിർവ്വഹണത്തിന് ഒരു കലണ്ടർ വർഷം മുഴുവൻ സമയം ലഭ്യമാക്കുന്നതിനായിരുന്നു സർക്കാർ ഇതിലൂടെ ഉദ്ദേശിച്ചിരുന്നത്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഓരോ ത്രൈമാസത്തിലും 25% ബഡ്ജറ്റ് തുക ചെലവഴിക്കത്തക്ക രീതിയിൽ ക്രമപ്പെടുത്തണമെന്നും, 2018 മാർച്ച് മാസം പരമാവധി 15 ശതമാനം തുകയേ ചെലവഴിക്കാൻ സാധിക്കുകയുള്ളൂവെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. ഒരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഇത് കൃത്യമായി പാലിക്കണമെന്നും, ഇത് പാലിക്കുക എന്നത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാദ്ധ്യതയായിരിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ ഓഡിറ്റ് നടത്തിയ പരിശോധനയിൽ 31.25 ശതമാനം ചെലവുകൾക്കുള്ള മരാമത്ത് ബില്ലുകളും മാർച്ച് 31-നാണ് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതെന്ന് കണ്ടു. മരാമത്ത് പ്രോജക്കുകളുടെ നിർവ്വഹണം സാമ്പത്തിക വർഷാന്ത്യത്തിലേക്ക് വലിച്ചിഴക്കുന്നത് അഭികാമ്യമല്ല.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്കുകൾ അതത് സാമ്പത്തിക വർഷം മാർച്ച് 31-നകം പൂർത്തിയാക്കി ഫണ്ട് ചെലവഴിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതെ പദ്ധതി തയ്യാറാക്കിയതിലൂടെ ജനങ്ങൾക്ക് നല്കിയ വാഗ്ദാനം പഞ്ചായത്ത് ലംഘിക്കുകയും വികസനാവശ്യത്തിന് ചെലവഴിക്കാമായിരുന്ന സർക്കാർ ഗ്രാന്റ് ലാപ്സാക്കുകയും ചെയ്തിരിക്കുന്നു. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല; റോഡിതര മെയിന്റനൻസ് ഗ്രാന്റ് സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല

റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 87.70ലക്ഷം അടങ്കലുള്ള 27 മരാമത്ത് പ്രവൃത്തികളിൽ 14 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയത് (ചെലവ് 33 ലക്ഷം). ഓഡിറ്റ് വർഷം മാത്രമല്ല മുൻവർഷങ്ങളിലും റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വാർഷിക പദ്ധതിയിൽ ലഭ്യമായ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| 2017-18 | 9219889 | 3750555 | 40.68 |
| 2016-17 | 9176009 | 3235328 | 35.26 |
| 2015-16 | 7256377 | 2452734 | 33.8 |

| | | | |
|---|---|---|---|
| 2014-15 | 6727613 | 2774236 | 41.24 |
| 2013-14 | 4789807 | 2075294 | 43.33 |
| 2012-13 | 3494902 | 1444095 | 41.32 |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപീക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - ഖ: 13.6]. കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ സേവനം മെച്ചപ്പെടുത്തുന്നതിനും, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമാണ് മെയിന്റനൻസ് പ്ലാൻ തയ്യാറേക്കേണ്ടത്. എന്നാൽ ഇപ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറിക്കിയിരുന്നില്ല. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്ന പ്രോജക്ടുകൾ അദ്ധ്യായനവർഷം ആരംഭിക്കുന്നതിന് മുമ്പ് പൂർത്തിയാക്കതക്ക രീതിയിൽ നിർവ്വഹണം ക്രമീകരിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. സ്കൂളുകളുടെ പുനരുദ്ധാരണത്തിനായി തൻവർഷം ആവിഷ്കരിച്ച 37.38 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന 8 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയില്ല - റോഡുകളുടെ മുഴുവൻ നീളവും പുനരുദ്ധരിക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നില്ല

പുനരുദ്ധാരണം ആവശ്യമായ റോഡുകളുടെ മുഴുവൻ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ റോഡുകളെ ചെറിയ ഭാഗങ്ങളായി വിഭജിച്ച് പ്രോജക്ട് തയ്യാറാക്കുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ ഒരു റോഡു പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കഴിയുന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അപൂർണ്ണമായി തയ്യാറാക്കുന്ന രീതി അഭിലഷണീയമല്ല. ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണമെന്നും കണക്ടിവിറ്റി പ്ലാനിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ റോഡുകൾ പൂർണ്ണായും ഗതാഗത യോഗ്യമാക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കണമെന്നുമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പഞ്ചായത്ത് അവഗണിച്ചു.

ഗതാഗത മേഖലയിൽ ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചതിലൂടെ ഭൂരിപക്ഷം പ്രോജക്ടുകളുടെയും അടങ്കൽ 5 ലക്ഷത്തിൽ താഴെയാകുകയും ഇവ ഇ-ടെണ്ടറിന്റെ പരിധിയിൽനിന്നും ഒഴിവാകുകയും ചെയ്തു. ഓഡിറ്റ് വർഷം കേവലം 11 പ്രവൃത്തികൾ മാത്രമാണ് ഇ-ടെണ്ടർ ചെയ്തിട്ടുള്ളത്. ഓപ്പൺ ടെണ്ടറിലൂടെ പദ്ധതികൾ നടപ്പിലാക്കിയപ്പോൾ കരാറുകാർ ഒത്തുകളിച്ച് എല്ലാ പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് നിരക്കിലോ 0.5% മുതൽ 1% വരെ കുറഞ്ഞ നിരക്കിലോ ടെണ്ടർ സമർപ്പിച്ച് കരാറുകൾ നേടിയെടുത്തു. പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്ത് സുതാര്യമായി നടപ്പിലാക്കിയിരുന്നെങ്കിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗണ്യമായ തുക പഞ്ചായത്തിന് ലാഭിക്കാമായിരുന്നു.

റോഡ് കണക്ടിവിറ്റി പദ്ധതി തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ഗതാഗത മേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി; 255738 രൂപയുടെ ചെലവ് അനധികൃതം

പ്രോജക്ട് നം. - 145/18

എസ്റ്റിമേറ്റ് തുക - ₹2500000

കരാറുകാരൻ - ശ്രീ അമ്പിളീധരൻ നായർ

ഫൈനൽ ബിൽ തുക - ₹672500

ട്രഷറി ബിൽ നം., തീ.- 39/17-18, 11.01.18

എം.ബുക്ക് നം. - 62/16-17, 64/16-17, 75/16-17

നിർവ്വഹണം - അസി.എഞ്ചിനീയർ

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലോകബാങ്ക് ധനസഹായ തുകയിൽനിന്നും 25 ലക്ഷം രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയാണ് പഞ്ചായത്ത് ഓഫീസ് നവീകരണവും, ടോയ്‌ലറ്റ് നിർമ്മാണവും. ഇ-ടെണ്ടർ ക്ഷണിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ചതിൽ 16.99% കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ അമ്പിളീധരൻ നായർ എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 2072500 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് 255738 രൂപയുടെ 24 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയിട്ടുണ്ട്. എന്നാൽ അധികമായി ചെയ്ത ഇനം പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ഒരു നിർമ്മാണ പ്രവൃത്തി നടപ്പിലാക്കിവരുമ്പോൾ ഒറിജിനൽ പ്രോജക്ടിൽ വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിച്ചേർക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനുശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിന് വ്യവസ്ഥയില്ല. ഈ പ്രവൃത്തിയുടെ കാര്യത്തിൽ പ്രവൃത്തി പൂർത്തിയാക്കി എം.ബുക്കിൽ മെഷർമെന്റും രേഖപ്പെടുത്തിയതിനുശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റിനും, കംപാരറ്റീവ് സ്റ്റേറ്റ്മെന്റിനും എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും അംഗീകാരം വാങ്ങിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ എക്സ്ട്രാ ഇനമായി ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് നൽകിയിട്ടുള്ള പ്രതിഫലം 255738 രൂപ ഓഡിറ്റിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചട്ടവിരുദ്ധമായി കരാറുകാരന് പ്രതിഫലം നൽകിയ സംഗതിയിൽ ഉചിതമായ വകുപ്പുതല നടപടികൾക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-14 കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ തള്ളി പ്രവൃത്തി റീടെണ്ടർ ചെയ്തു; പഞ്ചായത്ത് ഫണ്ടിന് 45386 രൂപയുടെ നഷ്ടം

പ്രോജക്ട് നം. - 75/18

എസ്റ്റിമേറ്റ് തുക - ₹200000

ഫൈനൽ ബിൽ തുക - 196343

ട്രഷറി ബിൽ നം., തീ.- 80/17-18, 31.03.18

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഗാന്ധി ജംഗ്ഷൻ നരിക്കുഴി പ്രക്കാനം റോഡ് സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിച്ചതിൽ എസ്റ്റിമേറ്റിൽ കുറഞ്ഞ നിരക്കിൽ ടെണ്ടറുകൾ ലഭിച്ചിരുന്നു. എന്നാൽ ടെണ്ടർ നടപടികൾ പാതിവഴിയിൽ ഉപേക്ഷിച്ച് പ്രവൃത്തി റീടെണ്ടർ ചെയ്ത് 0.5% കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നടത്തി. സുതാര്യമല്ലാത്ത ഈ നടപടിയിലൂടെ പഞ്ചായത്ത് ഫണ്ടിന് 45386 രൂപയുടെ നഷ്ടമുണ്ടായി.

2 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന ഈ പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിച്ചതിൽ ആകെ 2 ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്. ഓഡിറ്റിന് ലഭ്യമായ രേഖകൾ പ്രകാരം ഈ ടെണ്ടർ നടന്നിരിക്കുന്നത് 26.08.2017-ലാണ്. ഈ ടെണ്ടർ നടപടിയുടെ വിവരം ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലഭിച്ച ടെണ്ടറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടർ സമർപ്പിച്ച കരാറുകാരന്റെ പേര് | ക്വോട്ട് ചെയ്ത നിരക്ക് | ടെണ്ടർ അംഗീകരിച്ചു/ഇല്ല | കുറിപ്പ് |
|---|---|---|---|---|
| 1 | ശ്രീമതി അജ്മി അബ്ദുൾ മജീദ് | 23% കുറവ് | ഇല്ല | അനുബന്ധം 7 കാണുക |
| 2 | ശ്രീ ആർ. | 14.5% | ഇല്ല | “ |

| | | | | |
|---|---|---|---|---|
| | അജയൻ | കുറവ് | | |

കുറഞ്ഞ നിരക്കിലുള്ള ശ്രീമതി അജ്മി അബ്ദുൾ മജീദിന്റെ ടെണ്ടർ അംഗീകരിച്ച് ടിയാൾക്ക് 03.10.17-ൽ സെലക്ഷൻ നോട്ടീസ് അയച്ചിട്ടുള്ളതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ തുടർന്നതായി കാണുന്നില്ല. തുടർന്ന് 27.01.18-ൽ പ്രവൃത്തി റീടെണ്ടർ ചെയ്തതായാണ് കാണുന്നത്. റീടെണ്ടറിൽ മുൻപ് 14.5ശതമാനം കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ചിരുന്ന ശ്രീ ആർ.അജയന്റെ 0.5% നിരക്കിലുള്ള ഒരു ടെണ്ടർ മാത്രം ലഭിച്ചതായി ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തി ടിയാന് കരാർ നല്കി. 26.08.2017-ൽ നടന്ന ടെണ്ടറിൽ ലഭിച്ച കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ കരാർ നൽകാതിരുന്നതിനുള്ള കാരണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/23.07.18) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. ആദ്യ ടെണ്ടർ നടപടികൾ ഉപേക്ഷിച്ച് പ്രവൃത്തി റീടെണ്ടർ ചെയ്യാനുണ്ടായ കാരണം ഫയലിൽ വ്യക്തമാക്കേണ്ട ചുമതല നിർവ്വഹണാധികാരിയ്ക്കുണ്ട്. എന്നാൽ ടെണ്ടർ രജിസ്റ്ററിലോ, ഫയലിലോ ആദ്യ ടെണ്ടർ നടപടികൾ ഉപേക്ഷിക്കാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാരനായ ശ്രീ ആർ. അജയൻ 197330 രൂപയുടെ പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. 0.5% ടെണ്ടർ സേവിംഗ്സ് ഇനത്തിൽ 987 രൂപയാണ് ബില്ലിൽനിന്നും കുറവ് ചെയ്തിട്ടുള്ളത്. 23% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീമതി അജ്മി അബ്ദുൾ മജീദിന്റെ ടെണ്ടർ സ്വീകരിച്ച് കരാർ നൽകിയിരുന്നെങ്കിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ 45386 രൂപ പഞ്ചായത്തിന് ലാഭിക്കാമായിരുന്നു. അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുകയോ, അല്ലാത്ത പക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽനിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്. അതുവരെ പ്രവൃത്തിക്ക് ചെലവഴിച്ച 196343 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് 31 ലക്ഷം രൂപ

കേന്ദ്ര ധന മന്ത്രാലയത്തിന്റെ മാർഗരേഖ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഉപയോഗം കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് റോഡ് സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും ഭാഗമായല്ലാതെ പുതിയ റോഡിന്റെ കോൺക്രീറ്റിംഗ് നടത്താവുന്നതല്ലെന്ന് 18.09.2017-ലെ ഡി.എ.1/672/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഓഡിറ്റ് വർഷം 31 പ്രോജക്ടുകൾ ആവിഷ്കരിക്കുകയും 19 പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 1 | 35 | നെടുമൺകാവ് പൗവ്വത്ത്പടി റോഡ് കോൺക്രീറ്റിംഗ് | 150000 | 149944 | 36/17-18<br>11.01.18 |
| 2 | 48 | പാടം ടവർ കാഷ്യു ഫാക്ടറി റോഡ് കോൺക്രീറ്റിംഗ് | 150000 | 148185 | 41/17-18<br>11.01.18 |
| 3 | 72 | മുറിഞ്ഞകൽ കരിമരത്തിനാൽ റോഡ് കോൺക്രീറ്റിംഗ് | 100000 | 99713 | 50/17-18<br>16.01.18 |
| 4 | 73 | അതിമരുങ്കൽ മുളമൂട്ടിൽ വടക്കേ മണ്ണിൽ റോഡ് കോൺക്രീറ്റിംഗ് | 100000 | 99486 | 71/17-18<br>26.03.18 |
| 5 | 76 | പത്തേക്കർ പുന്നമൂട് | 100000 | 99314 | 45/17-18 |

| | | | | | |
|---|---|---|---|---|---|
| | | ആനക്കുഴി റോഡ് കോൺക്രീറ്റിംഗ് | | | 11.01.18 |
| 6 | 77 | പൊടിമണ്ണിൽ ലക്ഷ്മി വിലാസം റോഡ് കോൺക്രീറ്റിംഗ് | 100000 | 99314 | 54/17-18 24.01.18 |
| 7 | 81 | കൂടൽ തേവലപ്പുറം റോഡ് കോൺക്രീറ്റിംഗ് | 100000 | 99440 | 61/17-18 21.03.18 |
| 8 | 82 | പുന്നമൂട് കൈരളി വായനശാലപ്പടി അട്ടഴിക്കോട് റോഡ് കോൺക്രീറ്റിംഗ് | 100000 | 99765 | 72/17-18 26.03.18 |
| 9 | 146 | വലിയവിള കാലായിൽപടി റോഡ് കോൺക്രീറ്റിംഗ് | 300000 | 269364 | 4/17-18 22.07.17 |
| 10 | 150 | കാരുവയൽ കലുങ്ക് റോഡ് കോൺക്രീറ്റിംഗ് | 350000 | 342298 | 6/17-18 22.07.17 |
| 11 | 152 | കാവുങ്ങുംകുളം ചരിപ്പുറത്ത് റോഡ് കോൺക്രീറ്റിംഗ് | 250000 | 201989 | 10/17-18 22.07.17 |
| 12 | 153 | രത്നഗിരി പുതുക്കാട് റോഡ് കോൺക്രീറ്റിംഗ് | 250000 | 247595 | 13/17-18 22.07.17 |
| 13 | 172 | മല്ലമ്പുഴ അമ്പോലിൽ റോഡ് കോൺക്രീറ്റിംഗ് | 150000 | 0 | |
| 14 | 177 | കുരുങ്ങയം പെരുമലപ്പടി റോഡ് കോൺക്രീറ്റിംഗ് | 400000 | 0 | |
| 15 | 178 | കൊട്ടാരം കൊല്ലിയാനികോട് റോഡ് കോൺക്രീറ്റിംഗ് | 150000 | 0 | |
| 16 | 180 | കല്ലുവെട്ടാംകുഴി പ്ലാന്റേഷൻ റോഡ് കോൺക്രീറ്റിംഗ് | 100000 | 0 | |
| 17 | 182 | നെല്ലിമുരുപ്പ് കോഴഞ്ചേരിപ്പടി മങ്കുഴി റോഡ് കോൺക്രീറ്റിംഗ് | 200000 | 171841 | 58/17-18 09.02.18 |
| 18 | 184 | മരുതിക്കാല ഈട്ടിവിള കടമരം | 200000 | 199776 | 47/17-18 16.01.18 |

| | | | | | |
|---|---|---|---|---|---|
| | | റോഡ് കോൺക്രീറ്റിംഗ് | | | |
| 19 | 192 | പോത്തുപാറ കടവുമൂല റോഡ് കോൺക്രീറ്റിംഗ് | 100000 | 0 | |
| 20 | 199 | പാകണ്ടത്തിൽപ്പടി മണക്കയം റോഡ് കോൺക്രീറ്റിംഗ് | 200000 | 0 | |
| 21 | 201 | SNDP ചൂരപ്പച്ച റോഡ് കോൺക്രീറ്റിംഗ് | 150000 | 149250 | 44/17-18 11.01.18 |
| 22 | 209 | പുന്നമൂട് അംഗനവാടി റോഡ് കോൺക്രീറ്റിംഗ് | 300000 | 298133 | 34/17-18 11.01.18 |
| 23 | 216 | നാവിനാൽപ്പടി മണ്ണിൽതോട് റോഡ് കോൺക്രീറ്റിംഗ് | 110000 | 108691 | 48/17-18 17.01.18 |
| 24 | 220 | ഇടത്തറ പാണംപറമ്പിൽ റോഡ് കോൺക്രീറ്റിംഗ് | 140000 | 139385 | 67/17-18 21.03.18 |
| 25 | 223 | പന്മനമഠം റോഡ് കോൺക്രീറ്റിംഗ് | 100000 | 0 | |
| 26 | 224 | കല്ലറേത്ത് പൊന്നൂർകാവ് റോഡ് കോൺക്രീറ്റിംഗ് | 100000 | 0 | |
| 27 | 228 | പോസ്റ്റ് ഓഫീസ് കുഴിപ്പാറ റോഡ് കോൺക്രീറ്റിംഗ് | 444350 | 0 | |
| 28 | 235 | അമ്പലപ്പടി കടവണ്ണൂർ തോട് നടപ്പാലം | 100000 | 0 | |
| 29 | 242 | എലിക്കോട് വൈദ്യരുപ്പടി കോളനി റോഡ് കോൺക്രീറ്റിംഗ് | 80000 | 79384 | 91/17-18 31.03.18 |
| 30 | 269 | പോരുന്താളൂർ മടയത്തറ ചുറ്റുവട്ടം റോഡ് കോൺക്രീറ്റിംഗ് | 150000 | 0 | |
| 31 | 309 | അയത്തിക്കുഴി - ചക്കിട്ടറോഡ് കോൺക്രീറ്റിംഗ് | 100000 | 0 | |

| | | | | | |
|---|---|---|---|---|---|
| | | ആകെ | 5324350 | 3102867 | |

മേൽകാണിച്ചിരിക്കുന്ന പ്രകാരം 31 ലക്ഷം രൂപയുടെ ചെലവ് അനധികൃതമാണ്. 2017-18-ലെ മാർഗ്ഗരേഖ പ്രകാരം നിലവിലെ റോഡിന്റെ പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായി കോൺക്രീറ്റിംഗ് ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യ പ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 ഒ.ഡി.എഫ്. - തിരികെ ലഭിച്ച 11.34 ലക്ഷം രൂപ തനത് ഫണ്ടിൽ നിഷ്ക്രീയമായി കിടക്കുന്നു

വെളിയിട വിസർജ്ജന വിമുക്ത പദ്ധതിയ്ക്കായി (ODF) പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച 1134343 രൂപ ശുചിത്വ മിഷനിൽ നിന്നും 06.10.2017-ൽ തിരികെ ലഭിച്ചത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത് [ജി.ഒ.(എം.എസ്.)2537/16/തസ്വഭവ., തീ.27.08.2016]. എന്നാൽ 2017-18, 2018-19 വാർഷിക പദ്ധതിയിൽ പ്രസ്തുത തുക വകയിരുത്തി പ്രോജക്ടുകളൊന്നും ആവിഷ്കരിക്കപ്പെട്ടിട്ടില്ല. ലഭിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിഷ്ക്രീയമായി കിടക്കുന്നു. ഈ തുക വകയിരുത്തി 2018-19 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 കാർഷിക സഹായകേന്ദ്രം നാളിതുവരെ പ്രാവർത്തികമായില്ല; 75000 രൂപ സർക്കാർ ഫണ്ട് പാഴായി

ഗ്രാമപ്പഞ്ചായത്തുകളിൽ കാർഷിക സഹായ കേന്ദ്രം(Farmers Fecilitation Centre) ആരംഭിക്കുകയെന്ന കുടുംബശ്രീ മിഷന്റെ പ്രോജക്ടിന്റെ ഭാഗമായി കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി 50000 രൂപ 31/12/13ന് ഗ്രാമപ്പഞ്ചായത്ത് സി.ഡി.എസിന് ലഭിച്ചിരുന്നു. കുടുംബശ്രീ ജില്ലാ മിഷൻ ചുമതലപ്പെടുത്തിയ വിതരണക്കാർ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുക കൈമാറണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. 9/7/14-ന് കാർഷിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കിയതനുസരിച്ച് 50000 രൂപ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് (ചെക്ക് നം.00722/17.12.14). ഇപ്രകാരം ലഭിച്ച ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി കാർഷിക സഹായകേന്ദ്രം ആരംഭിക്കുന്നതിനും കർഷകർക്ക് ന്യായമായ നിരക്കിൽ വാടകയ്ക്ക് നൽകി സി.ഡി.എസ്.ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുമായിരുന്നു കുടുംബശ്രീ മിഷൻ നിർദ്ദേശിച്ചിരുന്നത്. എന്നാൽ നാളിതുവരെ ഇപ്രകാരമൊരു കാർഷിക സഹായ കേന്ദ്രം ആരംഭിച്ചിട്ടില്ല. വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | വില |
|---|---|---|---|---|
| 1 | Weed Cutter | 1 | 20000 | 20000 |
| 2 | Hand Compression Sprayer 9 ltr | 3 | 4050 | 12150 |
| 3 | Coconut Climber | 2 | 2905 | 5810 |
| 4 | Knap sack Sprayers, 12Ltr | 2 | 1200 | 2400 |
| 5 | Mammtty | 13 | 380 | 4940 |
| 6 | Thoompa | 12 | 341 | 4092 |
| 7 | Garden fork | 8 | 76 | 608 |
| | ആകെ | | | 50000 |

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് 2011-12 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സി.ഡി.എസിന് കാടുവെട്ടി യന്ത്രവും അനുബന്ധ ഉപകരണങ്ങളും അനുവദിച്ചിരുന്നു. 'ടി' ഉപകരണം സി.ഡി.എസ് കമ്മിറ്റിയുടെ അനുവാദത്തോടെ ശ്രീ.എസ് ശാന്തൻ, പള്ളിക്കുടത്തിൽ തെക്കേതിൽ, മുറിഞ്ഞകൽ (പി.ഒ.) എന്ന വ്യക്തിയ്ക്ക് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ കൈമാറിയിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം 11 മാസക്കാലയളവിലേയ്ക്ക് പ്രതിമാസം 1000 വാടക നിജപ്പെടുത്തുകയും വാടക എല്ലാമാസവും അവസാന തീയതിയിൽ മെമ്പർ സെക്രട്ടറിയെ ഏൽപ്പിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. യഥാസമയം

അറ്റകുറ്റപ്പണി നടത്തി യന്തം പ്രവർത്തന സജ്ജമാക്കി സൂക്ഷിക്കുമെന്നും വാടകയിൽ കാലോചിതമായി വർദ്ധനവ് വരുത്താമെന്നും വ്യവസ്ഥയുണ്ട്. 11മാസത്തേയ്ക്കാണ് യന്ത്രം കൈമാറിയതെങ്കിലും ഇപ്പോഴും കാട്ടുവെട്ടിയന്ത്രം ടിയാന്റെ കൈവശമാണ്. വാടക നാളിതുവരെ സി.ഡി.എസിൽ ഒടുക്കിയിട്ടില്ലെങ്കിലും ഉപകരണങ്ങൾ തിരികെ വാങ്ങാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 27.06.18-ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച കാട്ടുവെട്ടി യന്ത്രം, കർഷക സഹായ കേന്ദ്രത്തിന് ലഭിച്ച തെങ്ങുകയറ്റ യന്ത്രം (1എണ്ണം) എന്നിവ കുടുംബശ്രീ ഓഫീസിലില്ല എന്നത് ബോധ്യപ്പെട്ടു. കാർഷിക സഹായ കേന്ദ്രത്തിന് ഓഫീസ് സജ്ജീകരിക്കുന്നതിനായി 25000 രൂപ (10000+15000) ജില്ലാ കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ചിരുന്നു. 9950 രൂപ ചെലവഴിച്ച് കാർഷിക സഹായകേന്ദ്രത്തിനായി അലമാരയും മേശയും വാങ്ങിയത് കുടുംബശ്രീ ഓഫീസിൽ ഉപയോഗിക്കുകയാണ്. 15000 രൂപ കാർഷിക സഹായ കേന്ദ്രത്തിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

കാർഷിക സഹായ കേന്ദ്രം ആരംഭിച്ച്, ഗ്രാമപ്പഞ്ചായത്തിലെ കർഷകർക്ക് വളരെയേറെ പ്രയോജനപ്പെട്ടുമായിരുന്ന ഈ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ സമീപനമാണ്. കാട്ടുവെട്ടിയന്ത്രം കൈപ്പറ്റിയ വ്യക്തിയിൽ നിന്നും തിരികെ വാങ്ങേണ്ടതും നാളിതുവരെയുള്ള വാടകക്കുടിശ്ശിക ഈടാക്കി ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കുടുംബശ്രീ മിഷൻ വിഭാവനം ചെയ്തിരുന്നതുപോലെയുള്ള കാർഷിക സഹായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് മൂലം കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടില്ലെന്ന് മാത്രമല്ല സർക്കാർ ഫണ്ട് പാഴാകുകയും ചെയ്തു. ലഭിച്ച കാർഷിക ഉപകരണങ്ങൾ പ്രയോജനപ്പെടുത്തി കാർഷിക സഹായ കേന്ദ്രം ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ ഭരണ സമിതിയും സി.ഡി.എസും സ്വീകരിക്കേണ്ടതാണ് .

## 3-18 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - ഫണ്ടിന്റെ അഭാവം മൂലം പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

ഡയറി ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽ നിന്നും 350000രൂപയും ബ്ലോക്ക് വിഹിതമായി ലഭിച്ച 1ലക്ഷം രൂപയും വകയിരുത്തി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്ട് നം. S0265/18). ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 6 ക്ഷീരോത്പാദക സഹകരണസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിലാണ് സബ്സിഡി നൽകിയത്. സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിന് പകരം ക്ഷീരസംഘത്തിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുകയും പിന്നീട് സംഘത്തിന്റെ അക്കൗണ്ടിൽ നിന്നും കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിരിക്കുകയുമാണ്. ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് (ഭാഗികം) മാസങ്ങളിൽ സംഘത്തിൽ നൽകിയ പാലിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയിരിക്കുന്നത്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ [ജി.ഒ.(എം.എസ് )നം.80/17/ത.സ്വ.ഭ.വ., തീ.03/04/17] അനുസരിച്ച് ഒരു കർഷകന് ഒരു വർഷം പരമാവധി 30000 രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. 2018-19 വർഷം മുതൽ ഇത് 40000 രൂപ ആയി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഗ്രാമ/ബ്ലോക്ക്/ജില്ലാപ്പഞ്ചായത്തുകൾ സംയുക്തമായി പ്രോജക്ട് നടപ്പിലാക്കാനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നതെങ്കിലും ജില്ലാപ്പഞ്ചായത്തിന്റെ വിഹിതം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനോ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മതിയായ വിഹിതം നേടിയെടുക്കുന്നതിനോ ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിനോ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കോ സാധിച്ചില്ല. നാലുമാസം നൽകിയ പാലിന്റെ അളവിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് പരമാവധി 10000 രൂപയിൽ താഴെ മാത്രമേ സബ്സിഡി നൽകാൻ സാധിച്ചുള്ളൂ എന്നതിനാൽ തന്നെ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല. 2012-ലെ ലൈവ്സ്റ്റോക്ക് സെൻസസ്സ് പ്രകാരം കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത് ഗ്രാമപ്പഞ്ചായത്തിലെ 900 കുടുംബങ്ങളാണ്. ഗ്രാമപ്പഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗമാണ് കന്നുകാലി വളർത്തൽ എന്നതിനാൽ തന്നെ ആവശ്യകതക്കനുസൃതമായി ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുവാൻ വികസന കാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 കാലിത്തീറ്റ സബ്സിഡി; തുക അധികം നൽകി

ഡയറി ഇൻസ്പെക്ടർ നിർവ്വഹിച്ച കാലിത്തീറ്റ സബ്സിഡി എന്ന പ്രോജക്ട് പ്രകാരം പൊതു വിഭാഗത്തിന് 50% സബ്സിഡി പരമാവധി പതിനായിരം രൂപയാണ് അനുവദനീയമായത്. പ്രോജക്ടിന്റെ ഗുണഭോക്താവായ ഇന്ദിരാ തമ്പി, കനീഷ് ഭവനം, മുറിഞ്ഞകൽ എന്നയാൾ ഹാജരാക്കിയ കാലിത്തീറ്റ വാങ്ങിയതിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ 2000 രൂപ സബ്സിഡി നൽകാനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ ടിയാളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സബ്സിഡി

തുക രണ്ടു പ്രാവശ്യം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.22/19.07.18) അടിസ്ഥാനത്തിൽ അധികമായി നൽകിയ 2000 രൂപ 118010102239/26.7.18 നമ്പർ രസീത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ ഗ്രാമപ്പഞ്ചായത്തിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ക്ഷീര വികസനമേഖലയിലെ പ്രോജക്ടുകൾ പ്രകാരം മുന്നൂറോളം ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകുന്നത്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക കൃത്യമായി ക്രഡിറ്റ് ചെയ്യുന്നുണ്ടോ എന്നതും മേൽ സൂചിപ്പിച്ച തരത്തിലുള്ള അപാകത ആവർത്തിക്കുന്നില്ല എന്നതും നിർവ്വഹണ ഉദ്യോഗസ്ഥയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പാക്കേണ്ടതാണ്.

## 3-20 ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി

ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ കറവപ്പശു വളർത്തൽ, കന്നുകുട്ടി പരിപാലനം എന്നീ പദ്ധതികളിലാണ് ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് . വിശദാംശം ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമ നമ്പർ</th><th>പ്രോജക്ടിന്റെ പേരും, നമ്പരും</th><th>ഗുണഭോക്താവിന്റെ പേരും വിലാസവും</th><th>നൽകിയ തുക</th><th>ബിൽ നം., തീ.</th></tr>
<tr><td rowspan="5">1</td><td rowspan="5">കറവപ്പശു വളർത്തൽ (എസ്സ്.സി.) - 31/2018</td><td>പൊന്നമ്മ, ബിനു ഭവൻ, കലഞ്ഞൂർ</td><td>30000</td><td rowspan="5">18/17-18<br>26.03.18</td></tr>
<tr><td>സുജ, പുത്തൻവിളയിൽ, കവുങ്ങയം</td><td>30000</td></tr>
<tr><td>കല, കാവിൽ വീട്, പാടം.പി.ഒ</td><td>30000</td></tr>
<tr><td>റെജിന, റെജി ഭവൻ, കളത്തുമൺ പി.ഒ.</td><td>30000</td></tr>
<tr><td>ബിന്ദു.എം.ഡി., പിണമല, കലഞ്ഞൂർ</td><td>30000</td></tr>
<tr><td>2.</td><td>കറവപ്പശു വളർത്തൽ (ജനറൽ) - 27/2018</td><td>പൊന്നമ്മ, ബിനു ഭവൻ, കലഞ്ഞൂർ</td><td>25000</td><td>19/17-18<br>26.03.18</td></tr>
<tr><td rowspan="5">3.</td><td rowspan="5">കന്നുകുട്ടി പരിപാലനം<br>25/2018</td><td>അനിൽകുമാർ, അജയ് ഭവൻ, അതിരുങ്കൽ പി.ഒ.</td><td>6250</td><td rowspan="5">10/17-18<br>12.01.18</td></tr>
<tr><td>ബിജു ഭവൻ, വലിയകാലായിൽ, അതിരുങ്കൽ പി.ഒ.</td><td>6250</td></tr>
<tr><td>ബിന്ദു കെ., 6 ഏക്കർ പുത്തൻ വീട്, അതിരുങ്കൽ പി.ഒ.</td><td>6250</td></tr>
<tr><td>ലീലാമ്മ, മാമ്മൂട്ടിൽ, കലഞ്ഞൂർ.പി.ഒ</td><td>6250</td></tr>
<tr><td>പ്രശാന്തൻ, ആനന്ദഭവൻ, അതിരുങ്കൽ പി.ഒ.</td><td>6250</td></tr>
</table>

| | | |
|---|---|---|
| | റഷീനാ ബീവി, താന്നിമൂട്ടിൽ, പാടം പി.ഒ. | 6250 |
| | ശാന്ത, ഇടമുരുപ്പേൽ വീട്, കലഞ്ഞൂർ പി.ഒ. | 6250 |
| | ശശികുമാർ, കല്ലുവിള പുത്തൻ വീട്, കൂടൽ | 6250 |
| | സുധർമ്മ പ്രകാശ്, പ്രകാശ് ഭവൻ, കലഞ്ഞൂർ | 6250 |
| | ഉഷ, ദിവ്യാ വിലാസം, കലഞ്ഞൂർ പി.ഒ. | 6250 |

പദ്ധതി നിർവ്വഹണ സമയത്ത് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾ ആനുകൂല്യം ആവശ്യപ്പെട്ട് എത്താത്ത സാഹചര്യത്തിലാണ് മറ്റുള്ളവർക്ക് ധനസഹായം അനുവദിച്ചതെന്നാണ് വെറ്റിനറി സർജൻ അറിയിച്ചത്. എന്നാൽ ഗ്രാമസഭാ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കളുടെ പേര് പിന്നീടുള്ള ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. ബഹു. കേരള ഹൈക്കോടതിയുടെ 04.04.1997-ലെ ഒ.പി.നം.18175/96/എൻ കേസിലെ വിധിന്യായത്തിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാര സ്ഥാനങ്ങൾ അല്ലെന്നും ഗ്രാമസഭയ്ക്ക് മാത്രമാണ് അതിനുള്ള അവകാശമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ പക്ഷപാതപരമായ തെരഞ്ഞെടുക്കൽ ഇന്ത്യൻ ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിന്റെ ലംഘനം ആയിരിക്കുമെന്നും പരാമർശിച്ചിട്ടുണ്ട്.

ടി ഗുണഭോക്താക്കളുടെ പേര് അടുത്ത ഗ്രാമസഭയിൽ വച്ച് അംഗീകാരം നേടാത്ത പക്ഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച തുക നിരാകരിക്കുന്നതും ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## 3-21 ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു

പ്രോജക്ട് നം. - S0026/18

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ മുട്ടക്കോഴി വിതരണ പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഇനത്തിൽ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ 6000 രൂപ നാളിതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടില്ല.

മുട്ടക്കോഴി വളർത്തൽ പദ്ധതിയ്ക്കായി ഒരു യൂണിറ്റിന് 500രൂപ നിരക്കിൽ ജനറൽ വിഭാഗത്തിലെ 1600 ഗുണഭോക്താക്കളിൽ നിന്നും 800000 രൂപയും, യൂണിറ്റൊന്നിന് 250 രൂപ നിരക്കിൽ 453എസ്സ്.സി. ഗുണഭോക്താക്കളിൽ നിന്നും 113250 രൂപയും ഗുണഭോക്തൃവിഹിതം പിരിച്ച് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിരുന്നു. മേൽ പറഞ്ഞ പ്രകാരം അടവാക്കിയ തുകയിൽ 6000 രൂപ ഗ്രാമപ്പഞ്ചായത്തിൽ നിന്നും തിരികെ വാങ്ങിയിട്ടില്ല.

പദ്ധതിയ്ക്കായി ഗുണഭോക്തൃവിഹിതം പിരിച്ചപ്പോൾ ഗുണഭോക്താക്കളുടെ പേരും, മേൽവിലാസവും രസീതിൽ രേഖപ്പെടുത്തിയിരുന്നില്ല. ആയതു കൊണ്ടു തന്നെ എത്ര തുക ആരിൽ നിന്നൊക്കെ പിരിച്ചെടുത്തു എന്ന വിവരം ലഭ്യമല്ല. പദ്ധതി പ്രവർത്തനങ്ങൾ അവസാനിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പഞ്ചായത്തിൽ അവശേഷിക്കുന്ന തുക ഗുണഭോക്താക്കൾ ആരും തിരികെ ആവശ്യപ്പെട്ടതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. പ്രോജക്ടുമായി ബന്ധപ്പെട്ട് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധന ഉണ്ടാകേണ്ടതും, തുക തിരികെ ആവശ്യപ്പെട്ട് ഗുണഭോക്താക്കൾ എത്താത്ത സാഹചര്യമാണെങ്കിൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-22 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് പമ്പ് സെറ്റിന് ആനുകൂല്യം നൽകി

പ്രോജക്ട് നം. - S0262/18

അടങ്കൽ - ₹200000

ചെലവ് - ₹103540

നിർവ്വഹണം - കൃഷി ഓഫീസർ

2017-18 വർഷം കൃഷി ഓഫീസർ നിർവ്വഹിച്ച കാർഷികാവശ്യത്തിന് പമ്പ് സെറ്റ് എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ പദ്ധതിയുടെ ആനുകൂല്യം ലഭിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കൾ പഞ്ചായത്ത് പ്രസിദ്ധികരിച്ച ഗുണഭോക്തൃ ലിസ്റ്റിലും, ഗ്രാമസഭാ ഗുണഭോക്തൃലിസ്റ്റിലും ഉൾപ്പെട്ടിട്ടില്ലെന്ന വ്യക്തമായി.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | വാർഡ് നമ്പർ | നൽകിയ സബ്സിഡി | ബിൽ നം., തീയതി |
|---|---|---|---|---|
| 1 | പൊന്നമ്മ, വാലു പറമ്പിൽ പുത്തൻവീട്, നെടുമൺകാവ് | 1 | 9000 | 22/18/31.3.18 |
| 2 | ഡോ. ജി.ആനന്ദൻ, വൈശാഖ്, ഉദയ ജംഗ്ഷൻ, കലഞ്ഞൂർ | 15 | 8400 | 22/18/31.3.18 |
| 3 | ബിനു ടി.പി., ബിനു ഭവൻ, ഇഞ്ചപ്പാറ, കൂടൽ | 20 | 5900 | 22/18/31.3.18 |
| 4 | തോമസ് ജോർജ് , പുതിയത്ത് വീട് | 20 | 5650 | 19/18/21.3.18 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ടി ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരാണെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുകയുണ്ടായില്ല. പ്രോജക്ടിന്റെ ആവശ്യകത നിർണ്ണയിക്കുന്നതിനോ അർഹരായ ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന കണ്ടെത്തുന്നതിനോ വർക്കിംഗ് ഗ്രൂപ്പിനോ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കോ സാധിച്ചിട്ടില്ല. ബഹു. കേരള ഹൈക്കോടതിയുടെ 04.04.1997-ലെ ഒ.പി.നം.18175/എൻ. നമ്പർ കേസിലെ വിധിന്യായത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാര സ്ഥാനം ഗ്രാമസഭകൾ ആണെന്നും ഗ്രാമപ്പഞ്ചായത്തുകൾക്ക് ആയതിന് അധികാരമില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകിയ ജി.ആനന്ദൻ (ക്രമ നം.2) കലഞ്ഞൂർ ജി.വി.എം ഹോസ്പിറ്റലിന്റെ ഉടമസ്ഥനും സേവനത്തിൽ നിന്നും വിരമിച്ച ആയുർവേദ മെഡിക്കൽ ഓഫീസറുമാണ്. കൃഷി മുഖ്യതൊഴിലായിട്ടുള്ള നാമമാത്ര ചെറുകിട കർഷകർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളതെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകേണ്ടത് ഗ്രാമസഭയാണ് എന്നതിനാൽ ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് ഗ്രാമസഭയുടെ സാധൂകരണം വാങ്ങേണ്ടതാണ്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിൻമേൽ അന്വേഷണം നടത്തുകയും ചെയ്തശേഷം ഗ്രാമപ്പഞ്ചായത്ത് തയ്യാറാക്കി നൽകുന്ന അതാത് ഗ്രാമസഭാ പ്രദേശത്തുള്ള അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകരെക്കൂടി ക്ഷണിച്ചുകൊണ്ടുള്ള യോഗത്തിൽ വച്ച് ഗ്രാമസഭ സൂക്ഷ്മപരിശോധന നടത്തേണ്ടതും, മുൻഗണനാ ക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപ്പഞ്ചായത്തിന്റെ അംഗീകാരത്തിന് അയക്കേണ്ടതുമാണ് എന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3എ(9) വ്യവസ്ഥ ചെയ്യുന്നു. ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ ഈ നടപടിക്രമം കൃത്യമായി പാലിക്കുന്നുണ്ടെന്നത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 3-23 ടെണ്ടർ ക്ഷണിക്കാതെ മൈക്ക് സെറ്റ് പ്രവർത്തിപ്പിക്കുന്നതിന് കരാർ നൽകി; പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെ ലംഘനം

2017-18 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഗ്രാമസഭാ യോഗങ്ങൾ നടത്തിയതിന് മൈക്ക് സെറ്റ് പ്രവർത്തിപ്പിച്ച ഇനത്തിൽ ബാബു സൗണ്ട്സ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിന് 20.04.2017-ലെ 21700090 നമ്പർ

വൗച്ചർ പ്രകാരം 40500 രൂപ നൽകിയിട്ടുണ്ട്. മൈക്ക് സെറ്റ് പ്രവർത്തിപ്പിക്കുന്നതിന് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കാതെയാണ് സ്ഥാപനത്തിന് കരാർ നൽകിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം 25000 രൂപയ്ക്ക് മുകളിലും, 100000 രൂപയിൽ താഴെയുമുള്ള സാധനങ്ങളോ സേവനങ്ങളോ വാങ്ങുന്നതിന് ലിമിറ്റഡ് ടെണ്ടർ രീതി അവലംബിക്കേണ്ടതാണ്. മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ ചെലവിൽ പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സാധ്യത ആരായാതെ ടി സ്ഥാപനത്തെ നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെ ലംഘനമാണ്. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-24 അനുമതിയില്ലാതെ മരങ്ങൾ മുറിച്ച് മാറ്റി

കലഞ്ഞൂർ പി.എച്ച്.സി. പരിസരത്ത് നിന്ന 2 വാകമരങ്ങൾ മുറിച്ച് മാറ്റിയ ഇനത്തിൽ 21700185/02.06.17 നമ്പർ വൗച്ചർ പ്രകാരം 8000 രൂപ ശ്രീ. സി.പി.തമ്പി എന്ന വ്യക്തിക്ക് പ്രതിഫലം നൽകിയിട്ടുണ്ട്. മെഡിക്കൽ ഓഫീസറുടെ 22.03.17-ലെ 476/17 നമ്പർ കത്തിൽ പി.എച്ച്.സി.-യുടെ മുൻവശത്ത് നിൽക്കുന്ന 2 കൂറ്റൻ ശിഖരങ്ങളോടുകൂടിയ വാകമരം മുറിച്ചു മാറ്റി അപകടാവസ്ഥ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മരങ്ങൾ മുറിച്ച് മാറ്റിയിട്ടുള്ളത്. 22.03.17-ൽ മെഡിക്കൽ ഓഫീസർ കത്ത് നൽകിയെങ്കിലും 30.05.17-ലാണ് പ്രവൃത്തി ഏറ്റെടുത്തയാൾ മരം മുറിച്ച് മാറ്റി പഞ്ചായത്തിൽ പ്രതിഫലത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. പൊതു സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് വനം വകുപ്പ് അധികൃതരുടെ അനുമതി ആവശ്യമാണ്. ഇന്നാൽ ഇപ്രകാരം ആവശ്യമായ അനുമതി തേടിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ മുറിച്ച് മാറ്റിയ തടിയുടെ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായും കാണുന്നില്ല. പഞ്ചായത്ത് വക സ്ഥലത്തുനിൽക്കുന്ന മരം മുറിച്ച് മാറ്റുന്നതിന് പഞ്ചായത്ത് കമ്മിറ്റി അനുമതി നൽകിയിട്ടുള്ളതായും മുറിച്ച് മാറ്റിയതിനുള്ള ചെലവ് കമ്മിറ്റി അംഗീകരിച്ചതിനും രേഖയില്ല. പൊതു സ്ഥലത്ത് നിന്ന മരങ്ങൾ അനുമതിയില്ലാതെ മുറിച്ച് മാറ്റിയത് സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തി ഉചിതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ മരം മുറിക്കുന്നതിന് ചെലവഴിച്ച 8000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-25 പഞ്ചായത്ത് ഓഫീസിന്റെ പൊളിച്ചുമാറ്റിയ മേൽക്കൂര ലേലം ചെയ്തില്ല

പഞ്ചായത്ത് ഓഫീസിന്റെ മുകളിൽ സ്ഥാപിച്ചിരുന്ന കമ്പിയിലും, ടിൻഷീറ്റിലും നിർമ്മിച്ചിരുന്ന മേൽക്കൂര 25.10.2017-ൽ ഉണ്ടായ ശക്തമായ മഴയിലും കാറ്റിലും നിലംപതിച്ചത് എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വെൽഡിംഗ് കട്ടർ ഉപയോഗിച്ച് നീക്കം ചെയ്ത ഇനത്തിൽ ശ്രീ. സജി, പാറയിൽ ക്രയിൻ സർവ്വീസ് എന്ന വ്യക്തിക്ക് 12000 രൂപ പ്രതിഫലം നൽകിയിട്ടുണ്ട് (വൗ.നം.21700577/27.10.17). ഇപ്രകാരം പൊളിച്ചു മാറ്റിയ ഉപയോഗ ശൂന്യമായ ഇരുമ്പ് സാധനങ്ങളുടെയും, ടിൻഷീറ്റിന്റെയും സർവ്വേ റിപ്പോർട്ട് എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ തയ്യാറാക്കി മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-26 ഡ്രൈവർക്ക് ദിവസവേതനത്തിനു പകരം കരാർ വേതനം നൽകി

പഞ്ചായത്ത് വക വാഹനത്തിന്റെ ഡ്രൈവറായി താല്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ശ്രീ പ്രമോദിന് 05/17 മുതൽ പ്രതിമാസം 18900 രൂപ നിരക്കിലാണ് വേതനം നൽകിവരുന്നത്. ഡ്രൈവർ തസ്തിക നിലവിലില്ലാത്ത പഞ്ചായത്തുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിക്കുന്നതിനാണ് വകുപ്പിന്റെ അനുമതിയുള്ളത്. ഇപ്രകാരം നിയമിക്കപ്പെടുന്ന ഡ്രൈവർമാർക്ക് മസ്റ്റർ റോൾ വെച്ച് അവർ ജോലി ചെയ്യുന്ന ദിവസങ്ങൾക്കാനുപാതികമായി ഒരു ദിവസത്തേക്ക് 685 രൂപ നിരിക്കിൽ പരമാവധി 18450 രൂപയാണ് പ്രതിമാസം നൽകാവുന്നത് [ജി.ഒ.(പി.)നം.56/2017/ധന., തീ.28.04.17]. എന്നാൽ ഇതിന് വിരുദ്ധമായി മസ്റ്റർ റോൾ സൂക്ഷിക്കാതെ 05/17 മുതൽ പ്രതിമാസം 18900 രൂപ നിരക്കിൽ വേതനം നൽകി.

| മാസം | നൽകിയ തുക (രൂ.) | അധികം നൽകിയത് (രൂ.) | വൗച്ചർ നം., തീ. |
|---|---|---|---|
| 5/17 | 18900 | 450 | 21700182, 01.06.17 |

| | | | |
|---|---|---|---|
| 6/17 | 18900 | 450 | 21700267, 03.07.17 |
| 7/17 | 18900 | 450 | 21700354, 02.08.17 |
| 8/17 | 18900 | 450 | 21700418, 26.08.17 |
| 9/17 | 18900 | 450 | 21700501, 04.10.17 |
| 10/17 | 18900 | 450 | 21700601, 01.11.17 |
| 11/17 | 18900 | 450 | 21700692, 01.12.17 |
| 12/17 | 18900 | 450 | 21700769, 01.01.18 |
| 1/18 | 18900 | 450 | 21700994, 01.02.18 |
| 2/18 | 18900 | 450 | 21701115, 03.03.18 |
| ആകെ | | 4500 | |

മസ്റ്റർ റോൾ സൂക്ഷിക്കാതെ ദിവസ വേതനം നൽകിയതിനും, അനുവദനീയമായതിൽ അധികമായി വേതനം നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/20.07.18) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തുടർന്നുള്ള വേതനത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 3-27 എഗ്രിമെന്റ് വയ്ക്കാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറി

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി-യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് തുക | ചെലവ് വിവരം |
|---|---|---|---|---|
| 1 | 23/18 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 399074 | 347/24.03.18 |
| 2 | 24/18 | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 2261337<br>199945 | 55/23.08.17<br>389/28.03.18 |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വൈദ്യുതി ബോർഡ്. വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിന് മുൻപ് പഞ്ചായത്ത് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ മുദ്രപത്രത്തിൽ കരാർ വയ്ക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടി പ്രോജക്ടുകളുടെ കാര്യത്തിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ കരാർ ചമയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. ടി തുകകൾ ഓൺലൈൻ ട്രാൻസ്ഫർ മുഖാന്തിരം കെ.എസ്.ഇ.ബി.-യുടെ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനുകളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരിക്കുകയാണ്. എന്നാൽ തുക ഒടുക്കിയിന്റെ UTR നമ്പർ വ്യക്തമാക്കി കൊണ്ട് കെ.എസ്.ഇ.ബി. അധികൃതർക്ക് കത്ത് നൽകുകയോ തുക സ്വീകരിച്ചതിന്റെ കൈപ്പറ്റ് രസീത് വാങ്ങി ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ടി പ്രവൃത്തികളുടെ കാര്യത്തിൽ കെ.എസ്.ഇ.ബി. ആവശ്യപ്പെട്ട തുക പൂർണ്ണമായും ഡെപ്പോസിറ്റ് ചെയ്തിട്ടില്ലെന്ന്

ഫയൽ പരിശോധിച്ചതിൽനിന്നും വ്യക്തമായിട്ടുണ്ട്. പ്രോജക്ടിൽ ലഭ്യമായ തുക മാത്രമാണ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ട് നം. | എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ തുക | ഡെപ്പോസിറ്റ് ചെയ്ത തുക | കുറവ് |
|---|---|---|---|---|
| 1 | 23/18 | 472248 | 399074 | 73174 |
| 2 | 24/18 | 2752287 | 2461282 | 291005 |

പ്രവൃത്തികളുടെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമായ തുക പ്രോജക്ടിൽ വകയിരുത്തി നൽകിയിട്ടില്ല. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൂർണ്ണമായും ഒടുക്കുവരുത്തുന്നതിന് തുടർന്ന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽനിന്നും വ്യക്തമായിട്ടില്ല. ടി പ്രോജക്ടുകളുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-28 ഹൈമാസ്റ്റ് ലൈറ്റ് - എ.എം.സി. പുതുക്കൽ - പദ്ധതി നിർവ്വഹണത്തിൽ അപാകത

പ്രോജക്ട് നം. - 281/18

ചെലവ് - ₹83999

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപ്പഞ്ചായത്തിലെ കലഞ്ഞൂർ, കൂടൽ ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ഹൈമാസ്റ്റ് ലൈറ്റുകളുടെ എ.എം.സി. എടുക്കുന്നതിനായി തനത് ഫണ്ടിൽനിന്നും 210000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് (പ്രോജക്ട് നം.281). 17.03.2018 മുതൽ 16.03.2019 വരെ കാലയളവിലേക്ക് കെൽട്രോണിന് 83999 രൂപയ്ക്കാണ് എ.എം.സി. കരാർ നൽകിയിരിക്കുന്നത് (വൗ.നം.2170119/17.03.2018). രണ്ട് ഹൈമാസ്റ്റ് ലൈറ്റുകളുടെ പരിപാലനത്തിനുള്ള കരാർ തുക നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. കൂടാതെ ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കാതെ ഇപ്രകാരമൊരു പ്രവൃത്തി കെൽട്രോണിനെ ഏൽപ്പിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്നും ഫയലിൽ വ്യക്തമാക്കിയിട്ടില്ല. 2.1 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന ഈ പദ്ധതി പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ച് ഓപ്പൺ ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കേണ്ടതായിരുന്നു. ആയതിന് വിരുദ്ധമായാണ് യാതൊരു മാനദണ്ഡവും പാലിക്കാതെ കെൽട്രോണിനെ കരാർ ഏൽപ്പിച്ചിട്ടുള്ളത്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കെൽട്രോണുമായി ഏർപ്പെട്ടിട്ടുള്ള കരാർ അപൂർണ്ണമാണെന്ന് കാണുന്നു. പഞ്ചായത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയല്ല എഗ്രിമെന്റ് ചമച്ചിട്ടുള്ളത്. കരാർ സ്ഥാപനം സേവനം നൽകുന്നതിൽ എന്തെങ്കിലും വീഴ്ചവരുത്തുന്ന സംഗതിയിൽ അതുകൊണ്ട് പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനുള്ള യാതൊരു വ്യവസ്ഥകളും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കെൽട്രോണിൽനിന്നും യഥാസമയം സേവനം ലഭിക്കാതെ മാസങ്ങളോളം ഹൈമാസ്റ്റ് ലൈറ്റുകൾ തെളിയാതെ കിടക്കുന്ന അവസ്ഥയാണുള്ളതെന്ന് ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ ബന്ധപ്പെട്ട വാർഡ് മെമ്പർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾ ഒഴിവാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-29 പഞ്ചായത്ത് ലൈബ്രറിയ്ക്ക് അലമാരയും, പുസ്തകങ്ങളും വാങ്ങൽ - പദ്ധതി നിർവ്വഹണത്തിൽ അപാകത

പ്രോജക്ട് നം. - 33/18

അടങ്കൽ - ₹100000

ചെലവ് - ₹39800

നിർവ്വഹണം - സെക്രട്ടറി

2017-18-ലെ വാർഷിക പദ്ധതിയുടെ ഭാഗമായ പഞ്ചായത്ത് ലൈബ്രറിയ്ക്ക് അലമാരയും, പുസ്തകങ്ങളും വാങ്ങുന്നതിനുള്ള പ്രോജക്ട് വിഭാവനം ചെയ്തിരുന്ന പ്രകാരം നടപ്പിലാക്കുന്നതിന് വീഴ്ചയുണ്ടായിട്ടുണ്ട്. പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും ഈ പദ്ധതിയ്ക്ക് 1 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും 39800 രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. അംഗീകരിച്ച പ്രോജക്ട് പ്രകാരം 40000 രൂപ അലമാര വാങ്ങുന്നതിനും, 60000 രൂപ പുസ്തകങ്ങൾ വാങ്ങുന്നതിനുമാണ് വകയിരുത്തിയിരുന്നത്. എന്നാൽ പ്രോജക്ടിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ച് പ്ലാസ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽനിന്നും 19900 രൂപ നിരക്കിൽ രണ്ട് അലമാര വാങ്ങുന്നതിന് 39800 രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. വാങ്ങിയ അലമാരകൾ സ്റ്റോക്കിൽ ചേർത്ത് ഇഷ്യു കാണിച്ചിട്ടുണ്ടെങ്കിലും ആയത് ആര് കൈപ്പറ്റിയെന്ന് രേഖപ്പെടുത്തിയിട്ടില്ല. പുസ്തകങ്ങൾ വാങ്ങുന്നതിന് വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല. 24.07.17-ൽ അംഗീകാരം ലഭിച്ച ഈ പ്രോജക്ട് വിഭാവനം ചെയ്ത പ്രകാരം നടപ്പിലാക്കി ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ഭാഗത്തുനിന്നും യാതൊരു നടപടിയും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. പ്രോജക്ട് യഥാവിധി നടപ്പിലാക്കാതെ പ്രോജക്ടിന് വകയിരുത്തിയ തുക ലാപ്സാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-30 ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിൽ മേൽനോട്ടമോ, നിയന്ത്രണമോ ഇല്ല

ഓഫീസ് വാഹന ഉപയോഗത്തിൽ നിയന്ത്രണമില്ല. ഓഫീസ് വാഹനത്തിന്റെ ഡീസൽ ചാർജ്ജ് വളരെ കൂടിവരുന്നതിനാൽ ടി ചെലവ് നിയന്ത്രിക്കണമെന്ന് 12.07.17-ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി [I(3)] പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്തിട്ടുള്ളതാണ്. എന്നാൽ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനും ഇന്ധന ചെലവ് കുറയ്ക്കുന്നതിനും ഫലപ്രദമായ നടപടികളൊന്നും അധികൃതർ കൈക്കൊണ്ടിട്ടില്ല. മാത്രവുമല്ല ഔദ്യോഗിക വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ [സ.ഉ.(എം.എസ്) നം.170/07/തസ്വഭവ, തീ. 30.06.2007] നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുമില്ല. ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് നടത്തേണ്ടതും ഇന്ധന ക്ഷമത സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തുന്നില്ല. അവസാനമായി ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല.

ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. കൂടാതെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള യാത്രകളുടെ വിവരങ്ങൾ കൺട്രോളിംഗ് ഓഫീസറായ സെക്രട്ടറി ഇനിഷ്യൽ ചെയ്ത് ആധികാരികമാക്കിയിട്ടില്ല. ലോഗ് ബുക്കിന്റെ പരിശോധനയിൽ വാഹനം ഓടുന്ന ദൂരം രേഖപ്പെടുത്തുന്നതിൽ കൃത്യതയില്ലെന്ന് കാണുന്നു. ഉദാഹരണമായി പഞ്ചായത്തിൽനിന്നും അടൂരിൽ പോയി വരുന്നതിന് 30 കിലോമീറ്റർ ദൂരം ഉള്ള സ്ഥാനത്ത് ലോഗ് ബുക്കിൽ അടൂർ യാത്രയ്ക്ക് 50 കിലോമീറ്ററാണ് രേഖപ്പെടുത്തുന്നത്. ലോഗ് ബുക്ക് പ്രകാരം 2017-18 വർഷം 69 അടൂർ യാത്രകളാണ് നടത്തിയിട്ടുള്ളത്. ഈ യാത്രകൾക്കെ ആകെ 2070 കി.മീറ്റർ ഓടിയപ്പോൾ 3450 കി.മീറ്റർ വാഹനം ഓടിയതായി കാണിച്ചാണ് ഇന്ധന ഉപഭോഗം ക്രമീകരിച്ചിരിക്കുന്നത്. ഡീസൽ ചെലവ് ഇനത്തിൽ ഉദ്ദേശ്യം 7000 രൂപ ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. മേൽവിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വാഹനത്തിന്റെ ദുരുപയോഗം നിയന്ത്രിച്ച് ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനും, അകാലത്തിൽ വാഹനത്തിന് അറ്റകുറ്റപ്പണികൾ വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് 30.06.17-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-31 കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിൽ അലംഭാവം

ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ത്രിതല പഞ്ചായത്തുകൾ സ്ഥാപിച്ചിട്ടുള്ള നിരവധി കുടിവെള്ള പദ്ധതികൾ ഗ്രാമപ്പഞ്ചായത്തിന്റെ അനാസ്ഥമൂലം നിർജ്ജീവമായി കിടക്കുന്നു. ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽപോലും ഈ കുടിവെള്ള പദ്ധതികളുടെ കൃത്യമായ വിവരങ്ങൾ ഇല്ല. ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള കുടിവെള്ള പദ്ധതികളുടെ എണ്ണവും അവയുടെ നിലവിലെ അവസ്ഥയും സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞുകൊണ്ട്

നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലമാണ് കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്ത്. വേനൽക്കാലത്ത് ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ഗണ്യമായ തുകയാണ് പഞ്ചായത്ത് ചെലവഴിക്കുന്നത്. പഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളോ, പൈപ്പ് ലൈനോ ഇല്ല. ഇക്കാരണത്താൽ ജനകീയാസൂത്രണ പദ്ധതിയിൽ നിർമ്മിച്ചിട്ടുള്ള ചെറുകിട പദ്ധതികൾ പ്രവർത്തനക്ഷമമാക്കി സംരക്ഷിക്കേണ്ടത് പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് അനിവാര്യമാണ്.

ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്താക്കളുടെ സമിതികൾ രൂപീകരിച്ച് രേഖാമൂലം ഏൽപ്പിച്ച് നൽകിയിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ട രേഖകളും, ഫയലുകളും പദ്ധതികൾ സ്ഥാപിച്ചിട്ടുള്ള ഭൂമി സംബന്ധിച്ച രേഖകളും ഇല്ല. പദ്ധതികളുടെ പരിപാലനം, ധനവിനിയോഗം, മോണിട്ടറിംഗ് എന്നിവ ചിട്ടപ്പെടുത്തിക്കൊണ്ട് ബൈലോ തയ്യാറാക്കി, ഗുണഭോക്തൃസമിതികൾ രജിസ്റ്റർ ചെയ്തിട്ടില്ല. ചുരുക്കത്തിൽ നിലവിലുള്ള പദ്ധതികളുടെ മേൽ പഞ്ചായത്തിന് യാതൊരു നിയന്ത്രണമോ, മേൽനോട്ടമോ ഇല്ലാത്ത അവസ്ഥയാണ്. പൊതു ഖജനാവിൽനിന്നും ലക്ഷങ്ങൾ മുടക്കി സ്ഥാപിച്ചിട്ടുള്ള പദ്ധതികളും, അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സൂക്ഷിക്കാതിരിക്കുന്നത് ഗ്രാമപ്പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്. പഞ്ചായത്തിന്റെ നാളിതുവരെയുള്ള വാർഷിക പദ്ധതിക്കണക്കുകൾ പരിശോധിച്ചതിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഗ്രാമപ്പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് സ്ഥാപിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സ്ഥാപിച്ച് ഗ്രാമപ്പഞ്ചായത്തിന് കൈമാറിയിട്ടുള്ള പദ്ധതികളുടെ വിവരം ഓഡിറ്റിന് ലഭ്യമായിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേര് |
|---|---|
| 1 | തട്ടാകുടി - കുടിവെള്ള പദ്ധതി |
| 2 | ഏനാദിപച്ച – ചരുവിളപ്പടി കുടിവെള്ള പദ്ധതി |
| 3 | കൈലാസകുന്ന് കോളനി കിഴക്കുഭാഗം കുടിവെള്ള പദ്ധതി |
| 4 | നെല്ലിമുരുപ്പ് കുടിവെള്ള പദ്ധതി |
| 5 | കടുത്ത കുടിവെള്ള പദ്ധതി |
| 6 | കൈലാസകുന്ന് കുടിവെള്ള പദ്ധതി |
| 7 | മരുതിക്കാല കുടിവെള്ള പദ്ധതി |
| 8 | പെരുന്താളൂർ കുടിവെള്ള പദ്ധതി |
| 9 | കാഞ്ഞിരമുകൾ കുടിവെള്ള പദ്ധതി |
| 10 | പാടം കുറുഞ്ഞി കുടിവെള്ള പദ്ധതി |
| 11 | മുള്ളൻ ചാൽ കോളനി കുടിവെള്ള പദ്ധതി |
| 12 | കുളത്തുമൺ അംബേദ്കർ കോളനി കുടിവെള്ള പദ്ധതി |
| 13 | അംബേദ്കർ കോളനി കുടിവെള്ള പദ്ധതി |
| 14 | IHDP കോളനി കുടിവെള്ള പദ്ധതി |
| 15 | പോത്തുപാറ കുടിവെള്ള പദ്ധതി |
| 16 | നെടുമൺകാവ് കോളനി കുടിവെള്ള പദ്ധതി |
| 17 | പടപ്പാറ കോളനി കുടിവെള്ള പദ്ധതി |
| 18 | പാറക്കൂട്ടം കോളനി കുടിവെള്ള പദ്ധതി |

| | |
|---|---|
| 19 | സ്റ്റേഡിയം IHDP കോളനി കുടിവെള്ള പദ്ധതി |
| 20 | നെടുമൺകാവ് കോളനി കുടിവെള്ള പദ്ധതി |
| 21 | തിടി കുടിവെള്ള പദ്ധതി |
| 22 | ഏനാദിപച്ച മരുതിക്കാല കുടിവെള്ള പദ്ധതി |
| 23 | മോതിരവയൽ കുടിവെള്ള പദ്ധതി |

ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള കുടിവെള്ള പദ്ധതികളുടെ കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. നിർജ്ജീവമായ കുടിവെള്ള പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിന് ബൈലോ തയ്യാറാക്കേണ്ടതും, രജിസ്റ്റർ ചെയ്ത ഗുണഭോക്തൃസമിതികളെ പദ്ധതികളുടെ നടത്തിപ്പ് എഗ്രിമെന്റ് വെച്ച് ഏൽപ്പിക്കേണ്ടതുമാണ്. ഒരു സ്ഥിരം സമിതി പഞ്ചായത്ത് കമ്മിറ്റിയുടെ കീഴിൽ രൂപീകരിച്ച് കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പും, സംരക്ഷണവും ഉറപ്പുവരുത്തുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-32 സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനം കാര്യക്ഷമമല്ല; കണക്കുകൾ സൂക്ഷിക്കുന്നില്ല

സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനത്തിനായി ഓഡിറ്റ് വർഷം 1165101 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ തരം, എണ്ണം അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് നമ്പർ ഉൾപ്പടെ വാർഡ് തിരിച്ച് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ഒരു പ്രധാന ആവർത്തന ചെലവ് എന്ന നിലയിൽ സ്ട്രീറ്റ് ലൈറ്റുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കാതിരിക്കുന്നത് ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്. സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനത്തിന് കാര്യക്ഷമമായ സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനത്തിന് പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനം ചിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്കുള്ള സ്പെയർ പാർട്ട്സുകളുടെ സ്റ്റോക്ക്, വിനിയോഗ വിവരങ്ങൾ കൃതമായി സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതിനാൽ സ്പെയർപാർട്ട്സ് വാങ്ങലുകൾ ആവശ്യാധിഷ്ഠിതമായാണോ നടത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കാനാവുന്നില്ല.

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവു വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ സ്പെയർ പാർട്സുകൾ വാങ്ങേണ്ടതുമാണ്. ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ ഇഷ്യൂ വിവരം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. തെരുവ് വിളക്കുകളുടെ പരിപാലനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമവും, സുതാര്യവുമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ ടി ഉത്തരവ് പഞ്ചായത്തിൽ നടപ്പിൽവരുത്തുന്നതിനാവശ്യമായ സത്വര നടപടികൾ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്.

## 3-33 ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും

വിദ്യാഭ്യാസ മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നില്ല. പഞ്ചായത്തിൽ 7 സർക്കാർ സ്കൂളുകളുണ്ട്. ഇവയിൽ ഒരു സ്കൂളിൽമാത്രമാണ് സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഓഡിറ്റ് വർഷം 11പ്രോജക്ടുകൾ സ്കൂളുകളുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ചെങ്കിലും 8 എണ്ണവും നടപ്പിലാക്കിയില്ല. സ്മാർട്ട് ക്ലാസ്സ് റൂമിന് 8 ലക്ഷം രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. സ്കൂൾ കെട്ടിടങ്ങൾ പഴക്കത്താൽ അനാകർഷകമായി തുടരുന്നു. ആധുനിക രീതിയിലുള്ള ഫർണിച്ചറുകൾ ഇല്ല. സ്കൂളുകളെ ഹൈടെക് ആക്കി പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനുള്ള വിഭവങ്ങൾ ലഭ്യമാണെങ്കിലും ആ നിലയ്ക്കുള്ള പരിപാടികളൊന്നും പഞ്ചായത്ത് ഏറ്റെടുക്കുന്നില്ല.

ആരോഗ്യ മേഖലയിൽ പഞ്ചായത്ത് നടപ്പിലാക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ തുക കൈമാറുന്നുണ്ടെങ്കിലും അവ യഥാസമയം ലഭ്യമാക്കുന്നില്ല. ഇക്കാരണത്താൽ മരാണാസന്നരായ കിടപ്പ് രോഗികൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിന് തടസ്സം നേരിടുന്നു. ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും, മോണിട്ടറിംഗിലും ജാഗ്രത പുലർത്താതിരുന്നതു മൂലം പദ്ധതി നിർവ്വഹണത്തിലുണ്ടായ വീഴ്ചകളും, അപാകതകളും തുടർന്നുള്ള ഖണ്ഡികകളിൽ പരാമർശിക്കുന്നു.

## 3-34 പാലിയേറ്റീവ് കെയർ - മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല

ഓഡിറ്റ് വർഷം വിവിധ പ്രോജക്ടുകളുടെ ഭാഗമായി മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, കേരള ഹോമിയോപ്പതിക് സർവ്വീസ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമായിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അടിയന്തിരമായി ആവശ്യമായ ഉപകരണങ്ങളും ഇതിൽ ഉൾപ്പെടുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് | തുക കൈപ്പറ്റിയ സ്ഥാപനം | ബിൽ നം./തീയതി | ലഭിക്കാനുള്ള മരുന്നുകളുടെ/ഉപകരണങ്ങളുടെ വില |
|---|---|---|---|---|---|---|
| 1. | ലാബ് റീ ഏജന്റ് വാങ്ങൽ 166/2018 | മെഡിക്കൽ ഓഫീസർ അലോപ്പതി | 39314 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 24/14.03.2018 | 6754 |
| 2. | പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്നു വാങ്ങൽ 164/2018 | മെഡിക്കൽ ഓഫീസർ അലോപ്പതി | 300000 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 9/21.10.2017 | 198140 |
| 3. | പാലിയേറ്റീവ് കെയർ 162/18 | മെഡിക്കൽ ഓഫീസർ അലോപ്പതി | 300000 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 15/23.12.2017 | 282303 |
| 4. | പാലിയേറ്റീവ് കെയർ (ഉപകരണങ്ങൾ വാങ്ങൽ) 162/18 | മെഡിക്കൽ ഓഫീസർ അലോപ്പതി | 88106 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 19/28.02.2018 | 88106 |
| 5. | ഹോമിയോ ഡിസ്പൻസറിക്ക് മരുന്നു വാങ്ങൽ 169/18 | മെഡിക്കൽ ഓഫീസർ ഹോമിയോ | 150000 | ഹോമിയോപ്പതിക് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 2/25.11.2017 | 58925 |
| | ആകെ | | | | | 634228 |

കിടപ്പു രോഗികൾക്കുള്ള മരുന്നുകളും ഉപകരണങ്ങളും സമയബന്ധിതമായി ലഭ്യമാക്കാത്തത് ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതും മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-35 മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ ഭക്ഷണ വിതരണ പരിപാടി നടപ്പിലാക്കി

കൂടൽ ഗവ.എൽ.പി.സ്കൂളിലെ പ്രധാനാദ്ധ്യാപകൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പഠന വീട് എന്ന പദ്ധതിയിൽ (പ്രോജക്ട് നമ്പർ 297/18) വിദ്യാർത്ഥികൾക്ക് ലഘു ഭക്ഷണം നൽകുന്നതിന് തനതു ഫണ്ടിൽ നിന്നും 49897രൂപ ചെലവഴിച്ചു (SBTRANSPAY 2725402 തീയതി 28.03.2018).

13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരവും സബ്സിഡി മാർഗ്ഗരേഖ പ്രകാരവും നിർദ്ദേശിച്ചിട്ടുള്ള ഭക്ഷണ വിതരണ പരിപാടികളിൽ ഇങ്ങനെയൊരു നിർദ്ദേശം ഉണ്ടായിട്ടില്ല. ഗ്രാമപ്പഞ്ചായത്തിലെ പാടം എന്ന പ്രദേശത്തെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥ അനുഭവിക്കുന്ന കുട്ടികൾക്ക് സ്ഥലത്തുള്ള ലക്ഷം വീട് കോളനിയിലെ തൊഴിലുറപ്പ് കേന്ദ്രത്തിൽ പഠന പരിപോഷണവും പരിഹാര ബോധനവും നൽകുന്നതിനോട് അനുബന്ധിച്ചാണ് ഇത്തരത്തിൽ ഭക്ഷണവിതരണം നടത്തിയതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/2017 തീയതി 20.07.2018) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്.

പദ്ധതി മാർഗ്ഗരേഖയിലോ സബ്സിഡി മാർഗ്ഗരേഖയിലോ പറഞ്ഞിട്ടില്ലാത്ത വിഷയങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങി മാത്രമേ പദ്ധതികൾ ആവിഷ്കരിക്കാൻ പാടുള്ളൂ. സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ പദ്ധതി നടപ്പിലാക്കുന്നത് ക്രമവിരുദ്ധവും നിരുത്തരവാദപരവുമായ നടപടിയാണ്. പദ്ധതി മോണിട്ടർ ചെയ്തിട്ടുമില്ല. പദ്ധതി ഫലപ്രദമാണെന്ന് 22.07.2018-ൽ പ്രസ്തുത വാർഡിലെ ജനപ്രതിനിധി എഴുതി നൽകിയ റിപ്പോർട്ട് ആണ് മോണിട്ടറിംഗ് റിപ്പോർട്ട് എന്ന പേരിൽ ഹാജരാക്കിയിട്ടുള്ളത്. വരും വർഷങ്ങളിൽ സർക്കാരിന്റെ അനുമതിയോടു കൂടി മാത്രമേ ഇത്തരം പദ്ധതികൾ ഏറ്റെടുക്കാൻ പാടുള്ളൂ. പദ്ധതി പ്രവർത്തനം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായി മോണിട്ടർ ചെയ്യേണ്ടതുമാണ്.

## 3-36 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും

ഓഡിറ്റ് വർഷം 6 അംഗങ്ങളുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 17 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യ ക്ഷേമം, പട്ടിക ജാതി വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളാണ് ഈ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്നത്. ദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ ഭാഗമായുള്ള ആശ്രയ പദ്ധതി സ്തംഭനാവസ്ഥയിലാണ്. സമൂഹത്തിലെ നിരാലംബരായ അഗതികളുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള ആശ്രയ പദ്ധതിയുടെ നിർവ്വഹണത്തിൽ തികഞ്ഞ അലംഭാവമാണ് ഉണ്ടായിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിന് ലഭിച്ച 45 ലക്ഷം രൂപ നിഷ്ക്രിയമായി അക്കൗണ്ടിൽ അവശേഷിക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായ പട്ടികജാതി, പട്ടികവർഗ്ഗം, സ്ത്രീകൾ കുട്ടികൾ എന്നിവർക്കുള്ള പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമവും ഫലപ്രദവുമല്ല. വനിതാ ഘടക പദ്ധതിയിൽ വകയിരുത്തിയ തുകകൾ വകമാറ്റിയാണ് ചെലവഴിച്ചിട്ടുള്ളത്. ബാലസഭാ, നിർഭയാ ജാഗ്രതാ സമിതി എന്നിവയുടെ നടത്തിപ്പിന് പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും നടപ്പായില്ല. എസ്.സി.പി. പദ്ധതികൾക്കായി 1.15 കോടി വകയിരുത്തിയെങ്കിലും 67.23 ലക്ഷം രൂപ (58%) മാത്രമാണ് ചെലവഴിച്ചത്. പട്ടികജാതി പ്രോജക്ടുകളുടെ നിർവ്വഹണം ഫണ്ട് വിനിയോഗം എന്നിവ മോണിട്ടർ ചെയ്യുന്നതിന് നിരീക്ഷണ സമിതി രൂപീകരിക്കണമെന്ന നിർദ്ദേശം പാലിക്കാത്തത് ഫണ്ട് വിനിയോഗത്തിലുണ്ടായ വീഴ്ചയ്ക്ക് കാരണമായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-37 മാതൃകാ അങ്കണവാടി നിർമ്മാണം - ഫണ്ട് ലഭ്യമായിട്ടും പദ്ധതി നടപ്പിലാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിലെ 18-ാം വാർഡിലെ 67-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 30.07.2015-ലെ സ.ഉ.(സാധാ.)നം.476/2015 സാ.നീ.വ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. സാമൂഹ്യ നീതി വകുപ്പ് ഫണ്ട് 1700000 രൂപയും എം.എൽ.എ ഫണ്ട് 675000 രൂപയും ഉൾപ്പെടെ ആകെ 2375000 രൂപയാണ് കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ചിട്ടുള്ളത്. കലഞ്ഞൂർ വില്ലേജിലെ 31-ാം ബ്ലോക്കിൽ റീ സർവ്വേ നമ്പർ 17-ൽപ്പെട്ട 10 സെന്റ് സ്ഥലത്ത് മാതൃകാ അങ്കണവാടി കെട്ടിടം പണിയുന്നതിന് 12.05.2015-ൽ കൂടിയ ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു [തീരുമാന നമ്പർ IV(4)]. കെട്ടിടം പണിയുടെ എസ്റ്റിമേറ്റ് തുക 5500000രൂപയായതിനാൽ 2375000 രൂപയിൽ അധികരിച്ച വരുന്ന തുക മൊത്തമായി വഹിക്കുന്നതിന് ഗ്രാമപ്പഞ്ചായത്തിന് സാധ്യമല്ലാത്തതിനാൽ ജില്ല/ബ്ലോക്ക് പഞ്ചായത്തുകളുടെ ഫണ്ട് ഉൾപ്പെടുത്തി ഒരു സംയുക്ത പ്രോജക്ടായി നടപ്പിലാക്കുന്നതിന് 30.03.2016-ൽ കൂടിയ ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു.

കലഞ്ഞൂർ വില്ലേജിൽ ബ്ലോക്ക് 31 റീസർവ്വേ 17നമ്പരിൽപ്പെട്ട തോട് പുറമ്പോക്കിൽ ഉൾപ്പെട്ട ഏകദേശം 10സെന്റ് സ്ഥലം 67-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണെന്ന് കലഞ്ഞൂർ വില്ലേജ് ഓഫീസർ 20.04.2015 ൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. നിലവിൽ 67-ാം നമ്പർ അങ്കണവാടി വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

മാതൃകാ അങ്കണവാടി നിർമ്മാണത്തിനായി പ്രോജക്റ്റ് ആസൂത്രണം ചെയ്യുകയോ ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും ഫണ്ട് ലഭ്യമാക്കി സംയുക്ത പ്രോജക്റ്റായി നടപ്പിലാക്കുന്നതിനോ ഉള്ള യാതൊരു ശ്രമവും അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമായി വർഷങ്ങൾ കഴിഞ്ഞിട്ടും തുടർ നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ഗൗരവ അർഹിക്കുന്ന വീഴ്ചയാണ്. ലഭ്യമായ ഫണ്ട് ലാപ്സാകാതെ മതിയായ ഫണ്ട് കണ്ടെത്തി അങ്കണവാടി നിർമ്മാണം നടത്തുന്നതിനുള്ള അടിയന്തിര ശ്രമങ്ങൾ നടത്തേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-38 ആശ്രയ പദ്ധതി സ്തംഭനാവസ്ഥയിൽ; 47.36 ലക്ഷം രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക സാമ്പത്തി പിന്നോക്കാവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്.)നം.71/2003/പ്ലാനിംഗ്/12.11.2003 നമ്പർ ഉത്തരവ് അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ.(എം.എസ്.)362/2013/ത.സ്വഭ.വ., തീ.16.11.2013 പ്രകാരം അയൽ കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങൾക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യ പരിരക്ഷ, പെൻഷൻ, വിദ്യാഭ്യാസം എന്നീ അതിജീവനാവശ്യങ്ങളും, കിടപ്പാടം, കുടിവെള്ളം, ശൗചാലയം എന്നീ അടിസ്ഥാന ആവശ്യങ്ങളും, തൊഴിൽ പരിശീലനം, വ്യക്തിത്വ വികസനം തുടങ്ങിയ വികസനാവശ്യങ്ങളും, സാമൂഹവുമായി ഇടപഴകുന്നതിന് ആത്മബലം നൽകുന്നതിനാവശ്യമായ കൗൺസലിംഗ് മറ്റ് പരിശീലനങ്ങൾ ഉൾപ്പടെയുള്ള പരിചരണ സേവനങ്ങൾ ഒരു പാക്കേജായി ലഭ്യമാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്.

ഗ്രാമപ്പഞ്ചായത്തിലെ ആശ്രയ പദ്ധതിയുടെ പുതുക്കിയ ആക്ഷൻ പ്ലാൻ പ്രകാരം ആകെ 113 പേർ ഗുണഭോക്താക്കളായുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി തൻവർഷം വികസന ഫണ്ടിൽനിന്നും 450000 ലക്ഷം രൂപ നൽകിയിട്ടുണ്ടെങ്കിലും തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല. തൻവർഷം കേവലം ഒരു പ്രാവശ്യം (16.07.2017-ൽ) ഭക്ഷണവിതരണം മാത്രമാണ് നടത്തിയിട്ടുള്ളത്. എല്ലാ വർഷവും വികസന ഫണ്ടിൽനിന്നും തുക വകയിരുത്തി നൽകുന്നുണ്ടെങ്കിലും അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം പദ്ധതി നടപ്പിലാക്കുന്നില്ല.

ഓഡിറ്റ് തീയതിയിൽ (27.07.2018) ആശ്രയ അക്കൗണ്ടിൽ 4736773 രൂപ അവശേഷിക്കുന്നു. ഭവന പുനരുദ്ധാരണത്തിനായി 2016-17 സാമ്പത്തിക വർഷം 225000 രൂപ ചെലവഴിച്ചതൊഴിച്ചാൽ പദ്ധതി ആരംഭിച്ച് നാളിതുവരെ മറ്റു പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല.

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിട്ടറിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിട്ടറിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ്. അംഗം, രണ്ട് സാമൂഹ്യ പ്രവർത്തകർ എന്നിവരായിരിക്കണം മോണിട്ടറിംഗ് സമിതി അംഗങ്ങൾ. മോണിട്ടറിംഗ് കാര്യക്ഷമമാക്കി പദ്ധതി പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-39 സാക്ഷരത; തനത് ഫണ്ടിൽനിന്നുള്ള 1.44 ലക്ഷം രൂപയുടെ ചെലവ് ക്രമീകരിച്ചില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും ഓണറേറിയം നൽകിയ ഇനത്തിൽ 143961 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. തനത് ഫണ്ടിൽനിന്നും തുടർ സാക്ഷരതാ പദ്ധതിയ്ക്ക് ചെലവഴിച്ച തുകയുടെ കണക്ക് ജില്ലാ മിഷന് നൽകി ഫണ്ട് ലഭ്യമാക്കി ചെലവ് ക്രമീകരിക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും

പ്രേരക്മാർക്ക് നൽകുന്ന ഓണറേറിയത്തിന്റെ വിവരം മുൻകൂർ രജിസ്റ്ററിൽ ചേർത്തിരുന്നില്ല. ആയതിനാൽ തനത് ഫണ്ടിൽനിന്നും ഈ ഇനത്തിൽ ചെലവഴിച്ച തുകയിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനത്തിൽനിന്നും ഓഡിറ്റിന് ലഭ്യമാക്കിയ കണക്കാണ് മേൽപ്പറഞ്ഞത്. ജില്ലാമിഷനിൽനിന്നും ഫണ്ട് ലഭ്യമാക്കി ചെലവ് ക്രമീകരിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 90000 | കല്ലുവെട്ടാംകുഴി പ്ലാന്റേഷൻ റോഡ് കോൺക്രീറ്റിംഗ് (180/18) | 90000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 190000 | നെല്ലിമുരുപ്പ് കോഴഞ്ചേരിപ്പടി മങ്കുഴി റോഡ് കോൺക്രീറ്റിംഗ് (181/18) | 190000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 196000 | ഉടയനടിപ്പാറ വഞ്ചിപ്പടി മണ്ണിൽ റോഡ് ഉദ്ധാരണം (191/18) | 0 | 196000 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ഇരുതോട് കാവിൽപ്പടി റോഡ് വാൾ (205/18) | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 90000 | മുള്ളൻചാൽ കോളനി കുടിവെള്ള പദ്ധതി മെയിന്റനൻസ് (306/18) | 0 | 90000 |
| ബ്ലോക്ക് പഞ്ചായത്ത് | 480000 | പടപ്പപാറ കുടിവെള്ള പദ്ധതി മെയിന്റനൻസ് (308/18) | 0 | 480000 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (265/18) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം (57/18) | 200000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (23/18) | 399074 | 0 | ഇല്ല | 399074 |
| കെ.എസ്.ഇ.ബി. | സട്രീറ്റ് ലൈൻ സ്ഥാപിക്കൽ (24/18) | 2461282 | 0 | ഇല്ല | 2461282 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

# 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

(i)

| ക്രമ നം. | 2017-18 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(എം.എസ്.) 207/2009 /തസ്വഭവ, 07.11.2009 | 7637500 | 495130 | 495130 | | 0 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷാരംഭത്തിലുണ്ടായ നിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തന്നാണ്ടിൽ പൻവലിച്ച തുക | വർഷാരംഭത്തിൽ അവശേഷിക്കുന്ന സ്ഥാര നിക്ഷേപം |
|---|---|---|---|---|
| 7087 (എൻഡോവ്മെന്റ്) | Nil | 7087 | 0 | 7087 |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 42309 രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2016-17 | ഓഡിറ്റ് എൻക്വയറി 10/17 | 19650 | മാനേജർ പിരമിഡ് ഗ്രാനൈറ്റ്സ് | 1170101012055/02.08.17 |
| 2016-17 | ഓഡിറ്റ് എൻക്വയറി 10/17 | 240 | ഡോ. ദീപു ദിവാകരൻ മാനേജർ, ആയുഷ് ഹെൽത്ത് കെയർ | 117010102099/04.08.17 |
| 2016-17 | ഓഡിറ്റ് എൻക്വയറി 10/17 | 240 | മാനേജർ, യൂണിയൻ ബാങ്ക്, കലഞ്ഞൂർ | 117010102133/07.08.17 |
| 2012-13 | ഖ: 2-6 | 180 | ശ്രീ. തോമസ് ഫലിപ്പ്, | 117010102179/08.08.17 |

| | | | | |
|---|---|---|---|---|
| 2015-16 | | | എസ്.ഐ., ക്രൈംബ്രാഞ്ച് | |
| 2012-13<br>2015-16 | ഖ: 2-6 | 180 | ശ്രീ അശോകൻ, എച്ച്.സി. പോലീസ് സ്റ്റേഷൻ, കൂടൽ | 117010102337/18.08.17 |
| 2012-13<br>2015-16 | ഖ: 2-6 | 180 | ശ്രീ സുഗതൻ, എച്ച്.സി., പോലീസ് സ്റ്റേഷൻ, കൂടൽ | 117010102353/19.08.17 |
| 2016-17 | കെ.എസ്.എ.പി.<br>റ്റി.എ./പെൻ 526/17 നമ്പർ കത്ത് | 20069 | ശ്രീമതി ഖദീജബീവി, എഫ്.റ്റി.എസ്., കലഞ്ഞൂർ ഗ്രാമപ്പഞ്ചായതത് | 117010102790/18.09.17 |
| 2016-17 | | 1250 | മാനേജർ, മാടക്കൽ ഹോളോബ്രിക്സ് | 117010103742/24.10.2017 |
| 2016-17 | ഖ: 3-1 | 320 | ശ്രീ പ്രകാശ്, ജൂനിയർ സൂപ്രണ്ട്, കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്ത് | 117010104016/31.10.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2016-17 | 2018 | 2-1 | തൊഴിൽ നികുതി സംബന്ധിച്ച് | ഉപാസന ആശുപത്രി, മാടക്കൽ ഹോളോബ്രിക്സ്, പിരമിഡ് ഗ്രാനൈറ്റ്സ് എന്നീ സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കിയിട്ടുണ്ട്. മറീന കൃഷ്ണ, യൂണിയൻ ബാങ്ക് എന്നീ സ്ഥാപനങ്ങളോട് നികുതി ഒടുക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി. |
| | | 2-2 | വസ്തു നികുതി സംബന്ധിച്ച് | ഖണ്ഡികയിൽ പരാമർശിക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകിയിട്ടില്ല. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ നമ്പർ മാത്രമാണ് നൽകിയിട്ടുള്ളത്. നിലവിൽ 2016-17, 2017-18 വരെ നികുതി ഒടുക്കിയിട്ടുണ്ട്. മൂന്നിരട്ടി ഫീസ് ഈടാക്കിയിട്ടില്ല. |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം പ്രകാരം ഗ്രാമപ്പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമപ്പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക്ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | പി.എച്ച്.സി, കലഞ്ഞൂർ | | 2017-18 വർഷത്തെ അക്കൗണ്ട്സ് സമർപ്പിച്ചിട്ടില്ല | | | | |
| 2 | ഗവ.ആയുർവ്വേദ ഡിസ്പെൻസറി, വകയാർ | | 2017-18 വർഷത്തെ അക്കൗണ്ട്സ് സമർപ്പിച്ചിട്ടില്ല | | | | |
| 3 | ഗവ.ഹോമിയോ ആശുപത്രി, വെള്ളപ്പാറ | | 2017-18 വർഷത്തെ അക്കൗണ്ട്സ് സമർപ്പിച്ചിട്ടില്ല | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 102826253 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89102490 |
| വരവിനങ്ങളിലുള്ള നഷ്ടം | നിജപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ | 284588 |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6151758 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-4 | | 78446 | ശ്രീ.എ.രാജേശ്വരൻ പിള്ള, സെക്രട്ടറി |
| 3-5 | | 206142 | ₹103071 - ശ്രീ.എ.രാജേശ്വരൻ പിള്ള, സെക്രട്ടറി |
| | | | ₹103071 – ശ്രീമതി സീമ പി., സീനിയർ ക്ലാർക്ക് |
| ആകെ | | 284588 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 626014 | ശ്രീ.എ.രാജേശ്വരൻ പിള്ള, സെക്രട്ടറി |
| 3-5 | 730711 | ശ്രീ.എ.രാജേശ്വരൻ പിള്ള, സെക്രട്ടറി |
| 3-6 | 982085 | ശ്രീ.എ.രാജേശ്വരൻ പിള്ള, സെക്രട്ടറി |
| 3-8 | 250000 | ശ്രീമതി സിന്ധു കെ.എസ്, കൃഷി ഓഫീസർ<br><br>ശ്രീമതി റീന രവീന്ദ്രൻ, കൃഷി ഓഫീസർ |
| 3-13 | 255738 | ശ്രീമതി സൂസൻ ജേക്കബ്, അസിസ്റ്റന്റ് എൻജിനീയർ |
| 3-14 | 196343 | ശ്രീ. സാംകുട്ടി പി.ഒ., അസിസ്റ്റന്റ് എൻജിനീയർ |
| 3-15 | 3102867 | ശ്രീ. സാംകുട്ടി പി.ഒ., അസിസ്റ്റന്റ് എൻജിനീയർ |
| 3-24 | 8000 | ശ്രീ.എസ്. എസ്.രാജേഷ്, സെക്രട്ടറി |
| ആകെ | 6151758 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 140030 | ശ്രീ.എ.രാജേശ്വരൻ പിള്ള, സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ.3-6, 3-8

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.എ.രാജേശ്വരൻ പിള്ള, സെക്രട്ടറി | സേവനത്തിൽ നിന്നും വിരമിച്ച | രാജ്നിവാസ് , മാത്ര (പി.ഒ), പുനലൂർ,<br>കൊല്ലം |
| ശ്രീ എസ്.എസ്. രാജേഷ് | | കുന്നിക്കോട് വീട്, ആലിയാട് പി.ഒ.,<br>വെഞ്ഞാറമ്മൂട്. |
| ശ്രീമതി സിന്ധു കെ.എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കലഞ്ഞൂർ | കൃഷ്ണകൃപ, കരായളർമെത്ത്,<br>ആര്യങ്കാവ് |
| ശ്രീമതി റീന രവീന്ദ്രൻ,<br>കൃഷി ഓഫീസർ | | സൗഗന്ധികം, അമ്പലത്തുംഭാഗം,<br>പോരുവഴി, കൊല്ലം ജില്ല. |
| ശ്രീമതി സൂസൻ ജേക്കബ്, അസിസ്റ്റന്റ് എൻജിനീയർ | അസി.എഞ്ചിനീയർ,<br>ചെറുകോൽ ഗ്രാമപ്പഞ്ചായത്ത് | തെക്കേടത്ത് സൺഡയൽ<br>പുഷ്പഗിരിയിൽ, വടക്കടത്ത്കാവ് പി.ഒ.<br>അടൂർ |
| ശ്രീ സാംകുട്ടി, അസി.എഞ്ചിനീയർ | | അകമുറ്റത്ത് ഹൗസ്,<br>പത്തനാപുരം. |
| ശ്രീമതി സീമ പി.<br>സീനിയർ ക്ലാർക്ക് | | നാൻസി,<br>ചെളിക്കുഴി പി.ഒ.,<br>കൊല്ലം ജില്ല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ ഓഫീസിൽനിന്ന് ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി 3/851/2000 തീയതി 05-11-2001 | |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി2/173/2003 തീയതി 31-05-2003 | |
| 2001-02 (ജ.ആ.) | എൽ.എഫ്.പി.റ്റി.എ-പി2/442/2004 തീയതി 06-10-2004 | 7 |

| | | |
|---|---|---|
| 2001—02 | എൽ.എഫ്.പി.റ്റി.എ-പി.2/537/2005 തീയതി 15-10-2005 | 3 |
| 1999-2000 | എൽ.എഫ്.പി.റ്റി.എ-പി.10/1139/2007 തീയതി 31-01-2009 | 4 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി10/1141/2007 തീയതി 28-02-2009 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി4/1138/2007 തീയതി 29-09-2008 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി10/72/2010. തീയതി 04-05-2010 | 9 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി9/836/2011. തീയതി.06.12.2011 | 5 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.9/873/2011 തീയതി 30-12-2011 | 11 |
| 2007-08മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി10/1108/2012 തീയതി 06-04-2013 | 6 |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി.10/667/2014 തീയതി 11-12-2014 | 5 |
| 2013-14 & 2014-15 | കെ.എസ്.എ.പി.റ്റി.എ.പി-10-719/2015 തീയതി 06.08.2015 | 14 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി-10-1384/2016 തീയതി 04.01.2016 | |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി-10-825/2017 തീയതി 28.07.2017 | 24 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി10/1143/2018 തീയ്യതി: 10.08.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# Annexure-1

# AUDIT CERTIFICATE

No.K.S.A.PTA.P101143/2018 Dated: 10.08.2018

Certified that I have examined the Annual Financial Statement of Kalanjoor Grama Panchayat in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kalanjoor Gramma Panchayat for the year 2017-18 except the obeservations in my report properly presents the picture of income and expenditure.

HABEEB MUHAMMED
Deputy Director
Kerala State Audit Department
Pathanamthitta